# ഇന്ത്യൻ
# നാളികേര ജേണൽ

പുസ്തകം 3 ലക്കം 9
2012 സെപ്തംബർ കൊച്ചി - 11



**ഉപദേശകസമിതി**

**ചെയർമാൻ**
ടി.കെ. ജോസ് ഐ.എ.എസ്.

**അംഗങ്ങൾ**
കെ.ആർ. വിശ്വംഭരൻ ഐ.എ.എസ്.
ഡോ. ജോർജ്ജ് വി. തോമസ്
ഡോ. ജി. സുരേന്ദ്രൻ

**പത്രാധിപസമിതി**
ഡോ. കെ. മുരളീധരൻ
കെ.ആർ. കുട്ടിക്കൃഷ്ണൻ
ഡോ. എസ്. അനിൽകുമാർ

**ചീഫ് എഡിറ്റർ**
സുഗത ഘോഷ്

**എഡിറ്റർ**
ഡോ. രമണി ഗോപാലകൃഷ്ണൻ

**എക്സിക്യൂട്ടീവ് എഡിറ്റർ**
ഡോ. കെ. മുരളീധരൻ

**കൺസൾട്ടന്റ് എഡിറ്റർ**
പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**
മിനി മാത്യു

**സബ് എഡിറ്റർ**
ബീന എസ്.




**നാളികേര വികസന ബോർഡ്**
(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.
ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

**വരിസംഖ്യ**

| | |
|---|---|
| പ്രതിവർഷം | 40 രൂപ |
| ഒറ്റപ്രതി | 4 രൂപ |



തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയ ക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.

മുഖ്യ വിഷയം

## നാളികേര കയറ്റുമതിരംഗം പുതിയ ഉയരങ്ങൾ താണ്ടുന്നു

## ഉള്ളടക്കം


നാളികേരോൽപന്ന കയറ്റുമതിയിൽ കുതിച്ചുചാട്ടം ...... 4
*കെ. എസ്. സെബാസ്റ്റ്യൻ, കെ. മുരളീധരൻ*

പ്രധാന നാളികേരോൽപന്നങ്ങളുടെ കയറ്റുമതി ആഗോളതലത്തിൽ ...... 8

നാടിന് അഭിമാനമായി നാളികേരോൽപന്ന കയറ്റുമതി ...... 11

അമേരിക്കൻ വിപണികളിൽ വർദ്ധിച്ചുവരുന്ന കേരോൽപന്ന സാന്നിദ്ധ്യം ...... 14
*പി. രത്തിനം*

വളരാൻ മനസ്സുണ്ടെങ്കിൽ, പിന്തുടരാം ഈ മാതൃക ...... 16
*ദിപ്തി നായർ*

ഭക്ഷ്യഎണ്ണ ഇറക്കുമതിയുടെ നേർചിത്രം ...... 17
*കെ.എസ്. സെബാസ്റ്റ്യൻ*

കേര ചരിത്രത്തിലെ സുവർണ്ണ ഏട് ...... 19
*ആർ ഹേലി*

നിങ്ങൾക്കും ആകാം എക്സ്പോർട്ടർ ...... 20
*കെ.എസ്. സെബാസ്റ്റ്യൻ*

ഒന്നു നമിച്ചോട്ടെ, ഈ ദീർഘവീക്ഷണത്തെ! ...... 22
*രമണി ഗോപാലകൃഷ്ണൻ, ബി. ചിന്നരാജ്*

കേരലോകം മുഴുവൻ അറബിക്കടലിന്റെ റാണിക്ക് അഭിമുഖമായി ...... 25
*ജോസഫ് ആലപ്പാട്ട്*

ബിസിനസ്സ് അവസരങ്ങൾ ...... 26

ചെമ്പൻ ചെല്ലി തെങ്ങിന്റെ അന്തകൻ ...... 30
*കെ. സുബാഹരൻ, രവീന്ദ്രൻ പാട്ടാളി*

ഒക്ടോബർ : കേരകർഷകർഎന്തു ചെയ്യണം ? ...... 33

കുരുത്തോല പന്തൽ ...... 35

വാർത്തകൾ ...... 39

കമ്പോളാവലോകനം ...... 55

# നാളികേരത്തിന്റെ മൂല്യവർദ്ധനവും കയറ്റുമതിയും കർഷക കൂട്ടായ്മകളിലൂടെ

പ്രിയപ്പെട്ട കേര കർഷകരെ,

നാളികേര കയറ്റുമതി രംഗത്തെപ്പറ്റി ചർച്ച ചെയ്യുമ്പോഴും വിലയിടിവിനെക്കുറിച്ചും, നാളികേര കൃഷിയുടെ ഭാവിയെക്കുറിച്ചും സ്പർശിക്കാതെ പോകാനാവില്ല. തെങ്ങ് – വെളിച്ചെണ്ണമരം അഥവാ കൊപ്രാമരം എന്ന കാഴ്ചപ്പാട് അതിവേഗം മാറ്റിയെടുക്കണം. ആഭ്യന്തര വിപണിയിലെ വെളിച്ചെണ്ണയുടെയും കൊപ്രയുടെയും മിച്ചം (സർപ്ലസ്) ആണ് വിലയിടിവിന്റെ കാരണമെന്ന് മാധ്യമങ്ങൾ എഴുതുന്നു. വിലയിടിവിന്റെ കാണാച്ചരടുകൾ-മറ്റു ഭക്ഷ്യഎണ്ണകളുടെ ആഭ്യന്തര ഉത്പാദനം, ഉപയോഗം, ഇറക്കുമതി, കാലവർഷം, സ്റ്റോക്ക് എന്നിവയുടെ അറിയാത്ത, പരസ്യപ്പെടുത്താത്ത കഥകളിലേക്കും കണക്കുകളിലേക്കും ശ്രദ്ധിക്കേണ്ടതുണ്ട്.

കയറ്റുമതി – ഇറക്കുമതി മേഖലയിൽ, വെളിച്ചെണ്ണ, കൊപ്ര, പിണ്ണാക്ക്, നാളികേരം എന്നിവയ്ക്ക് പുറമെ ഏതെല്ലാം ഉൽപന്നങ്ങൾ എത്രമാത്രം ഇന്ത്യയിൽ നിന്നും പോവുന്നു? എവിടേക്കു പോവുന്നു? മറ്റ് നാളികേരോത്പാദക രാജ്യങ്ങളുടെ കയറ്റുമതി, ഇറക്കുമതി ചിത്രം എന്താണ്? ഇത്തരം ഇന്നവേറ്റീവ് പ്രോഡക്റ്റുകൾ ഇന്ത്യയിലേക്ക് ഏതെല്ലാം, എത്രമാത്രം, വരുന്നു? ഇവ എന്തുകൊണ്ടാണ് ഇന്ത്യയിലുണ്ടാവാത്തത്? ഇത്തരം നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാൽ മാത്രമേ നമ്മുടെ കേരകൃഷിയേയും കർഷകരെയും വിലയിടിവിന്റെ ആഘാതത്തിൽ നിന്നും സംരക്ഷിക്കാനാവൂ. അതിനാൽതന്നെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോടൊപ്പം കർഷകരും ഇത്തരം കാര്യങ്ങളെക്കുറിച്ച് വ്യക്തമായി ബോധവാൻമാരാകേണ്ടതുണ്ട്. തുടർച്ചയായ അന്വേഷണ പഠനങ്ങൾ കൊണ്ടു മാത്രമേ ഇക്കാര്യത്തിൽ നമുക്ക് വ്യക്തമായ ചിത്രം ലഭിക്കൂ.

ചെറുകിട, നാമമാത്ര കർഷകർക്ക് തനിയെ ഇത്തരം കാര്യങ്ങളിൽ ഇടപെടാനാവില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടാണ് കേരകർഷക കൂട്ടായ്മകൾ വളർത്തിയെടുക്കുന്നതിന് ബോർഡ് ഊർജ്ജിതമായ പരിശ്രമം തുടങ്ങിയത്. ഉത്പാദക സംഘങ്ങൾ 2013 മാർച്ച് 31ന് 3000 എണ്ണം ആവണമെന്നതാണ് ലക്ഷ്യം. ഇപ്പോൾ തന്നെ 1600–ലേറെ സിപിഎസുകൾ രൂപീകരിച്ചു കഴിഞ്ഞു. അടുത്ത പടിയായി ഇതുവരെ രൂപീകൃതമായ സിപിഎസുകളുടെ ഫെഡറേഷനുകളിലേക്കുള്ള മുന്നേറ്റം വേഗത്തിലാവേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും 120–150 ഫെഡറേഷനുകളും കേരളത്തിലുണ്ടാവേണ്ടതുണ്ട്. ഈ ലക്കം മാസിക നിങ്ങളുടെ കൈകളിലെത്തുമ്പോഴേക്കും, ആദ്യത്തെ 30 ഫെഡറേഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടാവും എന്നു പ്രതീക്ഷിക്കുന്നു. ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുകയാണ്.

സിപിഎസുകൾ രൂപീകരിക്കുന്നതിൽ ആരംഭകാലത്തുണ്ടായിരുന്ന താല്പര്യക്കുറവ് ഇന്ന് പല ജില്ലകളിലും മാറിക്കഴിഞ്ഞിരിക്കുന്നു. നാളികേരത്തിന്റെ വിലത്തകർച്ചയും, ഉത്പാദനോപാധികളിലുണ്ടായിക്കൊണ്ടിരിക്കുന്ന അടിക്കടിയുള്ള വിലവർദ്ധനവും, കർഷക കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും അവ ശക്തിപ്പെടുത്തുന്നതിനുമുള്ള ശക്തമായ പ്രേരക ശക്തിയാവേണ്ടതല്ലേ? ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ നിറഞ്ഞ കാലഘട്ടത്തിൽ നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ആരാണ് കേര കർഷകരെ രക്ഷിക്കാനെത്തുക? ആലസ്യത്തിൽ നിന്നും സടകുടഞ്ഞെഴുന്നേൽക്കുന്നില്ലെങ്കിൽ ഇത്തരത്തിലുള്ള അപകടകരമായ സാഹചര്യം മെച്ചപ്പെടുത്താൻ നമുക്കെങ്ങനെയാണ് കഴിയുക. താങ്ങുവിലയ്ക്കുള്ള സംഭരണത്തിലേർപ്പെട്ടിരിക്കുന്ന സിപിഎസുകൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കൂട്ടായ്മകളിലൂടെ ഇത്തരം പ്രശ്നങ്ങൾ പരസ്പരം അറിയിച്ച്, ആശയവിനിമയം നടത്തി, ഒത്തൊരുമയോടെ നിന്നെങ്കിൽ മാത്രമെ, ആകെയുള്ള കച്ചിത്തുരുമ്പായ സംഭരണമെങ്കിലും സുഗമമായി നടത്താനാവൂ.

വടക്കൻ കേരളത്തിലെ ഒരു ജില്ലയിൽ നാഫെഡിന്റെ ഒരു ക്ലർക്ക്, മറ്റൊരു കൊപ്രസംഭരണ സ്ഥാപനത്തിന്റെ വാഹനത്തിൽ, സിപിഎസ്സിലെത്തി നാളികേരം നൽകിയ കർഷകർക്ക് കൊടുക്കാനായി എഴുതി വച്ചിരുന്ന ചെക്കുകൾ പിടിച്ചെടുത്തു കൊണ്ടുപോവുന്നു! ബാങ്ക് അക്കൗണ്ടില്ലാതിരുന്ന ഏതാനും കർഷകർക്ക് പണമായി നാളികേരത്തിന്റെ വില നൽകിയതിനെ ക്രിമിനൽ കുറ്റമായി അവതരിപ്പിച്ച് അറസ്റ്റു ചെയ്യുമെന്നു ഭീഷണിപ്പെടുത്തി, നാലു ലക്ഷം രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, സിപിഎസ് പ്രസിഡന്റിന്റെ വ്യക്തിഗത ഉത്തരവാദിത്വമാക്കി മാറ്റി, വാങ്ങിയെടുത്തുകൊണ്ടുപോവുന്നു. സിപിഎസ് പ്രസിഡന്റ് മകളുടെ വിവാഹത്തിനുവേണ്ടി, വസ്തു വിറ്റ് സഹകരണ ബാങ്കിൽ സൂക്ഷിച്ചിരുന്ന പണം നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും സംഭരണവിലയും വിപണിവിലയും തമ്മിലുള്ള അന്തരം, അദ്ദേഹത്തിന്റെ വ്യക്തിപരമായ ബാധ്യതയാക്കിമാറ്റി എടുത്തുകൊണ്ടുപോവുന്നു. ഇതെല്ലാം നടക്കുന്നത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലും സാമൂഹ്യബോധത്തിലും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ തന്നെയുമാണ്. നമ്മുടെ സിപിഎസുകൾ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ, പരസ്പരം ബന്ധപ്പെടുകയോ, ആശയവിനിമയം നടത്തുകയോ ജില്ലയുടെ ചാർജ്ജ് ഓഫീസറുമായോ, നാളികേര വികസന ബോർഡുമായോ ബന്ധപ്പെടുകയോ ചെയ്തിരുന്നെങ്കിൽ ഇത്തരമൊരു അത്യാഹിതം സംഭവിക്കുമായിരുന്നോ? സമാനമായ സാഹചര്യം എറണാകുളം ജില്ലയിലെ സിപിഎസിലുണ്ടായപ്പോൾ, പരസ്പരം ബന്ധപ്പെടുകയും ബോർഡുമായി ബന്ധപ്പെടുകയും ചെയ്തതിനാൽ സിപിഎസിന്റെ ഭാഗത്തു നിന്നുണ്ടായ ലഘുവായ തെറ്റ് തിരുത്താൻ നാഫെഡ് സമയം നൽകുകയുണ്ടായി. നാഫെഡ് പോലുള്ള ഒരു ദേശീയ സഹകരണ ഫെഡറേഷന്റെ ഏറ്റവും താഴത്തെ തട്ടിലുള്ള സാക്ഷരനായ ഒരു ജീവനക്കാരൻ കർഷകന്റെ മുമ്പിൽ 'രാക്ഷസനായി' അവതരിക്കുമ്പോൾ സാധാരണക്കാരനായ നാമമാത്രകർഷകൻ, സിപിഎസുകളുണ്ടായിട്ടുകൂടി, ഭയന്നു പോവുന്നെങ്കിൽ, നമ്മുടെ കൂട്ടായ്മകളുടെ ശക്തിയും ബലവും സംഖ്യയും ഇനിയും എത്ര കണ്ട് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

സിപിഎസുകൾ ആദ്യമായിട്ടാണ് കൊപ്ര സംഭരണത്തിലേക്കിറങ്ങിയത്. സ്വാഭാവികമായും സംശയങ്ങളും ആശങ്കകളും അവർക്കുണ്ടാവും. യഥാസമയം അതു പരിഹരിക്കുന്നതിന്, അതാതു ജില്ലകളിലെ ചാർജ്ജ് ഓഫീസർമാരുമായി നിരന്തരം ബന്ധപ്പെടുകയും എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ അപ്പോൾ തന്നെ ടെലഫോൺ വഴിയെങ്കിലും ബന്ധപ്പെട്ട് പ്രശ്ന പരിഹാരത്തിന് നമുക്ക് കൂട്ടായി ശ്രമിക്കുകയും വേണം. അംഗങ്ങളായ കർഷകരിൽ നിന്നും മാത്രമെ തേങ്ങ വാങ്ങി കൊപ്രയാക്കാൻ പാടുള്ളൂ. വാങ്ങുന്ന തേങ്ങയുടെ എണ്ണവും കർഷകന്റെ പേരും, അഡ്രസ്സും, തീയതിയും ഒരു രജിസ്റ്ററിൽ ലളിതമായി എഴുതി സൂക്ഷിക്കുക. എല്ലാ അംഗങ്ങൾക്കും നല്കുന്ന പണം ചെക്കായി മാത്രം നല്കുക; ഗുണമേന്മയുള്ള കൊപ്ര മാത്രം സംഭരണ ഏജൻസിയിൽ എത്തിക്കുക. ഈ നാലു കാര്യങ്ങൾ പാലിക്കുന്ന ഏതു സിപിഎസിനും കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട്, എന്തെങ്കിലും പ്രശ്നങ്ങൾ സംഭരണ ഏജൻസിയുടെ ജീവനക്കാരിൽ നിന്നോ, നാഫെഡിന്റെ ഉദ്യോഗസ്ഥരിൽ നിന്നോ, നാഫെഡിന്റെ ഗുണമേന്മ പരിശോധകരിൽ നിന്നോ ഉണ്ടായാൽ, തീർച്ചയായും അവ പരിഹരിക്കുന്നതിന് ബോർഡ് നിങ്ങളോടൊപ്പമുണ്ട്. യാതൊരു കാരണവശാലും പ്രലോഭനങ്ങളിൽ വീഴുകയോ, തെറ്റു തിരുത്തുന്നതിന് കോഴ ആവശ്യപ്പെടുന്നവർക്ക്

അതു നല്കുകയോ ചെയ്യരുത്. അത്തരം ആവശ്യങ്ങളുണ്ടായാൽ ആ വിവരം ഉടനടി ബോർഡിനെ വ്യക്തമായി അറിയിക്കുക. തീർച്ചയായും വേണ്ട നടപടികൾക്കായി നിങ്ങളോടൊപ്പം ബോർഡുണ്ട്. പക്ഷേ യാതൊരു കാരണവശാലും മേൽ സൂചിപ്പിച്ച നാലു നിബന്ധനകളിൽ വെള്ളം ചേർക്കാൻ പാടില്ല.

ചെറിയ കൂട്ടായ്മകളാണ് സിപിഎസുകൾ. 15 മുതൽ 25 വരെയുള്ള സിപിഎസുകളുടെ ഫെഡറേഷനുകൾ കൂടുതൽ വലിയ കൂട്ടായ്മയാണ്. തെറ്റിനെയും അഴിമതിയെയും കൂറെക്കൂടി ശക്തമായി നേരിടാനും സിപിഎസുകളുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കാനും ഫെഡറേഷനുകൾക്കാവും. അതിനാലാണ് സിപിഎസുകളുടെ ഭാരവാഹികൾക്ക് കൃത്യമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. സ്വാഭിമാനത്തോടെ തന്റെ തൊഴിൽ ചെയ്യുന്നതിനും, ന്യായമായ അവകാശങ്ങൾക്കുവേണ്ടി തലയുയർത്തി നിന്നുകൊണ്ട് പ്രവർത്തിക്കാനും തങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനു വേണ്ട അറിവും അവബോധവും ആത്മവിശ്വാസവും നൽകുന്നതിനും, സിപിഎസ്കളിൽ നിന്ന് വലിയ കൂട്ടായ്മയായ ഫെഡറേഷനുകളിലേക്ക് എങ്ങനെയാണ് മുന്നോട്ട് പോവേണ്ടത് എന്ന് മനസ്സിലാക്കുന്നതിനും, ശക്തമായ ടീംവർക്ക് നടത്തുന്നതിനും പരിശീലനം ആവശ്യമാണ്. മുൻപ് സൂചിപ്പിച്ച കൊപ്ര സംഭരണത്തിൽ ചെറിയ പിശകു സംഭവിച്ച രണ്ട് സിപിഎസുകളുടെയും പശ്ചാത്തലം പരിശോധിച്ചു. ആദ്യത്തെ സിപിഎസ് പ്രസിഡന്റിന് പരിശീലനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. രണ്ടാമത്തെ സിപിഎസിന്റെ മുഴുവൻ ഭാരവാഹികൾക്കും മൂന്നു ദിവസം നീണ്ടു നിന്ന പരിശീലനം ലഭിച്ചവരായിരുന്നു! പരിശീലനത്തിനവസരം നൽകുമ്പോൾ പലപ്പോഴും നിസ്സാര പ്രശ്നങ്ങളുടെ പേരിൽ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ മടി കാണിക്കുന്ന സിപിഎസ് ഭാരവാഹികൾ ധാരാളമുണ്ട്. ചെറിയ അസൗകര്യങ്ങളുണ്ടെങ്കിലും അവ മാറ്റി വച്ച്, അല്പം ബുദ്ധിമുട്ട്, അറിവിനുവേണ്ടിയും പ്രവർത്തന മികവിനുവേണ്ടിയും സഹിക്കാൻ കഴിയില്ലെങ്കിൽ വരും കാലഘട്ടങ്ങളിലും കർഷകർ പ്രതിസന്ധികൾ നേരിടുമ്പോൾ തളർന്നു പോവില്ലേ?

സിപിഎസുകളിൽ നിന്നും ഫെഡറേഷനുകളിലേക്കുള്ള മുന്നേറ്റത്തിൽ കണ്ട രസാവഹമായ ചില അനുഭവങ്ങൾകൂടി പങ്കുവെയ്ക്കട്ടെ. ഫെഡറേഷനുകളിൽ 15 മുതൽ 25 വരെ സിപിഎസ്കളാണ് വേണ്ടത്. ഏങ്കിലും കൊപ്ര സംഭരണവും, കൊപ്ര ഡ്രയറുകൾ സ്ഥാപിക്കാനുമൊക്കെയായി, 8 സിപിഎസുകളെങ്കിലും ആദ്യം ഒരുമിച്ച് ചേർന്ന് ഫെഡറേഷൻ രൂപീകരിക്കാം എന്ന് ടെലഫോണിൽ ബന്ധപ്പെട്ട സിപിഎസ് ഭാരവാഹികളോടു പറഞ്ഞിരുന്നു. എന്നാൽ തങ്ങളുടെ പ്രദേശത്ത് രൂപീകൃതമായ എല്ലാ സിപിഎസുകളും ഒരുമിച്ചു ചേർക്കണമെന്നും ആരെയും മാറ്റി നിർത്തരുത് എന്നും കൂടി പറഞ്ഞിരുന്നു. പക്ഷേ ഒരു കർഷക സുഹൃത്ത് വളരെ കഷ്ടപ്പെട്ട് തന്റെ വിശ്വസ്തരും, താൻ പറഞ്ഞാൽ അനുസരിക്കുന്നവരും മാത്രമായ സിപിഎസുകളെ കൂട്ടിച്ചേർത്ത് ഒരു പഞ്ചായത്തിന്റെ ഒരു പുഴയുടെ ഒരു വശം മാത്രമുള്ള 8 സിപിഎസുകൾ മാത്രം ചേർത്ത് ഫെഡറേഷനുണ്ടാക്കുകയും, രജിസ്ട്രേഷൻ ആദ്യം അദ്ദേഹത്തിന്റെ ഫെഡറേഷനു നൽകുകയാണെങ്കിൽ പുഴയ്ക്കക്കരെയുള്ളവരും തന്റെ ഫെഡറേഷനിലേക്ക് തനിയെ വന്നു കൊള്ളും എന്ന അഭിപ്രായവുമായി ബോർഡിൽ ബന്ധപ്പെടുകയും ചെയ്യുന്നു. സിപിഎസ് ഭാരവാഹികളുടെ പരിശീലനം പൂർത്തിയാക്കിയോ, തങ്ങളുടെ പ്രവർത്തന പരിധി ഒരു ബ്ലോക്കിന്റെ എത്രഭാഗം വരും തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കുമ്പോൾ ഇക്കാര്യത്തിൽ ടെലഫോണിൽ മണിക്കൂറുകളോളം തർക്കിക്കുന്നതിന് അദ്ദേഹത്തിനു മടിയുമില്ല. സിപിഎസുകളുടെയും ഫെഡറേഷനുകളുടേയും ഉത്തരവാദിത്വവും നേതൃത്വവും ഏറ്റെടുക്കുന്നവർ, ഒരു പുഴയുടെ അക്കരയിലുള്ളവരോ, ഒരേ പഞ്ചായത്തിലെ മറ്റു സിപിഎസുകളോ, ഒരേ ബ്ലോക്കിലെ അയൽപഞ്ചായത്തുകളിലെ സിപിഎസുകളോ അല്ല തങ്ങളുടെ ശത്രു, മറിച്ച് നാളികേരത്തിന്റെ വിലയിടിക്കുന്നതിന് രാജ്യത്തിനകത്തും പുറത്തുമുള്ള ശക്തികളോടാണ് നമുക്ക് എതിർക്കേണ്ടത് എന്ന് ദയവായി മനസ്സിലാക്കുക; വ്യക്തിഗതമായ ചെറിയ സൗന്ദര്യപ്പിണക്കങ്ങളും, സങ്കുചിതമായ ഭൂപ്രദേശത്തിന്റെ പ്രാദേശികവാദവുമൊക്കെ നമുക്ക് മാറ്റിവെച്ച് കേരകർഷകർ എന്ന ഒരു വിഭാഗമായി കർഷകരെ കാണണം. അങ്ങനെ കാണാനും പ്രവർത്തിക്കാനും കഴിയില്ലെങ്കിൽ കർഷക കൂട്ടായ്മകളിലേക്ക് ഇറങ്ങി പുറപ്പെടാതിരിക്കുക തന്നെയാണ് ഭേദം. പലപ്പോഴും, തങ്ങളുടെ പരിമിതമായ അറിവുകളും, ഹ്രസ്വകാല കാഴ്ചപ്പാടും തന്നെയാവണം ആളുകളെ ഇത്തരത്തിൽ ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പ്രേരിപ്പിക്കുന്നത്. ഇത്തരം സങ്കുചിത പ്രവർത്തനങ്ങളുടെ തിക്താനുഭവങ്ങൾ കർഷകർ വേണ്ടതിലേറെ അനുഭവിച്ച നാടാണ് നമ്മുടേത്. ഇത്തരം സങ്കുചിത ചിന്തകൾക്ക് അതീതമായി പ്രവർത്തിക്കാൻ, നാളികേര മേഖലയിലെ രൂക്ഷമായ പ്രതിസന്ധി നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്.

നീരയെക്കുറിച്ചും നീരയുത്പാദിപ്പിച്ച് മൂല്യ വർദ്ധിത ഉൽപന്നങ്ങളുണ്ടാക്കുന്നതിനെക്കുറിച്ചുമൊക്കെ ഗൗരവമായ ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. കർഷക കൂട്ടായ്മകൾ വഴി മദ്യ രഹിത നീര ഉത്പാദിപ്പിച്ച്, അതിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനെ തീർച്ചയായും ബോർഡ് പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും നല്ല വിപണിയുണ്ട്; ഈ വിപണി വളരുകയുമാണ്. ശ്രീലങ്ക, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, തായ്‌ലന്റ്, മലേഷ്യ, വിയറ്റ്നാം, ചൈന തുടങ്ങിയ രാജ്യങ്ങൾ, നീരയും നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളും ഉത്പാദിപ്പിച്ച് ആഭ്യന്തര ഉപയോഗത്തിലൂടെയും കയറ്റുമതിയിലൂടെയും മികച്ച വരുമാനം നേടുന്നു. ഇന്തോനേഷ്യ കഴിഞ്ഞ 5 വർഷങ്ങൾ കൊണ്ട് നീരയിൽ നിന്നും ഉത്പാദിപ്പിക്കുന്ന കോക്കനട്ട് പാം ഷുഗർ ഉത്പാദനം 11 ടണ്ണിൽ നിന്നും 6 ലക്ഷം ടണ്ണായി വർദ്ധിപ്പിച്ചിരിക്കുന്നു. അതിൽ തന്നെ 1,44,000 ടൺ കയറ്റുമതിയും കഴിഞ്ഞ വർഷം നടത്തിയിരിക്കുന്നു.

നാളികേര വികസന ബോർഡ് അർത്ഥശങ്കക്കിടയില്ലാത്ത വിധം ചില കാര്യങ്ങൾ അറിയിക്കട്ടെ. മദ്യോപഭോഗം ഇപ്പോൾത്തന്നെ വളരെ ഉയർന്നു നിൽക്കുന്ന കേരളത്തിൽ, മദ്യമായി ഉപയോഗിക്കാവുന്ന ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. എന്നാൽ മദ്യരഹിതമായ (സീറോ ആൽക്കഹോൾ) നീര ആരോഗ്യദായകമായ പോഷക പാനീയമാണ്. അത് ഉത്പാദിപ്പിച്ച്, മദ്യം ആകാതെ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് കർഷക കൂട്ടായ്മകൾക്ക് (കൂട്ടായ്മകൾ വഴി മാത്രം) അനുവാദം നല്കുന്നത്, കേര കൃഷിക്ക് ശക്തി പകരും; കേര കർഷകർക്ക് അല്പമെങ്കിലും ആശ്വാസമാകും. എന്നാൽ ആദ്യത്തെ ഏതാനും വർഷങ്ങളിൽ പാനീയം എന്ന നിലയിലെ സംസ്ക്കരണത്തേക്കാൾ 'പാം ജാഗ്ഗറി'യും, 'പാം ഷുഗറും' നീരയിൽ നിന്ന് ഉത്പാദിപ്പിക്കുന്നതു വഴി, കർഷക കൂട്ടായ്മകൾക്ക്, സംസ്ക്കരണ രംഗത്ത് മുന്നേറുന്നതിന് കഴിയും. പൊതു സമൂഹത്തിൽ മദ്യത്തെക്കുറിച്ചും, നീര മദ്യമായി ദുരുപയോഗം ചെയ്യപ്പെടുമോയെന്നതിനെക്കുറിച്ചും ആശങ്കയുണ്ടാവാതിരിക്കുന്നതിന് ഇതു സഹായിക്കും. ഒരു വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള സിപിഎസുകൾ, ഫെഡറേഷനുകളായി 6 മാസമെങ്കിലും പ്രവർത്തിച്ച്, ഇളനീർ സംഭരണം, കൊപ്ര സംഭരണം തുടങ്ങിയ ഏതെങ്കിലും ഒരു സാമ്പത്തിക പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞവർക്ക് മാത്രം നീരയുത്പാദത്തിനുള്ള അനുമതി നല്കുകയാണെങ്കിൽ ഉത്തരവാദിത്വ പൂർണ്ണമായ പ്രവർത്തനം നടത്തുന്നതിന് സഹായകരമായിക്കും. ഇക്കാര്യങ്ങളിൽ സിപിഎസുകളും ഫെഡറേഷനുകളും വഴി കർഷകരുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് ഗവൺമെന്റിൽ സമർപ്പിക്കുന്നതിന് സിപിഎസുകൾ മുൻകൈ എടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ആശംസകളോടെ,

ടി. കെ. ജോസ്
ചെയർമാൻ

# നാളികേരോൽപന്ന കയറ്റുമതിയിൽ കുതിച്ചുചാട്ടം

കെ. എസ്. സെബാസ്റ്റ്യൻ[1], കെ. മുരളീധരൻ[2]

2011-12ൽ ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ മൂല്യം 303.7 ബില്ല്യൺ അമേരിക്കൻ ഡോളർ ആയിരുന്നു. മുൻ വർഷത്തേക്കാൾ (2010-11) 20.9 ശതമാനം വർദ്ധനവാണ് കയറ്റുമതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതേസമയം 2010-11 ലെ കയറ്റുമതി വർദ്ധനവ് 2009-10നേക്കാൾ 40.5 ശതമാനമായിരുന്നു. കഴിഞ്ഞ വർഷം (2011-12) ആദ്യപകുതിയിൽ നല്ല പ്രകടനം കയറ്റുമതിയിൽ കാണിക്കുവാൻ കഴിഞ്ഞെങ്കിലും, രണ്ടാം പകുതിയിൽ യൂറോപ്യൻ/അമേരിക്കൻ സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ഈ പ്രകടനം നിലനിർത്താൻ സാധിച്ചില്ല. അമേരിക്കൻ ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ രൂപയുടെ മൂല്യത്തിനുണ്ടായ ഇടിവും, ചില കയറ്റുമതി പ്രോത്സാഹന പദ്ധതികളുടെ പിൻവലിക്കലും കയറ്റുമതിയിലെ പ്രകടനത്തെ ബാധിച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നത്.

എന്നാൽ 2011-12 സാമ്പത്തിക വർഷം ഇറക്കുമതി 488.6 ബില്ല്യൺ അമേരിക്കൻ ഡോളറായി ഉയർന്ന് തൊട്ടു മുൻ വർഷത്തേക്കാൾ 32.1 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2010-11 വർഷത്തിൽ ഇറക്കുമതിയിലെ വർദ്ധനവ് 28.2 ശതമാനം ആയിരുന്നു.

നാളികേരത്തിന്റേയും നാളികേര ഉൽപന്നങ്ങളുടേയും കയറ്റുമതിയിൽ മുൻവർഷത്തേക്കാൾ തിളക്കമാർന്ന പ്രകടനമാണ് 2011-12 വർഷത്തിൽ നമ്മുടെ രാജ്യം കാഴ്ചവെച്ചിരിക്കുന്നത്. 2011-12 ലെ കയറ്റുമതി 834.75 കോടി രൂപയിലെത്തി, 56 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ കയറ്റുമതി വർദ്ധനവ് 23.6 ശതമാനമായിരുന്നു.

അഞ്ച് വർഷങ്ങൾക്ക് മുമ്പ് വരെ കയറും കയറുൽപന്നങ്ങളും ഒഴികെ, കയറ്റുമതിചെയ്യുന്ന നാളികേരോൽപന്നങ്ങൾ തുലോം തുച്ഛമായിരുന്നു. കയറിന്റേയും കയറുൽപന്നങ്ങളുടേയും 2011-12 ലെ കയറ്റുമതി മൂല്യം 1050 കോടി കവിഞ്ഞു. എന്നാൽ കയറ്റുമതിയിൽ കാര്യമായ സംഭാവനയില്ലാതിരുന്ന പല നാളികേര ഉൽപന്നങ്ങളും ഇപ്പോൾ നല്ലരീതിയിൽ കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. ഇന്ത്യയിൽ നിന്നും പ്രധാനമായി കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങൾ ഉത്തേജിത കരി, തേങ്ങ, കൊപ്ര, ചിരട്ടക്കരി, വെളിച്ചെണ്ണ, തൂൾതേങ്ങ എന്നിവയാണ്. കഴിഞ്ഞ നാലു വർഷത്തെ നാളികേര ഉൽപന്ന കയറ്റുമതിയുടെ വിവരങ്ങൾ പട്ടിക-1 ൽ കൊടുത്തിരിക്കുന്നു.

ചെയ്തു. കൂടാതെ ആഭ്യന്തര നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ സംരക്ഷണാർത്ഥം നാളികേര കയറ്റുമതിയിൽ ശ്രീലങ്ക ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും നിരോധനവുമെല്ലാം ഇന്ത്യയിൽ നിന്നുള്ള തേങ്ങയുടെ കയറ്റുമതിക്ക് വളരെ അനുകൂലമായ സാഹചര്യം ഉണ്ടാക്കി.

**പട്ടിക-1. രാജ്യത്ത് നിന്നും കയറ്റുമതി ചെയ്ത നാളികേരോൽപന്നങ്ങളുടെ മൂല്യം (ലക്ഷം രൂപയിൽ)**

| ഉൽപന്നം | 2008-09 | 2009-10 | 2010-11 | 2011-12 |
|---|---|---|---|---|
| തേങ്ങ | 3,439.29 | 5,576.41 | 9,382.98 | 19,678.90 |
| തൂൾതേങ്ങ | 458.88 | 464.16 | 952.69 | 2,435.28 |
| വെളിച്ചെണ്ണ | 5,841.23 | 4,002.95 | 3,991.83 | 7,281.61 |
| പിണ്ണാക്ക് | 9.89 | 41.40 | 0.66 | 2.86 |
| ചിരട്ട | 183.19 | 304.00 | 173.74 | 267.15 |
| ചിരട്ടക്കരി | 2,449.39 | 2,429.53 | 3,019.59 | 7,497.21 |
| കൊപ്ര | 5,598.63 | 9,147.36 | 9,493.52 | 11,552.22 |
| ഉത്തേജിതകരി | 15,000.00 | 21,262.62 | 25,550.00 | 34,760.00 |
| **ആകെ** | **32,980.50** | **43,228.43** | **52,565.01** | **83,475.23** |


**നാളികേരം**

ഇന്ത്യയിൽ നിന്നുള്ള തേങ്ങയുടെ കയറ്റുമതി 2006-07 വരെ 10 കോടി രൂപയിൽ താഴെ മാത്രമായിരുന്നു. എന്നാൽ പിന്നീട് ക്രമാനുഗതമായി ഉയർന്ന് 2011-12 ആയപ്പോഴേക്കും 200 കോടി രൂപയുടേതായിരിക്കുന്നു. വരും വർഷങ്ങളിലും നാളികേര കയറ്റുമതി ഇതേ തോതിൽ ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാളികേര കയറ്റുമതിയിൽ കാര്യമായ മുന്നേറ്റം രാജ്യത്തിന് ഉണ്ടാക്കുവാൻ കഴിഞ്ഞത് ഗൾഫ് രാജ്യങ്ങളിലെ ശ്രീലങ്കയുടെ കുത്തക തകർക്കുവാൻ കഴിഞ്ഞതിലൂടെയാണ്. ഗൾഫ് വിപണിയിൽ നാളികേരം പ്രധാനമായും എത്തിയിരുന്നത് ശ്രീലങ്കയിൽ നിന്നായിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് ശ്രീലങ്കയുടെ നാളികേരോത്പാദനത്തിലുണ്ടായ ഇടിവിനെത്തുടർന്ന് ആഭ്യന്തരവില ഉയരുകയും, കയറ്റുമതിയിലെ മത്സരക്ഷമത കുറയുകയും

കയറ്റുമതിയിലെ ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ ധാരാളം പേർ ഇപ്പോൾ മുന്നോട്ടുവരുന്നുണ്ട്. നാളികേര വികസന ബോർഡ് 2009 ഏപ്രിൽ 1 ന് എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ആയതിനുശേഷം നാളികേരം കയറ്റുമതി ചെയ്യുവാൻ മാത്രമായി 300 ലേറെപ്പേർ

**2008-09 മുതൽ 2011-12 വരെ കയറ്റുമതി ചെയ്ത തേങ്ങയുടെ അളവും കയറ്റുമതി വരുമാനവും**

| വർഷം | അളവ് (മെട്രിക് ടണ്ണിൽ) | കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ) |
|---|---|---|
| 2008-09 | 16608.60 | 3439.29 |
| 2009-10 | 25401.46 | 5576.41 |
| 2010-11 | 32934.60 | 9382.98 |
| 2011-12 | 52246.60 | 19678.90 |



കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ)


ബോർഡിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. തമിഴ്നാട്, കേരളം, മഹാരാഷ്ട്ര, കർണ്ണാടകം, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കൂടുതൽ പേർ നാളികേര കയറ്റുമതിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കയറ്റുമതിക്കാർ പോലും നാളികേരം സംഭരിക്കുന്നത് പ്രധാനമായും തമിഴ്നാട്ടിൽ നിന്നാണ്. ഒരു തോട്ടത്തിൽ നിന്നുതന്നെ ഒരു കണ്ടെയ്നർ നാളികേരം ലഭിക്കുവാനുള്ള സാഹചര്യവും വിലയിലെ നേരിയ കുറവും, തൊണ്ടു മാറ്റിയതിനുശേഷവും 600 ഗ്രാമിന് മേൽ ഭാരം ഉണ്ടാകുവാനുള്ള സാദ്ധ്യതയും കണക്കിലെടുത്താണ് കയറ്റുമതിക്കാർ കൂടുതൽ തമിഴ്നാടിനെ ആശ്രയിക്കുന്നത്. എന്നാൽ കേരളത്തിൽ വ്യാപകമായി രൂപീകരിച്ചിട്ടുള്ള നാളികേരോത്പാദക സംഘങ്ങളുടേയും അവയുടെ ഫെഡറേഷനുകളുടേയും പ്രവർത്തനം സജീവമാകുമ്പോൾ കേരളത്തിൽ നിന്ന് കയറ്റുമതിക്കായുള്ള നാളികേര സംഭരണം അത്രകണ്ട് ശ്രമകരമല്ലാതാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയറ്റുമതിക്കായി നാളികേരം ശേഖരിക്കപ്പെടുമ്പോൾ കമ്പോളവിലയേക്കാൾ 50 ശതമാനത്തോളം ഉയർന്ന വില കർഷകർക്ക് ലഭിക്കുവാൻ സാഹചര്യമുള്ളതിനാൽ ഉത്പാദകസംഘങ്ങൾ ഇത്തരം ശ്രമങ്ങൾക്ക് മുൻകൈ എടുക്കുമെന്ന് തീർച്ചയായും പ്രതീക്ഷിക്കാം.

### കൊപ്ര

കൊപ്ര കയറ്റുമതിയുടെ അളവിൽ കാര്യമായ കുറവ് ഉണ്ടായെങ്കിലും (41 ശതമാനം) കയറ്റുമതിയുടെ മൂല്യത്തിൽ 22 ശതമാനം വർദ്ധനവ് ഉണ്ടായി. 2011-12 ൽ നിലനിന്നിരുന്ന ഉയർന്ന ആഭ്യന്തരവില കൊപ്രയുടെ കയറ്റുമതിയെ സാരമായി ബാധിച്ചു.

**2008-09 മുതൽ 2011-12 വരെ കയറ്റുമതി ചെയ്ത കൊപ്രയുടെ അളവും കയറ്റുമതി വരുമാനവും**

| വർഷം | അളവ് (മെട്രിക് ടണ്ണിൽ) | കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ) |
|---|---|---|
| 2008-09 | 13701.00 | 5598.63 |
| 2009-10 | 23268.30 | 9157.36 |
| 2010-11 | 30241.74 | 9493.52 |
| 2011-12 | 17741.57 | 11552.23 |



കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ)


നമ്മുടെ രാജ്യത്ത് നിന്നും ഏറ്റവും കൂടുതൽ കൊപ്ര കയറ്റുമതി ചെയ്യുന്നത് ബംഗ്ലാദേശിലേക്കാണ്. പാക്കിസ്ഥാനിലേക്കും വലിയ അളവിൽ കൊപ്ര കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഇത് പലപ്പോഴും ഔദ്യോഗിക രേഖകളിൽ കൃത്യമായി പ്രതിഫലിക്കാറില്ലെന്നുള്ളതാണ് വസ്തുത. ശ്രീലങ്കയിൽ നിന്നുള്ള നാളികേര ഉൽപന്നങ്ങൾ നികുതിരഹിതമായി പാക്കിസ്ഥാനിൽ ഇറക്കുമതി ചെയ്യുവാൻ കഴിയുന്നതിനാൽ പാക്കിസ്ഥാൻ കമ്പോളത്തിൽ ഇന്ത്യൻ നാളികേരോൽപന്നങ്ങൾക്ക് കാര്യമായ കടന്നുകയറ്റം നടത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 'അഭിമത രാജ്യം'പദവി (MFN Status) പാക്കിസ്ഥാൻ ഇന്ത്യക്ക് നൽകുന്ന സാഹചര്യം ഉണ്ടായാൽ കൊപ്രയുൾപ്പെടെ പല നാളികേരോൽപന്നങ്ങളും വൻതോതിൽ ആ രാജ്യത്തേക്ക് കയറ്റുമതി ചെയ്യുവാനുള്ള അവസരം തുറക്കും. ഇപ്പോൾ ഇന്ത്യയിൽ നിന്നുള്ള നാളികേരോൽപന്നങ്ങൾ കൂടുതലായും പാക്കിസ്ഥാനിലെത്തുന്നത് ദുബായ് വഴിയാണ്. ഇത് ഉൽപന്നത്തിന്റെ മത്സരക്ഷമത കുറയ്ക്കുന്നു. കൊപ്രയ്ക്ക് നിലവിലുള്ള ഫോക്കസ് പ്രൊഡക്ട് പദവിയിൽപെടുത്തി കയറ്റുമതി മൂല്യത്തിന്റെ 2 ശതമാനം മാത്രമേ പ്രോത്സാഹനമായി നൽകുന്നുള്ളൂ. എന്നാൽ തികച്ചും കാർഷികോൽപന്നമായ കൊപ്രയ്ക്ക്, നാളികേരത്തിനും, ചിരട്ടയ്ക്കും, പിണ്ണാക്കിനുമെന്നപോലെ വിശേഷ് കൃഷി ഗ്രാമ ഉദ്യോഗ് യോജന (VKGUY) യിൽപ്പെടുത്തി 5 ശതമാനം കയറ്റുമതി പ്രോത്സാഹനം നൽകിയാൽ കയറ്റുമതിയിൽ ഇനിയും വർദ്ധനവ് പ്രതീക്ഷിക്കാം.

### വെളിച്ചെണ്ണ

ആഭ്യന്തര വില അന്താരാഷ്ട്ര വിലയേക്കാൾ ഉയർന്നു നിന്നിരുന്നതിനാൽ വെളിച്ചെണ്ണ കയറ്റുമതിയിൽ കാര്യമായ നേട്ടം കൊയ്യുവാൻ ഇന്ത്യക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇന്ത്യൻ വെളിച്ചെണ്ണ ഉയർന്ന ഗുണനിലവാരം പുലർത്തുന്നതിനാലും ശുദ്ധീകരിക്കാതെ തന്നെ ഭക്ഷ്യാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതിനാലും ഉയർന്ന ആഭ്യന്തര വില നിലനിന്നപ്പോഴും

**2008-09 മുതൽ 2011-12 വരെ കയറ്റുമതി ചെയ്ത വെളിച്ചെണ്ണയുടെ അളവും കയറ്റുമതി വരുമാനവും**

| വർഷം | അളവ് (മെട്രിക് ടണ്ണിൽ) | കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ) |
|---|---|---|
| 2008-09 | 12027.87 | 6300.11 |
| 2009-10 | 7131.04 | 4467.11 |
| 2010-11 | 8440.82 | 4944.52 |
| 2011-12 | 11077.42 | 9716.89 |



കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ)

ചെറിയ അളവിൽ കയറ്റുമതി ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം നടന്നിരുന്നു. നിലവിൽ ഇപ്പോൾ ആഭ്യന്തരവിലയും അന്താരാഷ്ട്ര വിലയും തമ്മിലുള്ള അന്തരം നേർത്തതായതിനാൽ കയറ്റുമതിക്ക് അനുകൂലമായ സാഹചര്യമുണ്ട്. രാജ്യത്ത് നിന്നുള്ള എല്ലാ ഭക്ഷ്യഎണ്ണകളുടേയും കയറ്റുമതി നിരോധിച്ചിട്ടുള്ളതിനാൽ കൊച്ചി ഒഴികെ മറ്റൊരു തുറമുഖം വഴിയും വെളിച്ചെണ്ണ ഇപ്പോൾ കയറ്റുമതി ചെയ്യുവാൻ സാധിക്കുന്നില്ല. തമിഴ്നാട്ടിലും, ഗോവയിലും, മഹാരാഷ്ട്രയിലും, ബംഗാളിലുമൊക്കെയുള്ള വെളിച്ചെണ്ണ കയറ്റുമതിക്കാർക്ക് കൊച്ചി തുറമുഖത്തെ മാത്രം ആശ്രയിക്കേണ്ടി വരുന്നതിനാൽ മത്സരക്ഷമത കുറയുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. കയറ്റുമതി നിരോധനപ്പട്ടികയിൽ വെളിച്ചെണ്ണ ഉൾപ്പെട്ടിട്ടുള്ളതിനാൽ കയറ്റുമതിക്കുള്ള പ്രോത്സാഹന പദ്ധതിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള സാഹചര്യവും നിലവിലില്ല. ഭക്ഷ്യ എണ്ണയുടെ കയറ്റുമതി നിരോധനം നിലവിലില്ലായിരുന്നുവെങ്കിൽ വെളിച്ചെണ്ണയ്ക്ക് കയറ്റുമതി മൂല്യത്തിന്റെ 5 ശതമാനം വിശേഷ് ഗ്രാമഉദ്യോഗ് യോജന (VKGUY) യിൽപ്പെടുത്തിയും 2 ശതമാനം ഡ്യൂട്ടി ഡ്രോ ബാക്ക് (DDB) പദ്ധതിയിൽപ്പെടുത്തിയും മൊത്തത്തിൽ കയറ്റുമതി മൂല്യത്തിന്റെ 7 ശതമാനം പ്രോത്സാഹനം കിട്ടുമായിരുന്നു. വെളിച്ചെണ്ണയുടെ ആഭ്യന്തരവിലത്തകർച്ചയുടെ സാഹചര്യത്തിൽ ഈ പ്രോത്സാഹനം അനുവദിച്ചു കിട്ടിയാൽ നിലവിലുള്ള അനുകൂലമായ അന്താരാഷ്ട്ര സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഈ വർഷം വെളിച്ചെണ്ണ കയറ്റുമതിയിൽ വൻമുന്നേറ്റം നടത്തുവാൻ കഴിയുമായിരുന്നു.

### വെർജിൻ വെളിച്ചെണ്ണ


പച്ചത്തേങ്ങയിൽ നിന്നും ഉത്പാദിപ്പിക്കുന്ന വെർജിൻ വെളിച്ചെണ്ണയുടെ കയറ്റുമതിയിൽ നേരിയ വർദ്ധനവ് കഴിഞ്ഞ വർഷങ്ങളിലായി കാണുന്നുണ്ട്. എന്നാൽ വെർജിൻ വെളിച്ചെണ്ണയ്ക്കും കൊപ്രയിൽ നിന്നുമുണ്ടാക്കുന്ന വെളിച്ചെണ്ണയ്ക്കും ഒരേ കോഡ് നമ്പർ (ITC (HS) CODE) ഉപയോഗിക്കുന്നതിനാൽ കയറ്റുമതിയുടെ കൃത്യമായ കണക്ക് കിട്ടുവാൻ ഇപ്പോൾ നിർവ്വാഹമില്ല. എന്നാൽ വെർജിൻ വെളിച്ചെണ്ണയുടെ പ്രത്യേകതകൾ ഉൾക്കൊണ്ട് ഈ ഉൽപന്നത്തിന് കൊപ്രയിൽ നിന്നുള്ള വെളിച്ചെണ്ണയിൽ നിന്ന് വിഭിന്നമായ കോഡ് നൽകുകയും സാദ്ധ്യമായ എല്ലാ കയറ്റുമതി പ്രോത്സാഹനങ്ങളും അനുവദിക്കുകയും ചെയ്യണമെന്നുള്ള നാളികേര വികസന ബോർഡിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതായാണ് അറിയുന്നത്. അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുന്നപക്ഷം ഭക്ഷ്യ എണ്ണയുടെ നിരോധനം വെർജിൻ വെളിച്ചെണ്ണയെ ബാധിക്കാതിരിക്കുകയും കയറ്റുമതി ആനുകൂല്യങ്ങൾ കൂടുതലായി ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാകുകയും ചെയ്യും. വെർജിൻ വെളിച്ചെണ്ണയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ ഉയർന്ന വിലയും വർദ്ധിച്ച ഡിമാന്റും ഉള്ളതിനാൽ ഈ ഉൽപന്നത്തിന്റെ കയറ്റുമതിയിൽ വരും വർഷങ്ങളിൽ ശ്രദ്ധേയമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഓർഗാനിക് വെർജിൻ വെളിച്ചെണ്ണയ്ക്ക് ഇപ്പോൾ തന്നെ വൻതോതിൽ അന്വേഷണങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള തോട്ടങ്ങൾ രാജ്യത്ത് വളരെ പരിമിതമായതിനാൽ ഈ മേഖലയിൽ കാര്യമായ മുന്നേറ്റം നടത്തുവാൻ നമുക്ക് കഴിയുന്നില്ല. എന്നാൽ ലക്ഷദ്വീപിലെ പല ദ്വീപുകളും സമീപ ഭാവിയിൽ ഓർഗാനിക് സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കാനിരിക്കുന്ന സാഹചര്യത്തിൽ ഓർഗാനിക് വെളിച്ചെണ്ണയുടെ ഉത്പാദനത്തിലും കയറ്റുമതിയിലും ഒരു കുതിച്ചുചാട്ടത്തിന് സാദ്ധ്യത തെളിയുകയാണ്.

### ഉത്തേജിത കാർബൺ

ഉത്തേജിത കാർബൺ കയറ്റുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങൾ ഇന്ത്യ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, മലേഷ്യ എന്നിവയാണ്. ഉത്തേജിത കാർബൺ കയറ്റുമതിയിൽ ഇന്ത്യ ഇപ്പോൾ ഒന്നാംസ്ഥാനത്താണ്. ഇന്ത്യയുടെ 2011-12 ലെ കയറ്റുമതി 38,500 മെട്രിക് ടണ്ണാണ്, ഇതിന്റെ വിപണി മൂല്യം 347.60 കോടി രൂപയും. വികസിത രാജ്യങ്ങളിൽ ഉത്തേജിത കാർബണിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വരുംവർഷങ്ങളിൽ ഉത്തേജിത കാർബൺ കയറ്റുമതിയിലുള്ള വർദ്ധനവ് തുടരുമെന്ന് പ്രതീക്ഷിക്കാം.നിലവിൽ രാജ്യത്ത് 20ൽ താഴെ ഉത്തേജിത കാർബൺ ഉത്പാദകരാണ് ഉള്ളത്. ഈ യൂണിറ്റുകൾ കൂടുതലും തമിഴ്നാട്, കേരളം, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിലാണ് പ്രവർത്തിക്കുന്നത്.

**2008-09 മുതൽ 2011-12 വരെ കയറ്റുമതി ചെയ്ത ഉത്തേജിതകരിയുടെ അളവും കയറ്റുമതി വരുമാനവും**

| വർഷം | അളവ് (മെട്രിക് ടണ്ണിൽ) | കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ) |
|---|---|---|
| 2008-09 | 26000.00 | 15000.00 |
| 2009-10 | 36855.21 | 21262.62 |
| 2010-11 | 38712.12 | 25550.00 |
| 2011-12 | 38500.00 | 34760.00 |





നിലവിൽ ഉത്തേജിത കാർബൺ കയറ്റുമതിക്ക് കാര്യമായ പ്രോൽസാഹനങ്ങൾ ഇല്ല. തികച്ചും കാർഷികോൽപന്നമായ ചിരട്ടയിൽ നിന്നുണ്ടാക്കുന്ന ചിരട്ടക്കരിയാണ് ഉത്തേജിത കാർബൺ നിർമ്മാണത്തിലെ അസംസ്കൃത വസ്തുവെങ്കിലും ഉത്തേജിത കാർബണിനെ പലവക രാസവസ്തുവിന്റെ (Miscellaneous Chemical)ഗണത്തിൽപ്പെടുത്തിയിട്ടുള്ളതിനാൽ ഫോക്കസ് മാർക്കറ്റ് സ്കീമിന്റെ ആനുകൂല്യം മാത്രമേ ലഭിക്കുന്നുള്ളു. ഉത്തേജിത കാർബണിന്റെ കയറ്റുമതി പ്രധാനമായും വികസിത രാജ്യങ്ങളിലേക്കായതിനാൽ മിക്കവാറും സന്ദർഭങ്ങളിലും കയറ്റുമതി പ്രോത്സാഹന ആനുകൂല്യങ്ങൾ കയറ്റുമതിക്കാർക്ക് ലഭിക്കുന്നില്ല. ഉത്തേജിത കാർബണിനെ കാർഷികോൽപന്നങ്ങളുടെ ഗണത്തിൽപ്പെടുത്തി വിശേഷ് ഗ്രാമ ഉദ്യോഗ് യോജനയുടേയോ, സ്പെഷ്യൽ ഫോക്കസ് പ്രോഡക്ട് പദ്ധതിയുടെയോ വർദ്ധിച്ച ആനുകൂല്യങ്ങൾ നൽകുവാൻ നാളികേര വികസന ബോർഡ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നിർദ്ദേശം അംഗീകരിക്കപ്പെട്ടാൽ കയറ്റുമതിയിൽ വരും വർഷങ്ങളിൽ കൂടുതൽ നേട്ടം പ്രതീക്ഷിക്കാം.

### തൂൾതേങ്ങ

തൂൾതേങ്ങയുടെ കയറ്റുമതിയിൽ 2011-12 വർഷം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം വർദ്ധനവ് ഉണ്ടായി. ഇതേസമയം കയറ്റുമതിയുടെ മൂല്യത്തിലുണ്ടായ വർദ്ധനവ് 156 ശതമാനമാണ്. 2011-12 ലുടനീളം തൂൾതേങ്ങയുടെ വില രാജ്യത്ത് ഉയർന്ന് തന്നെ നിലനിന്നെങ്കിലും ഗൾഫ് രാജ്യങ്ങളിലേക്ക് ഉയർന്ന അളവിൽ കയറ്റുമതി ചെയ്യുവാൻ സാധിച്ചു. അന്താരാഷ്ട്ര ഗുണനിലവാരത്തോടുകൂടിയ തൂൾതേങ്ങ ഉത്പാദിപ്പിക്കുവാൻ കഴിയുന്ന ഏതാനും യൂണിറ്റുകൾ നാളികേര ടെക്നോളജി മിഷന്റെ സഹായത്തോടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്ത് സ്ഥാപിക്കുവാൻ കഴിഞ്ഞതിനാൽ വരുംവർഷങ്ങളിലും തൂൾതേങ്ങയുടെ കയറ്റുമതിയിൽ ക്രമാനുഗതമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു.അമേരിക്കൻ, യൂറോപ്യൻ മാർക്കറ്റുകളെക്കൂടി ലക്ഷ്യം വെച്ച് ഉയർന്ന ഗുണനിലവാരമുള്ള തൂൾതേങ്ങയുണ്ടാക്കാൻ കഴിഞ്ഞാൽ കയറ്റുമതി ഏതാനും മടങ്ങ് വർദ്ധിപ്പിക്കുന്നത് ശ്രമകരമായിരിക്കുകയില്ല.

**2008-09 മുതൽ 2011-12 വരെ കയറ്റുമതി ചെയ്ത തൂൾതേങ്ങയുടെ അളവും കയറ്റുമതി വരുമാനവും**

| വർഷം | അളവ് (മെട്രിക് ടണ്ണിൽ) | കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ) |
|---|---|---|
| 2008-09 | 2173.29 | 458.88 |
| 2009-10 | 2050.06 | 464.16 |
| 2010-11 | 4184.73 | 952.69 |
| 2011-12 | 5442.08 | 2435.28 |




കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ)

### ചിരട്ടക്കരി

2011-12 വർഷത്തിൽ ചിരട്ടക്കരിയുടെ കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് അളവിൽ 73.69 ശതമാനവും കയറ്റുമതി മൂല്യത്തിൽ 148.29 ശതമാനവും വർദ്ധനവാണ് രേഖപ്പെടുത്തിയത്. ചിരട്ടക്കരിയുടെ ആഭ്യന്തരവില മറ്റ് നാളികേര ഉത്പാദക രാജ്യങ്ങളേക്കാൾ ഉയർന്നതാണെങ്കിലും ഉയർന്ന ഗുണനിലവാരം പുലർത്തുന്നതിനാൽ ഏറ്റവും ഉയർന്ന ഗുണനിലവാരമുള്ള ഉത്തേജിത കാർബൺ ഉത്പാദിപ്പിക്കുവാൻ കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. നിലവിൽ പരമ്പരാഗത രീതിയിൽ ചിരട്ടക്കരിയുണ്ടാക്കുന്ന യൂണിറ്റുകൾ അന്തരീക്ഷ മലിനീകരണത്തിന്റെ പേരിൽ അടച്ചുപൂട്ടൽ ഭീഷണിയിലായതിനാലും ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന യൂണിറ്റുകൾ വിരളമായതിനാലും രാജ്യത്ത് ഗുണനിലവാരമുള്ള ചിരട്ടക്കരിയുടെ ഉത്പാദനത്തിൽ കാര്യമായ വർദ്ധനവ് സമീപഭാവിയിൽ പ്രതീക്ഷിക്കുന്നില്ല.

**2008-09 മുതൽ 2011-12 വരെ കയറ്റുമതി ചെയ്ത ചിരട്ടക്കരിയുടെ അളവും കയറ്റുമതി വരുമാനവും**

| വർഷം | അളവ് (മെട്രിക് ടണ്ണിൽ) | കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ) |
|---|---|---|
| 2008-09 | 17279.00 | 2449.39 |
| 2009-10 | 39938.00 | 2429.53 |
| 2010-11 | 15862.00 | 3019.59 |
| 2011-12 | 27550.91 | 7497.21 |



കയറ്റുമതി വരുമാനം (ലക്ഷം രൂപയിൽ)

### പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം

പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളത്തിന്റെ കയറ്റുമതിയിലും നല്ല വർദ്ധനവ് 2011-12ൽ രേഖപ്പെടുത്തി. 2010-11 വർഷത്തിൽ കയറ്റുമതി വരുമാനം ഒരു കോടിയിൽ താഴെ മാത്രമായിരുന്നത് ഈ വർഷം രണ്ടു കോടിയിലേറെയായി, 100 ശതമാനത്തിലേറെ വർദ്ധനവ് രേഖപ്പെടുത്തി. കരിക്കിൻ വെള്ളം അമേരിക്കൻ വിപണിക്കു പ്രിയംകരമായ രീതിയിൽ 330 മി.ലിറ്ററോ അതിലും ഉയർന്ന അളവിലോ പായ്ക്ക് ചെയ്ത് കയറ്റി അയയ്ക്കുവാൻ കഴിഞ്ഞാൽ കയറ്റുമതി വരും വർഷങ്ങളിൽ പതിൻമടങ്ങ് വർദ്ധിക്കുമെന്ന് നിസ്സംശയം പറയാം. രാജ്യത്ത് നിന്നുള്ള ചില കയറ്റുമതിക്കാർ ആ രീതിയിലുള്ള ശ്രമങ്ങൾ തുടങ്ങികഴിഞ്ഞിരിക്കുന്നു എന്നത് ശുഭോദർക്കമാണ്.

### കയറ്റുമതിക്കാർ

നാളികേര മേഖലയിലെ കയറ്റുമതിക്കാരുടെ എണ്ണത്തിലും കാര്യമായ വർദ്ധനവാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഉണ്ടായിരിക്കുന്നത്. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കയറ്റുമതിക്കാരുടെ എണ്ണം 800നടുത്തായി. ശരാശരി പ്രവൃത്തി ദിവസങ്ങളിൽ ഒന്നെന്ന നിരക്കിൽ നാളികേര കയറ്റുമതിക്കാർ ഇപ്പോൾ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം നാളികേര കയറ്റുമതിക്കാരുടെ എണ്ണം 1000 നടുത്തെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### കയറ്റുമതി വരുംവർഷങ്ങളിൽ

നാളികേര കയറ്റുമതിയിൽ മുൻ വർഷങ്ങളിലേതുപോലെ മികച്ച പ്രകടനം വരും വർഷങ്ങളിലും ആവർത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അമേരിക്കയിലേയും യൂറോപ്പിലേയും സാമ്പത്തിക മാന്ദ്യം തുടരുന്നത് ഉത്തേജിത കാർബൺ കയറ്റുമതിയെ നേരിയ തോതിൽ ബാധിക്കുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ ഗുണനിലവാരത്തിൽ മുന്നിൽ നിൽക്കുന്നതിനാൽ ഇന്ത്യയിൽ നിന്നുള്ള ഉത്തേജിത കാർബണിന് നല്ല കയറ്റുമതി സാദ്ധ്യതകൾ നിലവിലുണ്ട്. മറ്റ് നാളികേരോൽപന്നങ്ങളെല്ലാം തന്നെ പ്രധാനമായും ഗൾഫിലേക്ക് കയറ്റി അയയ്ക്കുന്നതിനാലും, പല ഉൽപന്നങ്ങളുടേയും ആഭ്യന്തര വിലയും അന്താരാഷ്ട്ര വിലയും തമ്മിലുള്ള അന്തരം വളരെ നേർത്തതായതിനാലും 2012-13ൽ നാളികേരോൽപന്ന കയറ്റുമതി ഉയരുകയും 1000 കോടി കവിയുമെന്നുള്ളതും ഉറപ്പാണ്.


*1. അസിസ്റ്റന്റ് മാർക്കറ്റിങ്ങ് ആഫീസർ, 2. ഡയറക്ടർ, നാളികേര വികസന ബോർഡ്*

# പ്രധാന നാളികേരോൽപന്നങ്ങളുടെ കയറ്റുമതി ആഗോളതലത്തിൽ

പ്രധാന നാളികേരോൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, മലേഷ്യ, ഇന്ത്യ, തായ്‌ലന്റ് എന്നീ രാജ്യങ്ങളാണ്. കയറ്റുമതി ചെയ്ത പ്രധാന ഉൽപന്നങ്ങൾ വെളിച്ചെണ്ണ, തൂൾതേങ്ങ, ഉത്തേജിത കരി, പിണ്ണാക്ക്, കൊപ്ര, തേങ്ങ, ചിരട്ടക്കരി, നാളികേര ക്രീം, നാളികേര പൊടി എന്നിവയാണ്. 2010 വർഷത്തിൽ കയറ്റുമതി ചെയ്ത പ്രധാന നാളികേര ഉൽപന്നങ്ങളുടേയും രാജ്യങ്ങളുടേയും വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.


### 2010ലെ വെളിച്ചെണ്ണയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഫിലിപ്പീൻസ് | 13,42,500 | 52.72 | 11,25,214 | 5626.07 |
| 2 | ഇന്തോനേഷ്യ | 6,92,500 | 27.19 | 5,66,068 | 2830.34 |
| 3 | മലേഷ്യ | 1,31,600 | 5.17 | 1,40,882 | 704.41 |
| 4 | പാപുവ ന്യൂ ഗിനിയ | 45,300 | 1.78 | 1,23,455 | 617.28 |
| 5 | മറ്റു രാജ്യങ്ങൾ | 3,34,703 | 13.14 | | |
| | ആകെ | 25,46,603 | 100.00 | | |





### 2010ലെ തൂൾതേങ്ങയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഫിലിപ്പീൻസ് | 1,09,170 | 32.94 | 110,240 | 551.20 |
| 2 | ഇന്തോനേഷ്യ | 47,065 | 14.20 | 48,238 | 241.19 |
| 3 | ശ്രീലങ്ക | 46,905 | 14.15 | 47,616 | 238.08 |
| 4 | വിയറ്റ്നാം | 19,600 | 5.91 | 20,000 | 100.00 |
| 5 | മറ്റു രാജ്യങ്ങൾ | 1,08,657 | 32.79 | | |
| | ആകെ | 3,31,397 | 100.00 | | |





### 2010ലെ ഉത്തേജിത കരിയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഇന്ത്യ | 38,712 | 26.02 | 51,100 | 255.50 |
| 2 | ഫിലിപ്പീൻസ് | 29,572 | 19.88 | 40,692 | 203.46 |
| 3 | ശ്രീലങ്ക | 28,782 | 19.34 | 47,812 | 239.06 |
| 4 | ഇന്തോനേഷ്യ | 24,791 | 16.66 | 27,744 | 138.72 |
| 5 | മലേഷ്യ | 19,732 | 13.26 | 23,862 | 119.31 |
| 6 | തായ്‌ലന്റ് | 7,200 | 4.84 | 15,649 | 78.25 |
| | ആകെ | 148789 | 100.00 | | |




## 2010ലെ കൊപ്രപിണ്ണാക്കിന്റെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഫിലിപ്പീൻസ് | 7,24,400 | 68.94 | 78,322 | 391.61 |
| 2 | ഇന്തോനേഷ്യ | 2,86,400 | 27.26 | 25,488 | 127.44 |
| 3 | പപുവ ന്യൂ ഗിനിയ | 14,600 | 1.39 | 7,575 | 37.88 |
| 4 | ശ്രീലങ്ക | 14,200 | 1.35 | 2,539 | 12.70 |
| 5 | മറ്റു രാജ്യങ്ങൾ | 11,100 | 1.06 | | |
| | ആകെ | 10,50,700 | 100.00 | | |





## 2010ലെ കൊപ്രയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഇന്തോനേഷ്യ | 38,000 | 29.39 | 11,451 | 57.26 |
| 2 | ഇന്ത്യ | 16,927 | 13.09 | 16,037 | 80.19 |
| 3 | പപുവ ന്യൂ ഗിനിയ | 17,000 | 13.15 | 28,908 | 144.54 |
| 4 | സോളമൻ ദ്വീപ് | 23,466 | 18.15 | 11,055 | 55.28 |
| 5 | ശ്രീലങ്ക | 8,500 | 6.57 | 1,220 | 6.10 |
| 6 | വനുവാടു | 13,500 | 10.44 | 6,363 | 31.82 |
| 7 | മറ്റു രാജ്യങ്ങൾ | 11,900 | 9.20 | | |
| | ആകെ | 1,29,293 | 100.00 | | |





## 2010ലെ പച്ചത്തേങ്ങയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | വിയറ്റ്നാം | 122,767 | 37.11 | 24,553 | 122.77 |
| 2 | ഇന്തോനേഷ്യ | 1,00,119 | 30.26 | 14,618 | 73.09 |
| 3 | ശ്രീലങ്ക | 38,911 | 11.76 | 11,212 | 56.06 |
| 4 | ഇന്ത്യ | 16,578 | 5.01 | 11,409 | 57.05 |
| 5 | മലേഷ്യ | 16,016 | 4.84 | 2,365 | 11.83 |
| 6 | മറ്റു രാജ്യങ്ങൾ | 34,460 | 10.42 | | |
| | ആകെ | 3,30,861 | 100.00 | | |




### 2010ലെ ചിരട്ടക്കരിയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഫിലിപ്പീൻസ് | 35,000 | 14.54 | 11,190 | 55.95 |
| 2 | ഇന്തോനേഷ്യ | 1,86,910 | 77.67 | 64,920 | 324.60 |
| 3 | ഇന്ത്യ | 15,862 | 6.59 | 5,490 | 27.45 |
| 4 | ശ്രീലങ്ക | 2,873 | 1.19 | 1,123 | 5.62 |
| | ആകെ | 240645 | 100.00 | | |





### 2010ലെ തേങ്ങാപ്പാൽ/ക്രീമിന്റെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഇന്തോനേഷ്യ | 29,898 | 77.05 | 27,660 | 152.13 |
| 2 | ശ്രീലങ്ക | 7,319 | 18.86 | 10,419 | 57.30 |
| 3 | ഫിലിപ്പീൻസ് | 1,119 | 2.88 | 1,984 | 10.91 |
| 4 | സമോവ | 467 | 1.20 | 2,142 | 11.78 |
| | ആകെ | 38803 | 100.00 | | |




### 2010ലെ തേങ്ങാപാൽപ്പൊടിയുടെ കയറ്റുമതി

| ക്രമ. നമ്പർ | രാജ്യം | കയറ്റുമതി തോത് (മെട്രിക് ടണ്ണിൽ) | തോത് ശതമാനത്തിൽ | മൂല്യം (1000 അമേരിക്കൻ ഡോളറിൽ) | മൂല്യം (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ശ്രീലങ്ക | 3,817 | 45.34 | 15,566 | 85.61 |
| 2 | മലേഷ്യ | 3,447 | 40.95 | 10,277 | 56.52 |
| 3 | ഫിലിപ്പീൻസ് | 1,154 | 13.71 | 3,133 | 17.23 |
| | ആകെ | 8418 | 100.00 | | |



# നാടിന് അഭിമാനമായി നാളികേരോൽപന്ന കയറ്റുമതി

നാളികേരോത്പാദനത്തിൽ ആഗോളാടിസ്ഥാനത്തിൽ രണ്ടാം സ്ഥാനം അലങ്കരിച്ചുകൊണ്ട് മുൻപന്തിയിൽ നിൽക്കുമ്പോഴും കേരോൽപന്ന കയറ്റുമതിയിൽ നമ്മുടെ രാജ്യം പിന്നോക്കമാണ്. ഇന്തോനേഷ്യയും ഫിലിപ്പീൻസും മലേഷ്യയും ശ്രീലങ്കയുമെല്ലാം നമ്മേക്കാൾ ബഹുദൂരം മുന്നിലാണ്. ഒന്നാംകിട ഗവേഷണ സ്ഥാപനങ്ങളും ഉൽപന്ന വികസനത്തിനുള്ള സൗകര്യങ്ങളും ലഭ്യമാണെങ്കിലും വൈവിധ്യവൽക്കൃത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകരുടെ എണ്ണം തുലോം തുച്ഛമാണിവിടെ. ആരോഗ്യകരമായ ജീവിതശൈലിയെക്കുറിച്ചും പ്രകൃതിദത്ത ഭക്ഷ്യവസ്തുക്കളെക്കുറിച്ചും ലോകമെമ്പാടും ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അവബോധം കേരോൽപന്ന കയറ്റുമതിക്ക് സുവർണ്ണാവസരമാണ് ഒരുക്കുന്നത്. ഈ അവസരം പ്രയോജനപ്പെടുത്തി ജൈവവെളിച്ചെണ്ണയും വെളിച്ചെണ്ണയും പായ്ക്കറ്റിലാക്കിയ കരിക്കിൻവെള്ളവും, ശീതികരിച്ച ചുരണ്ടിയ തേങ്ങയും (frozen grated coconut) കയറ്റുമതി ചെയ്ത് നേട്ടങ്ങൾ കൊയ്യുന്ന സംരംഭകരെ പരിചയപ്പെടാം.

## കടൽ കടക്കുന്ന ജൈവ വെളിച്ചെണ്ണ

കേരങ്ങളുടെ നാട്ടിലെ വെളിച്ചെണ്ണ കടൽ കടന്നെത്താൻ കാത്തിരിക്കുകയാണ് ഇന്ന് വിദേശ വിപണി. വെളിച്ചെണ്ണയ്ക്ക് എതിരായി പ്രചരിച്ച കുപ്രചാരങ്ങളിൽ ജീവിക്കുന്ന അനേകം ജനങ്ങൾ നമ്മുടെ നാട്ടിൽ തന്നെ ഉണ്ടെങ്കിലും വിദേശീയർ വെളിച്ചെണ്ണയുടെ പ്രാധാന്യവും ഔഷധ ഗുണങ്ങളും ഇതിനോടകം തിരിച്ചറിഞ്ഞു കഴിഞ്ഞു. ജൈവവെളിച്ചെണ്ണയ്ക്കും മറ്റു നാളികേര ഉപോൽപന്നങ്ങൾക്കുമാണ് വിദേശത്ത് ഏറെ പ്രാധാന്യം. അതു കൊണ്ടു തന്നെയാണ് ജൈവ നാളികേര ഉൽപന്നങ്ങൾക്ക് നമ്മുടെ നാട്ടിലും മൂല്യം കൂടി വരുന്നത്.

തെങ്ങു വെട്ടി റബ്ബർ വച്ചിരുന്ന കാലത്ത് കല്പവൃക്ഷത്തെ നിലനിർത്തി മാതൃക കാണിച്ച കേരകർഷകനാണ് കോതമംഗലത്തെ ജയിംസ് തോമസ്. ഈ കേരവൃക്ഷ സ്നേഹം വെറുതേയായില്ല, നാളികേര ഉൽപന്നങ്ങൾ കൊണ്ടു തന്നെ ജയിംസ് ഇതിനോടകം പ്രസിദ്ധിയാർജിച്ചു കഴിഞ്ഞു. പ്രധാനമായും ജൈവ വെളിച്ചെണ്ണയാണ് ജയിംസ് നിർമ്മിക്കുന്നത്.

കഴിഞ്ഞ എട്ട് വർഷത്തോളമായി പൂർണ്ണമായും ജൈവകർഷകനാണ് ജയിംസ്. അദ്ദേഹത്തിന്റെ തോട്ടത്തിന് ഇൻഡൊസെർട്ടിൽ നിന്ന് ജൈവ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

മാസം തോറും രണ്ടു ടണ്ണോളം ജൈവ വെളിച്ചെണ്ണയാണ് ഇടനിലക്കാർ വഴി ജയിംസ് തോമസ് കയറ്റുമതി ചെയ്യുന്നത്. പ്രധാനമായും അമേരിക്ക, സൗദി അറേബ്യ, ചെക്ക് റിപ്പബ്ലിക്ക്, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നത്. ആദ്യ ആട്ടലിൽ തന്നെ വേർതിരിച്ചെടുക്കുന്ന നിറം കുറഞ്ഞതും വെളിച്ചെണ്ണയുടേതായ ഗന്ധമില്ലാത്തതുമായ എണ്ണയ്ക്ക് അമേരിക്കയിലും യൂറോപ്പിലും നല്ല വിപണി സാധ്യതകളാണുള്ളത്. സാധാരണയായി വെളിച്ചെണ്ണ ഇറക്കുമതി ചെയ്ത ശേഷം വെളിച്ചെണ്ണയുടെ ഗന്ധം ഇല്ലാതാക്കിയാണ് യൂറോപ്യന്മാർ വിപണിയിൽ വിൽക്കുന്നത്. വെളിച്ചെണ്ണയുടെ ഗന്ധം അധികം യൂറോപ്യൻമാർക്കും ഇഷ്ടമില്ലാത്തതു കൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്. എന്നാൽ വെളിച്ചെണ്ണയുടെ ഔഷധഗുണം മറ്റു എണ്ണകളെ അപേക്ഷിച്ചു നോക്കുമ്പോൾ ഏറെ മുൻപന്തിയിലാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ടുതന്നെയാവാം അവർ വെളിച്ചെണ്ണ തന്നെ ഉപയോഗിക്കുന്നതും.

ജയിംസ് തോമസ് അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന വെളിച്ചെണ്ണ കോളസ്ട്രോളിനെതിരായുള്ള മരുന്നു നിർമ്മാണത്തിനായാണ് ഉപയോഗിക്കുന്നതെന്നുള്ളതാണ് ഏറെ കൗതുകകരം. വെളിച്ചെണ്ണ സംസ്ക്കരിച്ച് കാപ്സ്യൂളുകളാക്കി മാറ്റുമത്രേ. വെളിച്ചെണ്ണ കഴിച്ചാൽ കൊളസ്ട്രോൾ വരുമെന്ന് വിളിച്ചു പറയുന്ന മലയാളികൾക്കു തന്നെ ഇതൊരു മറുപടിയാണ്.

ജയിംസ് തോമസ് തന്റെ 28 ഏക്കർ തെങ്ങിൻ തോട്ടത്തിൽ ജാതിയും കൊക്കോയും വാഴയും കമുകുമെല്ലാം ഇടവിളയായി കൃഷി ചെയ്യുന്നു. അദ്ദേഹത്തിന്റെ തോട്ടത്തിലെ ഒരു പൊതിച്ച നാളികേരത്തിന് 800 ഗ്രാം മുതൽ 1 കി. ഗ്രാം വരെ തൂക്കം വരുന്നുണ്ട്. ജൈവകൃഷിയിലൂടെ തന്റെ വരുമാനം 30 ശതമാനത്തിലേറെ വർദ്ധിച്ചിട്ടുണ്ടെന്നാണ് ജയിംസിന്റെ അഭിപ്രായം. സ്വന്തം ജൈവ തോട്ടത്തിലെ നാളികേരത്തിനു പുറമേ മറ്റു ജൈവ കർഷകരിൽ നിന്ന് ഉയർന്ന വില നൽകി ജയിംസ് നാളികേരം വാങ്ങി സംസ്കരിക്കുന്നുമുണ്ട്. രണ്ട് കൊപ്ര ഡ്രയറുകളും രണ്ട് എക്സ്പെല്ലറുകളും ഇദ്ദേഹത്തിന് സ്വന്തമായുണ്ട്. ആറ് മാസത്തോളമേ ആയിട്ടുള്ളൂ ജൈവ വെളിച്ചെണ്ണ കയറ്റുമതി ചെയ്യാൻ ആരംഭിച്ചിട്ട്. വെളിച്ചെണ്ണ കയറ്റുമതി ചെയ്തിരുന്ന ജയിംസ് ജൈവവെളിച്ചെണ്ണയുടെ ഡിമാന്റ് കണ്ടാണ് അതിലേക്ക് തിരിഞ്ഞത്. ഇതുവരെ 15 ടണ്ണിലധികം വെളിച്ചെണ്ണ കയറ്റുമതി ചെയ്തുക



*ജയിംസ് തോമസ്*

ഴിഞ്ഞു. ഒരു ലിറ്ററിന് 100 രൂപയ്ക്കാണ് പ്രാദേശികമായി വിപണനം ചെയ്യുന്നത്. 200 കി. ഗ്രം ബാരലുകളിലും 25 ലിറ്റർ കാനുകളിലുമാണ് പായ്ക്ക് ചെയ്യുന്നത്.

ജയിംസ് തോമസ് സന്തോഷവാനാണ്. ജൈവ സർട്ടിഫിക്കേഷനോടു കൂടിയ ജൈവ നാളികേരവും ജൈവ വെളിച്ചെണ്ണയും തന്നെയാണ് ഇദ്ദേഹത്തെ സ്വപ്ന തുല്യമായ സ്ഥാനം കരസ്ഥമാക്കാൻ സഹായിച്ചത്. കേരകർഷകർക്ക് ഇതിലും വലിയ എന്തു മാതൃകയാണ് വേണ്ടത്.

***വിലാസം:*** *ഒറ്റക്കാട്ടിൽ ഹൗസ്, ചേലാട് പി.ഒ., കോതമംഗലം, മൊബൈൽ: 9946662580.*

## കെഎൽഎഫ് നിർമ്മൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്

കഴിഞ്ഞ രണ്ട് ദശകങ്ങളായി രാജ്യത്തെ പ്രമുഖ വെളിച്ചെണ്ണ നിർമ്മാതാക്കളാണ് കെഎൽഎഫ് നിർമ്മൽ ഇൻഡസ്ട്രീസ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിലൂടെ സംഭരിക്കുന്ന ഗുണമേന്മയുള്ള കൊപ്ര ആട്ടിയെടുക്കുന്ന വെളിച്ചെണ്ണ 'കെഎൽഎഫ് നിർമ്മൽ'



*കെഎൽഎഫ് നിർമ്മൽ ഇൻഡസ്ട്രീസ്*

ബ്രാൻഡിൽ വിപണനം ചെയ്യുന്നു. തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലാണ് എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ ഓയിൽ മിൽ പ്രവർത്തിക്കുന്നത്.

ഇരിങ്ങാലക്കുട ഒരുകാലത്ത് ചെറുകിട, ഇടത്തരം മില്ലുകളുടെ കേന്ദ്രമായിരുന്നു. കമ്പനിയുടെ സ്ഥാപകൻ ശ്രീ. കെ.എൽ. ഫ്രാൻസിസ് ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകരിൽ നിന്ന് നേരിട്ട് ഗുണമേന്മയുള്ള കൊപ്ര ശേഖരിക്കുകയാണ് ചെയ്തിരുന്നത്. ഇതുവഴി കർഷകർക്ക് അവരുടെ ഉൽപന്നത്തിന് നല്ലവിലയും ലഭിച്ചിരുന്നു. പരമ്പരാഗത റോട്ടറി ചക്കുകളിൽ നിന്ന് മാറി കൂടുതൽ അളവിൽ എണ്ണ ലഭ്യമാക്കുന്ന എക്സ്പെല്ലറുകൾ ഉപയോഗിക്കുവാൻ തുടങ്ങിയത് അദ്ദേഹമാണ്.

കേരളത്തിൽ മാത്രമല്ല കർണ്ണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലെല്ലാം വിപണിയുള്ള 'കെഎൽഎഫ് നിർമ്മൽ' ഐഎസ്ഒ 9001 സർട്ടിഫിക്കേഷന് ഉടമയാണ്. ഐഎസ്ഒ 14001 സർട്ടിഫിക്കേഷനും ഐഎസ്ഒ 22000 സർട്ടിഫിക്കേഷനും കെഎൽഎഫിന് ലഭിച്ചിട്ടുണ്ട്.

2002–03 ലാണ് കെഎൽഎഫ് കയറ്റുമതി രംഗത്ത് പ്രവേശിച്ചത് യു.എ.ഇ., ബഹ്റൈൻ, കുവൈറ്റ്, സൗദി അറേബ്യ, ഒമാൻ, ഖത്തർ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്കാണ് വെളിച്ചെണ്ണ കയറ്റുമതി ചെയ്യുന്നത്. അമേരിക്ക, ദക്ഷിണാഫ്രിക്ക, ടാൻസാനിയ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കയറ്റുമതി സംബന്ധിച്ച അന്വേഷണങ്ങൾ തുടരെ ലഭിക്കുന്നുണ്ട്. ഈ രാജ്യങ്ങളിലേക്ക് വെളിച്ചെണ്ണ കയറ്റുമതിയും ചെയ്യുന്നു. ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ പാരമ്പര്യേതര ഉൽപന്ന (വെളിച്ചെണ്ണ) ത്തിനുള്ള 2004-05ലെ കയറ്റുമതി അവാർഡും, നാളികേര വികസന ബോർഡിന്റെ ബെസ്റ്റ് എക്സ്പോർട്ടർ 2008 അവാർഡും കെ.എൽ.എഫിന് ലഭിച്ചിട്ടുണ്ട്.

***വിലാസം:*** *ഫാദർ ഡിസ്മസ് റോഡ്, ഇരിഞ്ഞാലക്കുട, 680121, ഫോൺ: 0480-2826705.*

## പ്യൂർ ട്രോപ്പിക്

പ്രകൃതിയുടെ അമൂല്യവരദാനമായ കരിക്കിൻ വെള്ളം സംസ്ക്കരിച്ച് പായ്ക്ക് ചെയ്ത് കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണ് പ്യൂർ ട്രോപ്പിക്. തെങ്ങുകൃഷി മേഖലയായ തിരുപ്പൂർ സ്വദേശികളായ ഷൺമുഖനും മോഹൻരാജും ചേർന്ന് ആരംഭിച്ച പാർട്ട്ണർഷിപ്പ് കമ്പനിയാണിത്. കരിക്കിൻ വെള്ളത്തിന്റെ ഡിമാന്റ് മനസ്സിലാക്കി, സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് 'ടെൻഡോ' ബ്രാൻഡിൽ കരിക്കിൻവെള്ളം പായ്ക്ക് ചെയ്ത് വിപണിയിലിറക്കുന്നു.

കരിക്കിൻവെള്ളം അതിന്റെ ഏറ്റവും പ്രകൃതിദത്ത രൂപത്തിൽ, എല്ലാ ആരോഗ്യപരമായ മേന്മകളും സ്വാദും നിലനിർത്തിക്കൊണ്ട് പായ്ക്ക് ചെയ്യുക എന്നതായിരുന്നു ഉദ്ദേശ്യം. നിരവധി ഗവേഷണ, നിരീക്ഷണങ്ങൾക്കുശേഷം ടെട്രാപായ്ക്കിൽ കരിക്കിൻ വെള്ളം പായ്ക്ക് ചെയ്താൽ ഗുണമേന്മകളെല്ലാം അതേപടി നിലനിർത്താമെന്ന് മനസ്സിലാക്കി ആ വഴി തെരഞ്ഞെടുക്കുകയായിരുന്നു. അൾട്രാ ഹൈ ടെമ്പറേച്ചർ സ്റ്റെറിലൈസേഷൻ രീതിയിലാണ് കരിക്കിൻ വെള്ളം സംസ്കരിച്ച് പായ്ക്ക് ചെയ്യുന്നത്. പ്രതിദിനം 1,75,000 കരിക്കാണ് സംസ്ക്കരിക്കുന്നത്. പ്രതിമാസം 2 ലക്ഷം പായ്ക്കറ്റുകളാണ് ഉത്പാദിപ്പിക്കുന്നത്. 200 മി. ലി. പായ്ക്കുകളിലാണ് ടെൻഡോ വിപണിയിൽ ലഭിക്കുന്നത്.

പ്യൂർട്രോപ്പിക്കിന്റെ തുടക്കം അനായാസകരമായിരുന്നില്ല. ഉയർന്ന ഗുണനിലവാരം ഉണ്ടായിട്ടും ഉൽപന്നത്തിന് വിപണി കണ്ടെത്താൻ ബുദ്ധിമുട്ടി. വടക്കേ അമേരിക്കൻ വിപണിയിലേക്കാണ് ആദ്യ അവസരം തുറന്ന് കിട്ടിയത്. വടക്കേ അമേരിക്കയിലെ ഏഷ്യക്കാർക്കിടയിൽ ടെൻഡോയ്ക്ക് നല്ല സ്വീകരണമാണ് ലഭിച്ചത്. ഇപ്പോൾ വടക്കേ അമേരിക്കയിലെ മുൻനിര ചില്ലറ വിൽപ്പനശാലകളിലെല്ലാം ടെൻഡോ ഇടം കണ്ടെത്തിയിരിക്കുന്നു. ആദ്യവിജയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കയറ്റുമതിക്കായി ലോകം മുഴുവൻ തന്നെ ലക്ഷ്യമിടുകയാണിവർ. ഏഷ്യൻ ജനത വസിക്കുന്ന എല്ലാ രാജ്യങ്ങളിലേയ്ക്കും കയറ്റുമതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വടക്കേ അമേരിക്കയ്ക്ക് പുറമേ, യൂറോപ്പും ആസ്ത്രേലിയയും ടെൻഡോയുടെ വൻ വിപണിയായി മാറിയിട്ടുണ്ട്.




സംസ്കരണത്തിന്റേയും വിതരണത്തിന്റേയും എല്ലാ ഘട്ടങ്ങളിലും ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങളെല്ലാം പാലിച്ചാണ് 'ടെൻഡോ' ഉപഭോക്താവിന്റെ കയ്യിലെത്തുന്നത്. സ്ഥിരമായി ഒരേ കർഷകരുടെ തോട്ടങ്ങളിൽ നിന്നാണ് കരിക്ക് ശേഖരിക്കുന്നത്. കരിക്ക് താഴേക്ക് വെട്ടിയിടാതെ കെട്ടിയിറക്കുകയാണ് ചെയ്യുന്നത്. അതിനായി തെങ്ങിൽ കയറുന്നവർക്ക് പ്രത്യേക പരിശീലനവും നൽകുന്നു. താഴേക്ക് വെട്ടിയിടുന്നത് കരിക്കിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്നതിനാലാണിത്. ഗുണമേന്മയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും പ്യൂർട്രോപ്പിക് തയ്യാറല്ല.

പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം കയറ്റുമതി ചെയ്യുമ്പോൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി കരിക്കിൻ വെള്ളത്തിന്റെ പോഷകഗുണങ്ങളെക്കുറിച്ച് ഭൂരിഭാഗം ജനങ്ങളും ബോധവാൻമാരല്ല എന്നതു തന്നെയാണ്. രണ്ടാമത്, തായ്‌ലന്റ് പോലുള്ള രാജ്യങ്ങളിൽ നിന്ന് തേങ്ങ വെള്ളം പായ്ക്ക് ചെയ്ത് കുറഞ്ഞ വിലയ്ക്ക് വിപണിയിൽ എത്തുന്നുണ്ട്. കരിക്കിൻ വെള്ളവും തേങ്ങവെള്ളവും തമ്മിൽ പോഷകഗുണത്തിലുള്ള അന്തരവും കരിക്കിൻവെള്ളത്തിന്റെ ആരോഗ്യദായകഗുണങ്ങളും ഉയർത്തിക്കാട്ടിയാൽ മാത്രമേ ഇത്തരം വെല്ലുവിളികൾ നേരിടാനാവൂ.

കയറ്റുമതി മേഖലയിൽ കമ്പനിക്ക് ശുഭപ്രതീക്ഷകളാണുള്ളത്. ലോകമെമ്പാടും തന്നെ ഉപഭോക്താക്കൾക്കിടയിൽ ആരോഗ്യദായക പ്രകൃതിദത്ത ഭക്ഷ്യോൽപന്നങ്ങളെ സംബന്ധിച്ച് വർദ്ധിച്ചുവരുന്ന അവബോധം കരിക്കിൻവെള്ളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ശുഭോദർക്കമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 2011–12ൽ കമ്പനിയുടെ വാർഷിക വിറ്റുവരവ് 2 കോടി രൂപയായിരുന്നു. 2010–11ൽ അത് 40 ലക്ഷം രൂപ മാത്രമായിരുന്നു. ഒരു ടെട്രാ പായ്ക്ക് മെഷീൻകൂടി സ്ഥാപിച്ച് 330 മി.ലി. വലിപ്പമുള്ള പായ്ക്കറ്റിൽ കരിക്കിൻ വെള്ളം പായ്ക്ക് ചെയ്യാനും കമ്പനി ലക്ഷ്യമിടുന്നു.

***വിലാസം:*** *283, മംഗളം റോഡ്, കറുവംപാളയം, തിരുപ്പൂർ-641604,*
Web: tendococonut water.com

## തരകൻ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്

ആലപ്പുഴ ജില്ലയിലെ എഴുപുന്നയിൽ പ്രവർത്തിക്കുന്ന തരകൻ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സാരഥി ലാലൻ തരകൻ ശ്രദ്ധേയനാകുന്നത് ചുരണ്ടിയ തേങ്ങ ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നതിലൂടെയാണ്. തേങ്ങയുടെ വിലയിടിവാണ് അദ്ദേഹത്തെ ഇത്തരമൊരു വേറിട്ട സംരംഭത്തിലേക്ക് നയിച്ചത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ, തൃശൂർ ജില്ലയിലെ ചാലക്കുടി മേഖലകളിൽ നിന്നാണ് തേങ്ങ




ശേഖരിക്കുന്നത്. സമീപപ്രദേശങ്ങളിൽ നിന്നും തേങ്ങ എടുക്കുന്നുണ്ട്. തേങ്ങ തൂക്കത്തിന് എടുക്കുകയാണ് ചെയ്യുന്നത്. ഒരു കിലോഗ്രാമിന് 11.50 രൂപ മുതൽ 12 രൂപ വരെയാണ് നൽകുന്നത്.

പ്രതിമാസം 2 ലക്ഷം തേങ്ങ സംസ്കരിക്കുന്നുണ്ട്. തേങ്ങ ചിരട്ട പൊട്ടിച്ച് കാമ്പ് പൊട്ടാതെ പുറത്തെടുക്കുന്നു. തേങ്ങയുടെ പുറന്തൊലി ചീകി കളഞ്ഞതിനുശേഷം വെള്ളം കളഞ്ഞ് ശുദ്ധജലത്തിൽ നന്നായി കഴുകി, ഗ്രേറ്ററിൽ ഇട്ട് ചുരണ്ടിയെടുക്കുന്നു. ലാലൻ തരകൻ സ്വയം രൂപകൽപ്പന ചെയ്ത ഗ്രേറ്ററാണ് ഇതിനായി ഉപയോഗിക്കുന്നത്. ചുരണ്ടിയ തേങ്ങ പായ്ക്ക് ചെയ്തതിനുശേഷം ശീതികരിച്ച് വിപണനം ചെയ്യുന്നു. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചാണ് സംസ്കരണം നടക്കുന്നത്. വെള്ളത്തിന്റെ പരിശുദ്ധി ഉറപ്പാക്കാൻ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

ലാലൻ തരകൻ 2008ലാണ് ശീതികരിച്ച തേങ്ങ കയറ്റുമതി ചെയ്യാൻ ആരംഭിച്ചത്. ആദ്യകാലത്ത് ഗുജറാത്തിലെ ഒരു കമ്പനിക്ക് ഉൽപന്നം കൊടുക്കുകയാണ് ചെയ്തിരുന്നത്. 2010 ൽ സ്വയം കയറ്റുമതി ചെയ്യാൻ ആരംഭിച്ചു.ഒരു വർഷം 25 ടൺ ഉൽപന്നമാണ് കയറ്റുമതി ചെയ്യുന്നത്. യൂറോപ്യൻ രാജ്യങ്ങളിലേക്കാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്. ഇതിനുപുറമേ, ഒരു മാസം 21 മുതൽ 25 ടൺ വരെ ഉൽപന്നം മറ്റ് കയറ്റുമതി വ്യാപാരികൾക്ക് നൽകുന്നുണ്ട്. 'കിൻകായ്' (kinkai) ബ്രാൻഡിലാണ് ഉൽപന്നം സ്വന്തമായി കയറ്റുമതി ചെയ്യുന്നത്. 2010ൽ സ്വന്തമായി കയറ്റുമതി ആരംഭിക്കുമ്പോൾ വാർഷിക വിറ്റുവരവ് 50 ലക്ഷം രൂപയായിരുന്നത് 2012 ൽ 1.5 കോടി രൂപയായി വർദ്ധിച്ചു.

ചുരണ്ടിയ തേങ്ങ ഉത്പാദനത്തിലെ ഉപോൽപന്നങ്ങളായ തേങ്ങയുടെ പുറന്തൊലി ഫിഷ്ഫീഡ് നിർമ്മിക്കാനും തേങ്ങവെള്ളം ഉപയോഗപ്പെടുത്തി സൈഡർ നിർമ്മിക്കാനുമുള്ള തയ്യാറെടുപ്പിലാണ് ലാലൻ തരകൻ.

നാളികേരോൽപന്നങ്ങളുടെ കയറ്റുമതിയിൽ പ്രതീക്ഷയുടെ നുറുങ്ങുവെളിച്ചമാണ് ഈ വിജയഗാഥകൾ. ഇത്തരത്തിലുള്ള സംരംഭങ്ങൾ കയറ്റുമതിയിൽ പുതിയ ഉയരങ്ങൾ താണ്ടാൻ മാർഗ്ഗദർശനമേകുമെന്ന് പ്രതീക്ഷിക്കാം.

***വിലാസം:*** *എഴുപുന്ന പി.ഒ, ചേർത്തല, മൊബൈൽ: 9447260482.*

# അമേരിക്കൻ വിപണികളിൽ വർദ്ധിച്ചുവരുന്ന കേരോൽപന്ന സാന്നിദ്ധ്യം

**പി. രത്തിനം**

ഈശ്വരന്റെ വരദാനമായ തെങ്ങ് ആഹാരത്തിന്റെയും പാനിയത്തിന്റെയും രൂപത്തിൽ ഭക്ഷ്യസുരക്ഷ മാത്രമല്ല ഔഷധാഹാരവും പോഷകാഹാരവുമേകിക്കൊണ്ട് ആരോഗ്യസുരക്ഷയും പോഷണസുരക്ഷയും ശരീര സൗന്ദര്യപരിരക്ഷയും നൽകി 'കൽപവൃക്ഷം' എന്ന നാമം അന്വർത്ഥമാക്കുന്നു. ഇളനീർ എന്ന ഒരൊറ്റ ഉൽപന്നം തന്നെ മേൽപ്പറഞ്ഞ എല്ലാ ധർമ്മങ്ങളും നിറവേറ്റുന്നു. തേങ്ങയാകട്ടെ അസംഖ്യം മൂല്യവർദ്ധിതോൽപന്നങ്ങളുടെ സമൃദ്ധ സ്രോതസ്സുമാണ്.

നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്ന നാളികേരം ആഭ്യന്തരഉപഭോഗത്തിനു ശേഷം കൊപ്ര നിർമ്മാണത്തിനും വെളിച്ചെണ്ണ ഉത്പാദനത്തിനുമാണ് ഉപയോഗപ്പെടുത്തുന്നത്. വളരെ ചെറിയൊരു ശതമാനം മാത്രമാണ് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നത്. നാളികേരത്തിൽ നിന്ന് നിർമ്മിക്കാവുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിരവധിയാണ്. എല്ലായ്പ്പോഴും നാളികേരത്തിന്റെ വില വെളിച്ചെണ്ണ വിലയെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കുന്നത്. അതുകൊണ്ട് തന്നെ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. അടുത്തിടെ വരെ കേരോൽപന്ന വൈവിദ്ധ്യവത്ക്കരണ രംഗത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും തന്നെ കാഴ്ചവെയ്ക്കുവാൻ നമ്മുടെ കേരമേഖലയ്ക്ക് കഴിഞ്ഞിരുന്നില്ല. നമ്മുടെ കേരമേഖലയൊട്ടാകെ ഒരു ഉടച്ചുവാർക്കൽ അനിവാര്യമാണ്. എല്ലാത്തിനുമുപരിയായി വേണ്ടത് ഇതിനെല്ലാം അനുകൂലമായ മനസ്സാണ്.

തേങ്ങയിൽ നിന്ന് മാത്രമല്ല, തെങ്ങ് മൊത്തത്തിൽ തന്നെ മൂല്യവർദ്ധിതോൽപന്നങ്ങളുടെ ഖജനാവാണ്. വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, തേങ്ങാപ്പാൽ, തേങ്ങാപ്പാൽപൊടി, തൂൾതേങ്ങ, കൊഴുപ്പകറ്റിയ തൂൾതേങ്ങപ്പൊടി, കോക്കനട്ട് ഡയറ്ററിഫൈബർ (ഭക്ഷ്യനാര്), തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര, തേങ്ങവെള്ളത്തിൽ നിന്നും നിർമ്മിച്ച പാനീയങ്ങൾ, വിന്നാഗിരി, ഉത്തേജിത കരി, കയറും കയറുൽപന്നങ്ങളും, ഭൂവസ്ത്രം, തൊണ്ടിൻ ചിപ്സ്, ചകിരിച്ചോർ, തെങ്ങിൻ തടി കൊണ്ടു നിർമ്മിച്ച ഫർണീച്ചർ, കരകൗശല വസ്തുക്കൾ തുടങ്ങിയവയ്ക്ക് നല്ല വിപണന സാദ്ധ്യതകളാണുള്ളത്. വെളിച്ചെണ്ണയിൽ നിർമ്മിക്കുന്ന ഒളിയോ കെമിക്കലുകൾ, ബയോഡീസൽ, ബയോലൂബ്രിക്കന്റുകൾ എന്നിവ ചില ഏഷ്യ പസഫിക് രാജ്യങ്ങളിൽ പ്രാമുഖ്യം നേടി വരുന്നുണ്ട്. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വില ഏതുസമയത്തും വെളിച്ചെണ്ണയെ അപേക്ഷിച്ച് വളരെക്കൂടുതലായിരിക്കും.

വാൾമാർട്ട്, ജയന്റ്, ഗ്രാന്റ് മാർട്ട്, ഷോപ്പേഴ്സ്, സിവിഎസ്, റൈറ്റ് എയ്ഡ്, വാൾഗ്രീൻ തുടങ്ങിയ യുഎൻ വിപണികളും ചൈന, വിയറ്റ്നാം, തായ്‌ലന്റ് എന്നിവിടങ്ങളിലെ വിപണികളും സന്ദർശിച്ച വേളയിലെ എന്റെ ചില അനുഭവങ്ങളും നിരീക്ഷണങ്ങളുമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി അമേരിക്ക സന്ദർശനത്തിനിടയിൽ എന്റെ പ്രത്യേക ശ്രദ്ധ പതിഞ്ഞ ഒരു വിഷയം മുൻകാലങ്ങളിൽ ഏഷ്യൻ വിപണികളിൽ മാത്രം കാണാൻ കഴിഞ്ഞിരുന്ന ചില ഉൽപന്നങ്ങളുടെ സാന്നിദ്ധ്യം അമേരിക്കൻ വിപണിയിൽ വർദ്ധിച്ചുവരുന്നു എന്നതാണ്. പ്രസ്തുത ഉൽപന്നങ്ങളുടെ ചിത്രങ്ങൾ ഇതോടൊപ്പം കൊടുക്കുകയാണ്; നമ്മുടെ നിർമ്മാതാക്കൾക്കും സംരംഭകർക്കും കയറ്റുമതിക്കാർക്കും പ്രയോജനകരമാകമെന്ന് പ്രതീക്ഷിക്കുന്നു.

കോക്കനട്ട് ഷുഗർ, തേങ്ങാപ്പാൽ ചേർന്ന ഐസ്ക്രീം, തൂൾത്തേങ്ങ ചേർന്ന വിവിധ ചോക്ലേറ്റുകൾ എന്നിവയും വിപണിയിൽ ലഭ്യമാണ്.

### വിപണനതന്ത്രങ്ങൾ

വിപണനം ഒരു കലയാണ്, തൊഴിൽപരമായ വൈശിഷ്ട്യവും ബിസിനസ്സ് തന്ത്രങ്ങളും ഇവിടെ അതീവ പ്രാധാന്യമർഹിക്കുന്നു. വിപണന തന്ത്രങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ട്രേഡ്മാർക്ക്, പായ്ക്കേജിംഗ്, ലേബലിംഗ് തുടങ്ങിയവ പ്രധാനമാണ്. ഇത്തരം ഉൽപന്നങ്ങൾക്ക് ആരോഗ്യപരമായ മേന്മയുണ്ടെങ്കിൽ അവ മികച്ച് നിൽക്കും.



*തേങ്ങാവെള്ളത്തിൽ നിന്നുള്ള വിവിധ തരം ഉൽപന്നങ്ങൾ*

***ട്രേഡ്മാർക്ക് :*** ഉപഭോക്താവ് വിശ്വസനീയ സ്രോതസ്സിൽ നിന്നുള്ള ഗുണമേന്മയുള്ള ഉൽപന്നത്തെക്കുറിച്ച് അത്യന്തം ബോധവാനാണ്. ട്രേഡ് മാർക്കുള്ള ഉൽപന്നങ്ങൾ ട്രേഡ് മാർക്ക് ഇല്ലാത്തവയെ അപേക്ഷിച്ച് വളരെ നന്നായി വിപണനം ചെയ്യപ്പെടുന്നു. ഫൈവ്സ്റ്റാർ, പെപ്സി എന്നിവയ്ക്കെല്ലാം ലോകവിപണിയിൽ നല്ല ഡിമാന്റാണുള്ളത്.

***പായ്ക്കേജിംഗ്:*** ആകർഷകമായ പായ്ക്കേജിംഗ് വളരെയേറെ പ്രാധാന്യമർഹിക്കുന്നു. വിവിധതരം ആകർഷകമായ പായ്ക്കിംഗ് സാമഗ്രികൾ വിപണിയിൽ ലഭ്യമാണ്. ഉപഭോക്താവിന് സൗകര്യപ്രദമായ രീതിയിൽ പ്രത്യേകിച്ച് ചെറിയ അളവിലും ഉടനടി ഉപയോഗിക്കുവാൻ അനുയോജ്യമായ വിധത്തിലും മറ്റുമുള്ള പായ്ക്കിംഗ് വളരെയേറെ ലാഭകരമാണ്. പായ്ക്കേജിംഗ് ഗവേഷണം ലോകമെമ്പാടും നിരന്തരം തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്.

***ലേബലിൽ നൽകുക:*** ഉൽപന്നങ്ങളിൽ അടങ്ങിയിരിക്കുന്ന പോഷകഘടകങ്ങളെക്കുറിച്ച് ഉപഭോക്താവ് വളരെയേറെ ജാഗരൂകരാണ്. 100 മി.ലി. കരിക്കിൻവെള്ളം കുടിച്ചാൽ ലഭിക്കുന്ന ഊർജ്ജത്തേയും പോഷകങ്ങളേയും സംബന്ധിച്ച് മനസ്സിലാക്കാൻ സാധിച്ചാൽ ജനത്തിന് പ്രസ്തുത ഉൽപന്നം ബോദ്ധ്യപ്പെടുകയും തങ്ങളുടെ ആവശ്യമനുസരിച്ച് ഉപയോഗിക്കേണ്ട അളവ് തീരുമാനിക്കുവാൻ സാധിക്കുകയും ചെയ്യുന്നു.

***'നിഷേ' (Niche) ഉൽപന്നങ്ങളുടെ വിപണനം:*** ശ്രദ്ധേയമായ മറ്റൊരു മേഖലയാണ് 'നിഷേ' ഉൽപന്നങ്ങളുടേത്. ഇക്കാലത്ത് വിപണിയിൽ ജനപ്രിയമായിക്കൊണ്ടിരിക്കുന്ന നിരവധി 'നിഷേ' ഉൽപന്നങ്ങളുണ്ട്. ഇവയ്ക്ക് നല്ല ലാഭവും ലഭിക്കുന്നുണ്ട്. ഉദാഹരണത്തിന്, വെർജിൻ വെളിച്ചെണ്ണ ഒരു മൂല്യവർദ്ധിത ഉൽപന്നമാണ്. വെർജിൻ വെളിച്ചെണ്ണ ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ നിഷേ ഉൽപന്നങ്ങളായ മസ്സാജ് ഓയിൽ, അരോമ തെറാപ്പി ഉൽപ്പന്നങ്ങൾ, വെർജിൻ വെളിച്ചെണ്ണ കാപ്സ്യൂളുകൾ, ഷാമ്പൂ, ഫേഷ്യൽ ക്രീമുകൾ, ചർമ്മ സംരക്ഷണ ഉൽപന്നങ്ങൾ തുടങ്ങിയവ ഫിലിപ്പീൻസ്, തായ്‌ലന്റ്, ഫിജി, സമോവ, അമേരിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വിപണിയിൽ എത്താൻ തുടങ്ങിയിട്ടുണ്ട്. ഫിലിപ്പീൻസ് വെർജിൻ വെളിച്ചെണ്ണ ഉത്പാദനം തുടങ്ങിയകാലത്ത് ചെറിയ വിപണിയായായിരുന്നു ഉണ്ടായിരുന്നതെങ്കിലും അവിടെ ലാഭകരമായിരുന്നു.




*തേങ്ങാപ്പാൽ – വിവിധ ബ്രാൻഡുകളിൽ*




*വിവിധ തരം നാളികേര സൗന്ദര്യവർദ്ധക വസ്തുക്കൾ*

ഇപ്പോൾ അവർക്ക് വൻ കയറ്റുമതി വിപണിയുണ്ട്, വീണ്ടും പലവിധ വൈവിദ്ധ്യവത്കൃത ഉൽപന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

**നാളികേരത്തിന്റേയും നാളികേരോൽപന്നങ്ങളുടേയും പൊതുഗുണങ്ങൾ പ്രചരിപ്പിക്കുക:** നാളികേരത്തിന് പൊതുവേയും തേങ്ങാവെള്ളം, ഡയറ്ററിഫൈബർ, വെളിച്ചെണ്ണ, തെങ്ങിൻ ചക്കര തുടങ്ങിയ വിവിധതരം നാളികേരോൽപന്നങ്ങൾക്ക് പ്രത്യേകിച്ചും നിരവധി ആരോഗ്യദായക, രോഗനാശക ഗുണങ്ങളുണ്ട്. നാലായിരത്തോളം വർഷങ്ങൾക്കുമുമ്പ് രചിച്ച ആയുർവേദത്തിലെ പുരാതന ഗ്രന്ഥങ്ങളിൽ നാളികേരത്തിന്റെ ആരോഗ്യദായക ഗുണങ്ങൾ വർണ്ണിച്ചിരുന്നു. നാളികേരവും നാളികേരോൽപന്നങ്ങളും ആരോഗ്യത്തിന് നല്ലതാണെന്ന് സ്ഥാപിക്കുന്ന നിരവധി ശാസ്ത്രീയ തെളിവുകളുണ്ട്. വെളിച്ചെണ്ണയിലടങ്ങിയിരിക്കുന്ന മധ്യശൃംഖല കൊഴുപ്പമ്ലങ്ങളെക്കുറിച്ചുള്ള നിഗൂഢരഹസ്യങ്ങൾ പൂർണ്ണമായും വെളിപ്പെട്ട് വരുന്നതേയുള്ളൂ. ലാറിക് അമ്ലത്തിനും കാപ്രിക് അമ്ലത്തിനും വൈറസുകളേയും, സൂക്ഷ്മരോഗാണുക്കളേയും നശിപ്പിക്കുവാനുള്ള ശക്തിയുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ വളരെ മുമ്പ് തന്നെ മനസ്സിലാക്കിയിരുന്നു. ശരീരം മദ്ധ്യശൃംഖല കൊഴുപ്പമ്ലങ്ങൾ ശേഖരിച്ച് വയ്ക്കുന്നില്ല, മറിച്ച് ഊർജ്ജമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ലോറിക് അമ്ലം




ശരീരത്തിൽ മോണോലോറിനായി മാറി എച്ച് ഐവി രോഗാണുക്കളെ നശിപ്പിക്കുന്നു.

നമുക്ക് മനഃസ്ഥിതിയൊന്ന് മാറ്റാം. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടേയും ഗുണഗണങ്ങൾ ഉയർത്തിക്കാട്ടാം. അവയ്ക്കെതിരെ പൊരുതുന്നത് അവസാനിപ്പിക്കാം. കേരവ്യവസായത്തിനൊരു പുതിയ ദിശാബോധം നൽകാം. അമേരിക്കൻ വിപണി മാത്രമല്ല, ലോകവിപണി തന്നെ പിടിച്ചടക്കാം.

*മുൻ ചെയർമാൻ, നാളികേര വികസന ബോർഡ് & മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, എ.പി.സി.സി*

# വളരാൻ മനസ്സുണ്ടെങ്കിൽ, പിന്തുടരാം ഈ മാതൃക

**ദിപ്തി നായർ**

കാർഷിക കേരളത്തിന് മലേഷ്യ എന്ന രാജ്യത്തിന്റെ പേര് കേൾക്കുമ്പോൾ മുന്നിൽ തെളിഞ്ഞ് വരുന്ന വിളകൾ റബ്ബറും എണ്ണപ്പനയുമാണ്. കേരകൃഷിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ പാം ഓയിലിന്റെ ഇറക്കുമതിയിളവുകൾ കൊണ്ട് നമ്മുടെ നാടിന് ഭീഷണിയായി നിൽക്കുന്ന രാജ്യമാണ് മലേഷ്യ. എന്നാൽ ആഗോളവത്ക്കരണത്തിന്റേയും കുറഞ്ഞ ഇറക്കുമതിച്ചുങ്കങ്ങളുടേയും പ്രയോജനങ്ങൾ ഈ ചെറിയ രാജ്യം എങ്ങനെ ഫലപ്രദമായി ഉപയോഗിച്ചു എന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്നു.

നാളികേര കൃഷിയുടെ വിസ്തൃതിയിലും, ഉത്പാദനത്തിലും ഇന്തോനേഷ്യ, ഇന്ത്യ, ഫിലിപ്പീൻസ് എന്നീ മുൻനിരരാജ്യങ്ങളേക്കാൾ എത്രയോ പിന്നിലുള്ള രാജ്യമാണ് മലേഷ്യ. 2010 ലെ കണക്കുകൾ പ്രകാരം 1.1 ലക്ഷം ഹെക്ടർ വിസ്തൃതിയിൽ നിന്നും 46 കോടി നാളികേരമാണ് ഈ രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്നത്. കേരളത്തിലെ വടക്കൻ ജില്ലകളിലാണ് വ്യാപകമായി തെങ്ങുകൃഷി വ്യവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നത്. അതിലൊരു ജില്ലയിലെ കേരകൃഷിയുടെ വിസ്തൃതി മാത്രമേയുള്ളൂ മലേഷ്യ എന്ന രാജ്യത്തിന്റെ കേരകൃഷിയുടെ മൊത്തം വിസ്തൃതി. കേരളത്തിലെ കേരോത്പാദനത്തിന്റെ പത്തിലൊന്ന് പോലുമില്ല ഈ രാജ്യത്തിന്റേ കേരോത്പാദനം. എണ്ണപ്പന കൃഷിയുമായി താരതമ്യം ചെയ്യുമ്പോൾ കേരകൃഷിക്ക് പ്രസക്തി കുറവുമാണ്. എന്നാൽ നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ കൂടാതെ തൂൾതേങ്ങ, തേങ്ങപ്പാൽ, തേങ്ങപ്പാൽപൊടി, തേങ്ങപ്പാൽ ക്രീം, തേങ്ങപ്പാൽ ചോക്ലേറ്റ്, കേക്ക് തുടങ്ങി വിവിധതരം കേരോൽപന്നങ്ങൾ മലേഷ്യയിൽ ഉത്പാദിപ്പിച്ച് വരുന്നു. പായ്ക്കിംഗു കൊണ്ടും അവതരണത്തിലെ പുതുമ കൊണ്ടും ഉപഭോക്താവിനെ ആകർഷിക്കുന്ന തരത്തിലുള്ള ഉൽപന്നങ്ങൾ. കേരം തിങ്ങും കേരളനാട്ടിൽപ്പോലും ഇത്രയധികം കേരോൽപന്നങ്ങൾ ലഭ്യമല്ല. മൂന്ന് ലക്ഷം ചതുരശ്ര കിലോമീറ്ററിൽ താഴെ വിസ്തൃതിയുള്ള മലേഷ്യപോലെയുള്ള രാജ്യത്തിന് തെങ്ങ് എന്ന ഒറ്റവിളയിൽ നിന്നുമാത്രം ഇത്രയധികം സംസ്ക്കരിച്ച ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാമെങ്കിൽ കേരളത്തിന് എന്തുകൊണ്ട് ആയിക്കൂടാ എന്നതാണ് ചോദ്യം.




നാളികേരത്തിൽ നിന്നും ഉത്പാദിപ്പിക്കാവുന്ന ബഹുവിധങ്ങളായ സംസ്ക്കരണ ഉൽപന്നങ്ങളുടെ പ്രാധാന്യവും പ്രസക്തിയും ലോകവിപണിയിൽ വളർന്നുവരുന്നത് മനസ്സിലാക്കിക്കൊണ്ട് അവ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി നാളികേരവും കൊപ്രയും വെളിച്ചെണ്ണയും തൂൾതേങ്ങയുമൊക്കെ ഉത്പാദനകേന്ദ്രങ്ങളിൽ നിന്ന് വൻതോതിൽ ഇറക്കുമതി ചെയ്ത് സംസ്ക്കരിച്ചശേഷം ആകർഷകമായ പായ്ക്കിംഗിലൂടെ ലോകവിപണിയിലേക്ക് കയറ്റുമതി ചെയ്യുന്നു.ഇക്കാരണത്താൽ തന്നെ മലേഷ്യയിൽ പ്രസ്തുത ഉൽപന്നങ്ങൾക്കുള്ള ഇറക്കുമതിച്ചുങ്കം വളരെക്കുറവാണ്. കയറ്റുമതിക്ക് ചുങ്കവുമില്ല. നാളികേരത്തിൽ നിന്നുള്ള അനന്തസാദ്ധ്യതകൾ രാഷ്ട്രത്തിന്റെ താൽപര്യത്തിനും ധനാഗമനത്തിനുമായി, ചിട്ടയായ രീതിയിൽ പ്രയോജനപ്പെടുത്തുന്ന ഒരു രാജ്യത്തെയാണ് ഇവിടെ കാണാൻ കഴിയുന്നത്.

മലയാളിക്ക് തേങ്ങയില്ലാതെ ഒരു വിഭവവുമില്ല. പുരാതനകാലം മുതൽ വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും മതപരമായ ചടങ്ങുകളിലും നാളികേരത്തിന് പ്രാധാന്യമുണ്ട്. നാളികേരത്തിന്റെ വൈവിധ്യമാർന്ന ഗുണങ്ങളും ഔഷധപ്രാധാന്യവുമൊക്കെ മനസ്സിലാക്കിയ മലയാളി നാളികേരത്തിന് വിലയില്ല എന്ന് വിലപിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇതേ നാളികേരവും കൊപ്രയുമൊക്കെ വൻതോതിൽ ഇറക്കുമതി ചെയ്ത് വിവിധ തരം ഉൽപന്നങ്ങളാക്കി മലേഷ്യ വരുമാനമുണ്ടാക്കുന്നു, നമ്മളോ മലേഷ്യയിലെ പാം ഓയിൽ വരുന്നതിനെച്ചൊല്ലി പരിതപിക്കുന്നു. ആര് ആരിൽ നിന്നാണ് പഠിക്കേണ്ടത് എന്ന ചോദ്യം മാത്രം അവശേഷിക്കുന്നു.

നെടുമ്പാശ്ശേരിയിലും, തിരുവനന്തപുരത്തുമൊക്കെ വിമാനമിറങ്ങുമ്പോൾ കേരനിരകൾ കൈകാട്ടി വിളിച്ചാൽ മാത്രം പോര, കേരളത്തിന് നൽകപ്പെട്ട ഈ കൽപവൃക്ഷത്തിന്റെ സാദ്ധ്യതകൾ പരമാവധി വിനിയോഗിക്കുന്നതിൽ ഇനിയും അലംഭാവം കാണിച്ചുകൊണ്ടിരുന്നാൽ, നാളെ ബഹുരാഷ്ട്രകുത്തകകൾ നമ്മുടെ നാളികേരം വാങ്ങി, സംസ്ക്കരിച്ച് ഉൽപന്നങ്ങളാക്കി നമുക്ക് തന്നെ തിരിച്ചു നൽകുന്ന അവസ്ഥവരും.. ജാഗ്രത.

*മാർക്കറ്റിംഗ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11*

# ഭക്ഷ്യഎണ്ണ ഇറക്കുമതിയുടെ നേർചിത്രം

**കെ.എസ്. സെബാസ്റ്റ്യൻ**

ഭക്ഷ്യ എണ്ണകളുടെ അനിയന്ത്രിതമായ ഇറക്കുമതി രാജ്യത്തിനകത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യഎണ്ണകളുടെ വിലത്തകർച്ചയ്ക്ക് ഇടയാക്കുമെന്നത് അലംഘനീയമായ വസ്തുതയാണ്. 2011-12 വർഷത്തിൽ രാജ്യത്തെ മൊത്തം ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി മുൻവർഷം ഇതേ കാലയളവിലേക്കാൾ 22 ശതമാനം അധികമാണ് (പട്ടിക-1). നവംബർ 2011 മുതൽ ജൂലൈ 2012 വരെ ഇറക്കുമതി ചെയ്തിരിക്കുന്നത് 13,25,163 മെട്രിക്ടൺ ആർബിഡി പാമോലിനാണ്. തൊട്ടുമുൻ വർഷം ഇതേ കാലയളവിൽ ഇറക്കുമതി ചെയ്തിരുന്നത് 7,36,985 മെട്രിക് ടൺ മാത്രമായിരുന്നു. അതായത് ഈ വർഷം ആർബിഡി പാം ഓലിന്റെ ഇറക്കുമതിയിൽ 80 ശതമാനത്തോളം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതേകാലയളവിൽ സൂര്യകാന്തി എണ്ണയുടെ ഇറക്കുമതിയിൽ 52.15 ശതമാനവും, അസംസ്കൃത പാം കെർണൽ ഓയിൽ 35.30 ശതമാനവും, സോയാബീൻ ഓയിൽ 26.29 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. ഇറക്കുമതിയിലെ അനിതരസാധാരണമായ ഈ വർദ്ധനവ് ആഭ്യന്തര ഭക്ഷ്യ എണ്ണ ഉത്പാദന മേഖലയേയും, രാജ്യത്തെ ലക്ഷോപലക്ഷം കർഷകരേയും പ്രതികൂലമായി ബാധിക്കുമെന്നുള്ളതിൽ സംശയമില്ല.

പാംഓയിൽ ഉൾപ്പെടെ മിക്ക ഭക്ഷ്യഎണ്ണകളുടേയും ഇറക്കുമതി തീരുവ പരമാവധി 300 ശതമാനം വരെയായി നിജപ്പെടുത്തുവാൻ സാധിക്കും എന്നിരിക്കെയാണ് അസംസ്കൃത ഭക്ഷ്യഎണ്ണകൾക്ക് പൂജ്യം ശതമാനമായും ശുദ്ധീകരിച്ച ഭക്ഷ്യഎണ്ണയ്ക്ക് 7.5 ശതമാനമായും ഇറക്കുമതി തീരുവ നിജപ്പെടുത്തി വർദ്ധിച്ചതോതിൽ ഇറക്കുമതി ചെയ്തിരിക്കുന്നത് (പട്ടിക 2). ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണയ്ക്ക് 7.5 ശതമാനം ഇറക്കുമതി തീരുവയുണ്ടെങ്കിലും ഫലത്തിൽ 3.5 ശതമാനത്തിൽ താഴെയാണെന്നുള്ളതാണ് വസ്തുത. ഉദാഹരണത്തിന് ആർ.ബി.ഡി. പാമോലിന്റെ കഴിഞ്ഞ ഒരുവർഷത്തെ ശരാശരി ഇറക്കുമതി വില (CIF Indian port) മെട്രിക് ടണ്ണിന് 1108 അമേരിക്കൻ ഡോളറായിരുന്നു. എന്നാൽ ഇറക്കുമതി തീരുവ കണക്കാക്കിയിരിക്കുന്നത് മെട്രിക് ടണ്ണിന് 484 അമേരിക്കൻ ഡോളർ എന്ന വില (tarriff rate)യുടെ അടിസ്ഥാനത്തിലാണ്. ഇങ്ങനെ കണക്കാക്കിയതുമൂലം ആർബിഡി പാം ഓലിന്റെ ഇറക്കുമതി തീരുവ ഫലത്തിൽ കഴിഞ്ഞ വർഷം 3.28 ശതമാനം മാത്രമായിരുന്നു. 2012 ജൂലൈ 31 ന് മാത്രമാണ് ഇറക്കുമതി തീരുവ കണക്കാക്കുന്നതിനുള്ള വില മെട്രിക് ടണ്ണിന് 1053 അമേരിക്കൻ ഡോളറായി ഉയർത്തിയത്.2012 ആഗസ്റ്റ് 14ന് വീണ്ടും ഭേദഗതി വരുത്തി താരിഫ് മൂല്യം മെട്രിക് ടണ്ണിന് 1022 അമേരിക്കൻ ഡോളറായി കുറച്ചു. എന്നാൽ ഈ പുനർനിർണ്ണയത്തിനു മുൻപ് തന്നെ (2011 നവംബർ മുതൽ 2012 ജൂലൈ വരെ) രാജ്യത്ത് 13 ലക്ഷത്തിലേറെ മെട്രിക്ടൺ ശുദ്ധീകരിച്ച പാമോലിൻ ഇറക്കുമതി ചെയ്യപ്പെടുകയുണ്ടായി. 2007 ന് ശേഷം ഭക്ഷ്യ എണ്ണയുടെ

**പട്ടിക 1. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി വിവരങ്ങൾ (മെട്രിക് ടണ്ണിൽ)**


| | ഭക്ഷ്യഎണ്ണകൾ | 2008-09 | 2009-10 | 2010-11 | 2011 നവംബർ മുതൽ 2012 ജൂലൈ വരെ | 2010 നവംബർ മുതൽ 2011 ജൂലൈ വരെ | കയറ്റുമതിയിലെ വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|
| 1 | ശുദ്ധീകരിച്ച പാമോലിൻ | 1240018 | 1213409 | 1081686 | 1325163 | 736985 | 79.81 |
| 2 | അസംസ്കൃത പാം ഓയിൽ | 5187063 | 5169445 | 5374333 | 3882383 | 3785144 | 2.57 |
| 3 | സൂര്യകാന്തി എണ്ണ | 590175 | 630005 | 803593 | 900281 | 591699 | 52.15 |
| 4 | കടുക് എണ്ണ | 46362 | 13950 | 11122 | 90758 | 0 | 0 |
| 5 | അസംസ്കൃത സോയാബീൻ ഓയിൽ | 989613 | 1666492 | 1006691 | 817212 | 647102 | 26.29 |
| 6 | അസംസ്കൃത പാം കെർണൽ ഓയിൽ | 107622 | 111973 | 84566 | 80971 | 59844 | 35.30 |
| | **ആകെ** | **8183360** | **8823338** | **8371459** | **7104667** | **5829273** | **21.88** |

**പട്ടിക 2. ഭക്ഷ്യഎണ്ണകളുടെ നിലവിലുള്ള ഇറക്കുമതിച്ചുങ്കം (ശതമാനത്തിൽ)**

| ഉത്പന്നം | ലോക വ്യാപാര സംഘടനയുടെ നിബന്ധനപ്രകാരം നിശ്ചയിക്കാവുന്ന പരമാവധി ഇറക്കുമതിച്ചുങ്കം (Bounded duty) | അസംസ്കൃത ഭക്ഷ്യ എണ്ണയുടെ നിലവിലുള്ള ഇറക്കുമതി ച്ചുങ്കം | ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണയുടെ നിലവിലുള്ള ഇറക്കുമതി ചുങ്കം |
|---|---|---|---|
| സോയാബീൻ | 45 % | 0 % | 7.5 % |
| പാം ഓയിൽ | 300 % | 0 % | 7.5 % |
| പാമോലിൻ | 300 % | 0 % | 7.5 % |
| നിലക്കടല എണ്ണ | 300 % | 0 % | 7.5 % |
| സൂര്യകാന്തി എണ്ണ | 300 % | 0 % | 7.5 % |
| വെളിച്ചെണ്ണ | 300 % | 0 % | 7.5 % |

**പട്ടിക 3. 2007 മുതൽ വിവിധ കാലയളവുകളിൽ പാം ഓയിൽ ഉൽപന്നങ്ങൾക്ക് നിലവിലുണ്ടായിരുന്ന ഇറക്കുമതിച്ചുങ്കം**

| കാലയളവ് | അസംസ്കൃത പാം ഓയിൽ | ശുദ്ധീകരിച്ച പാം ഓയിൽ |
|---|---|---|
| 24-01-2007 ന് മുൻപ് | 70 % | 80 % |
| 01-03-2007 മുതൽ | 60 % | 67.5 % |
| 13-04-2007 മുതൽ | 50 % | 57.5% |
| 23-07-2007 മുതൽ | 45 % | 52.5% |
| 21-03-2008 മുതൽ | 20 % | 27.5 % |
| 01-04-2008 മുതൽ (തുടരുന്നു) | 0 % | 7.5 % |




ഇറക്കുമതി ചുങ്കത്തിൽ വരുത്തിയ വൻകുറവ് വെളിച്ചെണ്ണ ഉൾപ്പെടെ പല ഭക്ഷ്യ എണ്ണകളുടേയും ആഭ്യന്തരവിലയിൽ വലിയ തകർച്ചയുണ്ടാക്കാൻ ഇടവരുത്തി. 2007 മുതൽ പാം ഓയിൽ/ പാമോലിന് നിലവിലുണ്ടായിരുന്ന ഇറക്കുമതി ചുങ്കത്തിന്റെ വിശദാംശങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

ശുദ്ധീകരിച്ച പാം ഓയിലിന് 9 ശതമാനവും അസംസ്കൃത പാംഓയിലിന് 18 ശതമാനവും കയറ്റുമതി തീരുവയായി ഇന്തോനേഷ്യൻ ഗവൺമെന്റ് പുനർനിർണ്ണയിച്ചതിനാൽ ശുദ്ധീകരിച്ച പാമോയിലിന്റേയും അസംസ്കൃത പാം ഓയിലിന്റേയും ഇറക്കുമതി വിലകൾ തമ്മിലുണ്ടായിരുന്ന അന്തരം കുറയുകയും (നിലവിൽ വിലയിലെ വ്യത്യാസം മെട്രിക് ടണ്ണിന് 33 അമേരിക്കൻ ഡോളർ മാത്രം) അസംസ്കൃത പാം ഓയിലിന്റെ ഇറക്കുമതി ആകർഷകമല്ലാതാവുകയും ചെയ്തു. ഇതുമൂലം രാജ്യത്തെ ഭക്ഷ്യഎണ്ണ സംസ്ക്കരണ യൂണിറ്റുകളുടെ സംസ്ക്കരണശേഷിയുടെ വലിയൊരു ഭാഗം ഉപയോഗപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായതിനാലാണ് കേന്ദ്ര ഗവൺമെന്റ് ആർബിഡി പാമോലിന്റെ ഇറക്കുമതിചുങ്കം കണക്കാക്കുന്ന വില മെട്രിക് ടണ്ണിന് 1022 അമേരിക്കൻ ഡോളർ എന്ന് പുനർനിർണ്ണയിച്ചത്. മറ്റ് ഭക്ഷ്യ എണ്ണകളുടെ വിലയിലും കഴിഞ്ഞ വർഷം വലിയ വർദ്ധനവ് ഉണ്ടായെങ്കിലും ഇറക്കുമതി തീരുവ കണക്കാക്കുന്നതിനുള്ള താരിഫ് റേറ്റിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല (പട്ടിക–4). 2006 നുശേഷം ആദ്യമായാണ് കേന്ദ്ര ഗവൺമെന്റ് ആർബിഡി പാമോയിലിന്റെ ഇറക്കുമതി താരിഫ് പുനർനിർണ്ണയിക്കുന്നത്.

**പട്ടിക 4. ഇറക്കുമതി തീരുവ കണക്കാക്കുന്ന വിലയും കഴിഞ്ഞ വർഷത്തെ ശരാശരിവിലയും**

| ഉൽപന്നം | നിലവിൽ ഇറക്കുമതിച്ചുങ്കം കണക്കാക്കുന്ന വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | കഴിഞ്ഞ ഒരു വർഷത്തെ ശരാശരി വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) |
|---|---|---|
| ശുദ്ധീകരിച്ച പാമോലിൻ | 1022 (1-4-12 മുതൽ) | 1108 |
| ക്രൂഡ് പാം ഓയിൽ | 447 | 1051 |
| ക്രൂഡ് സോയാബീൻ ഓയിൽ | 580 | 1249 |

*അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11*

## വെളിച്ചെണ്ണ ഒഴിവാക്കരുത്, ഇതാ; ഇതിലേക്കൊന്ന് കണ്ണോടിക്കൂ....

വെളിച്ചെണ്ണ സ്വാദിഷ്ടമാണെന്ന് മാത്രമല്ല, അതിന് വിസ്മയകരമായ ആരോഗ്യ സംരക്ഷണ ശക്തിയുമുണ്ട്.

***ഭാരം കുറയ്ക്കണോ:*** വെളിച്ചെണ്ണ കഴിച്ചാൽ വയർ വേഗം നിറഞ്ഞതായി തോന്നും. അതുകൊണ്ട് കഴിക്കുന്ന ഭക്ഷണത്തിന്റെ അളവ് കുറയുന്നു. മാത്രമല്ല, വെളിച്ചെണ്ണയിൽ മദ്ധ്യശൃംഖല ട്രൈഗ്ലിസറൈഡുകളാണുള്ളത്. അവയിൽ ദീർഘശൃംഖല ഫാറ്റി ആസിഡുകളേക്കാൾ കുറഞ്ഞ കലോറികൾ മാത്രമേ അടങ്ങിയിട്ടുള്ളൂ (അതായത് 1 ഗ്രാമിൽ 9 കലോറികളുടെ സ്ഥാനത്ത് 8.3 കലോറി മാത്രം). മദ്ധ്യശൃംഖല ട്രൈഗ്ലിസറൈഡുകൾ അനായാസം ദഹിച്ച് വേഗം ഊർജ്ജമായി പരിണമിക്കുന്നു.

***തിളങ്ങുന്ന മുടിയും ചർമ്മവും:*** തലമുടിയുടെ കേടുപാടുകൾ മാറ്റി പോഷണം നൽകുന്ന അവശ്യപ്രോട്ടീനുകൾ വെളിച്ചെണ്ണയിലുണ്ട്. ശിരോചർമ്മത്തിൽ വെളിച്ചെണ്ണ തേച്ച് പിടിപ്പിച്ചാൽ താരൻ ശമിക്കുന്നു. വെളിച്ചെണ്ണയുടെ നിരോക്സീകരണ ഗുണങ്ങൾ ചർമ്മത്തിലെ പ്രായാധിക്യത്തിന്റെ ലക്ഷണങ്ങൾ തടയുന്നു.

***എല്ലുകളും പല്ലുകളും:*** വെളിച്ചെണ്ണ കാത്സ്യത്തിന്റേയും മഗ്നീഷ്യത്തിന്റേയും ആഗിരണം മെച്ചപ്പെടുത്തുന്നു. ഇവ രണ്ടും ബലമുള്ള പല്ലുകൾക്കും എല്ലുകൾക്കും അത്യാവശ്യമാണ്.

***ജലദോഷം അകലുന്നു:*** വെളിച്ചെണ്ണയിലെ ലോറിക് ആസിഡിന് ബാക്ടീരിയയ്ക്കും വൈറസിനും സൂക്ഷ്മരോഗാണുക്കൾക്കുമെതിരെ പ്രവർത്തിക്കാൻ കഴിവുണ്ട്. വെളിച്ചെണ്ണ ശ്വേതരക്താണുക്കളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രതിരോധശക്തി കൂട്ടുന്നുവെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

***നല്ല കൊളസ്ട്രോൾ കൂട്ടണോ:*** വെളിച്ചെണ്ണയിലെ മദ്ധ്യശൃംഖല ഫാറ്റി ആസിഡുകൾ നല്ല കൊളസ്ട്രോൾ ആയ എച്ച്ഡിഎൽ ഉയർത്തുന്നു.

***വേദനയെ ഭയക്കുന്നോ:*** വെളിച്ചെണ്ണയുടെ വേദന ശമനഗുണങ്ങൾ രോഗാണു സംക്രമണം മൂലമോ മറ്റ് കാരണങ്ങൾ കൊണ്ടോ ഉണ്ടാകുന്ന വേദന ശമിപ്പിക്കുന്നു.

*കടപ്പാട്: news.health.com*

# നിങ്ങൾക്കും ആകാം എക്സ്പോർട്ടർ

**കെ.എസ്. സെബാസ്റ്റ്യൻ**

കയറ്റുമതി മുഖേനയുള്ള ബിസിനസ്സ് അവസരങ്ങൾ മുൻപെന്നത്തേക്കാളുമധികം വർദ്ധിച്ചു വരികയാണ്. വികസിത-വികസ്വര രാഷ്ട്രങ്ങൾ തമ്മിലുള്ള കയറ്റുമതി വ്യാപാരം മുൻപ് ഒരു ചട്ടക്കൂടിൽ ഒതുങ്ങിയിരുന്നുവെങ്കിൽ ഇന്ന് ആ ചട്ടക്കൂടുകൾ ആഗോളവൽക്കരണം മൂലം ആകെ മാറിമറിഞ്ഞിരിക്കുന്നു. വിദേശ വിപണികൾ തുറന്നുകിട്ടിയതിനാൽ ഇന്ത്യൻ വ്യാപാര മേഖല കൂടുതൽ കാര്യക്ഷമമായിരിക്കുന്നു. ഇന്ത്യൻ വിദേശ വ്യാപാരമേഖലയുടെ വളർച്ച 2003-04 വർഷത്തിലെ 41 ബില്ല്യൺ അമേരിക്കൻ ഡോളറിൽ നിന്ന് 2011-12 ൽ 303.1 ബില്ല്യൺ അമേരിക്കൻ ഡോളറിൽ എത്തിനിൽക്കുന്നു. നമ്മുടെ രാജ്യത്തിന് വളർന്ന് വരുന്ന സമ്പദ് ശക്തികളിലും പുത്തൻ വിപണികളിലും വിപണി സാദ്ധ്യതകൾ ഉണ്ട്. വ്യാപാര വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ മർമ്മ പ്രധാനമേഖലകളിലായി സമയാസമയങ്ങളിൽ ആവശ്യമായ പദ്ധതികൾ രൂപകൽപ്പന ചെയ്തുകൊണ്ട് ഗവൺമെന്റും കയറ്റുമതി സംരംഭങ്ങൾക്കാവശ്യമായ സകല പിന്തുണയും നൽകുന്നു. 'ചെറുതായി തുടങ്ങി ലോകമാകെ പടരൂ' എന്നതാണ് കയറ്റുമതി രംഗത്തേക്ക് കടന്നുവരുന്നവരോടുള്ള ഗവൺമെന്റിന്റെ ആഹ്വാനം. പ്രസ്തുത ആഹ്വാനം രാജ്യത്തെ കയറ്റുമതിക്കാർ ഉൾക്കൊണ്ടതോടെ ഇന്ത്യ ബ്രിക് (BRIC) (B- ബ്രസീൽ, R- റഷ്യ, I- ഇന്ത്യ, C -ചൈന) രാജ്യങ്ങളുടെ ഭാഗമായി മാറിയിരിക്കുകയാണ്. അങ്ങിനെ 2050 ഓടെ കയറ്റുമതി രംഗത്തെ അതികായരായി മാറുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു.

ഒരു സംരംഭകനെ സംബന്ധിച്ചിടത്തോളം കയറ്റുമതിക്കാരുടെ പദവിയിലേക്കുയരുവാൻ പ്രതിബന്ധങ്ങൾ ഒന്നുമില്ലെങ്കിലും ഏതാനും ചെറിയ പടവുകൾ കടക്കേണ്ടതുണ്ട്. വിദേശ വ്യാപാരനയത്തിന്റെ ഖണ്ഡിക 2.1 ൽ പറയുന്നത് വിദേശ വ്യാപാരനയം മുഖേന നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാത്ത ഉൽപന്നങ്ങളുടെ കയറ്റുമതിയും ഇറക്കുമതിയും തികച്ചും സ്വതന്ത്രമായിരിക്കും എന്നാണ്. ഇതാണ് വിദേശ വ്യാപാരനയത്തെ സംബന്ധിച്ച ഗവൺമെന്റിന്റെ അടിസ്ഥാന കാഴ്ചപ്പാട്.

നിയമാനുസൃതമായി രൂപീകരിച്ച ഏതു സ്ഥാപനത്തിനും വ്യക്തിക്കും കയറ്റുമതി സംരംഭങ്ങളിൽ ഏർപ്പെടാവുന്നതാണ്. സ്വകാര്യ ഉടമയ്ക്കോ, പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾക്കോ, ഹിന്ദു അവിഭക്ത കുടുംബത്തിലെ കൂട്ടവകാശികൾക്കോ, പ്രൈവറ്റ് ലിമിറ്റഡ്/ പബ്ലിക് ലിമിറ്റഡ് കമ്പനികൾക്കോ കയറ്റുമതി സംരംഭങ്ങളിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ ഇത്തരം സംരംഭങ്ങൾ കേന്ദ്രനിയമപ്രകാരമോ സംസ്ഥാന നിയമപ്രകാരമോ നിർബന്ധിതമായി രജിസ്ട്രേഷൻ നേടിയിരിക്കണം. പ്രൈവറ്റ് / പബ്ലിക് ലിമിറ്റഡ് കമ്പനിയാണെങ്കിൽ കമ്പനി രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്തിരിക്കണം.

കയറ്റുമതി സംരംഭങ്ങളിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർ വ്യക്തിയായാലും സ്ഥാപനമായാലും ആദായ നികുതി വകുപ്പിൽ നിന്നും പെർമനന്റ് അക്കൗണ്ട് നമ്പർ (PAN) നേടിയിരിക്കണം. പാൻ കാർഡ് ലഭിച്ചുകഴിഞ്ഞാൽ വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഇത്തരം ഔപചാരികതകൾ പൂർത്തിയാക്കിയശേഷം ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിൽ (DGFT) നിന്നും ഐ.ഇ.സി. കോഡ് നേടേണ്ടതാണ്. ഐഇസി കോഡ് എന്നത് ഇമ്പോർട്ടർ എക്സ്പോർട്ടർ കോഡ് എന്നതിന്റെ ചുരുക്കപ്പേരാണ്. ഈ കോഡ് ഇല്ലാത്ത വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കയറ്റുമതി-ഇറക്കുമതി വ്യാപാരത്തിൽ ഏർപ്പെടാൻ കഴിയില്ല. ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ കീഴിൽ രാജ്യവ്യാപകമായി ജോയിന്റ് ഡയറക്ടർ ഓഫ് ഫോറിൻ ട്രേഡിന്റെ (J.D.G.F.T) ആഫീസുകൾ നിലവിലുണ്ട്. ഏത് ജെഡിജിഎഫ്ടിയുടെ അധികാര പരിധിയിലാണോ കയറ്റുമതി സംരംഭം ആരംഭിക്കുന്നത് ആ സ്ഥാപനത്തിലാണ് ഐഇസി കോഡിനുള്ള അപേക്ഷ കൊടുക്കേണ്ടത്. കേരളത്തിൽ നിന്നും കയറ്റുമതി സംരംഭം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഐഇസി കോഡിനായി അപേക്ഷ സമർപ്പിക്കേണ്ട ആഫീസുകളുടെ മേൽവിലാസം പട്ടിക -1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1**

| ഓഫീസിന്റെ പേരും മേൽവിലാസവും | ടെലിഫോൺ/ ഫാക്സ്/ഇമെയിൽ | അധികാര പരിധി |
|---|---|---|
| ദി ജോയിന്റ് ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, അഞ്ചാം നില, എ ബ്ലോക്ക്, കേന്ദ്രീയ ഭവൻ കാക്കനാട്, കൊച്ചി – 682037, കേരളം | ടെലഫോൺ – 0484 24227397 2426378<br>ഫാക്സ് – 0484 2427069<br>ഇ മെയിൽ – dgftchn@nic.in | കേരളസംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളും ലക്ഷദ്വീപും |
| ദി ജോയിന്റ് ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, ഗോകുലം ബിൽഡിംഗ്, ഒന്നാംനില, ടി.സി. 2/1406, പട്ടം, തിരുവനന്തപുരം, കേരളം – 695004 | ടെലഫോൺ – 0471- 2441903 2441867<br>ഇ മെയിൽ – dgftvm@kerala.nic.in jdgftrivandrum@hotmail.com | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ |
| ഡെവലപ്മെന്റ് കമ്മീഷണർ/ ജോ. ഡെവലപ്പ്മെന്റ് കമ്മീഷണർ/ ഡെ. ഡെവലപ്പ്മെന്റ് കമ്മീഷണർ/ അസി. ഡെവലപ്മെന്റ് കമ്മീഷണർ, കൊച്ചി സ്പെഷ്യൽ ഇക്കണോമിക്സ് സോൺ, കാക്കനാട് – 682030, കേരളം | ഫോൺ – 0484 4424545<br>ഫാക്സ് – 0484 2422530/ 2413074<br>ഇ മെയിൽ – dccepz@md2.vsnl.net.in<br>വെബ്സൈറ്റ് – www.cepz.com | കൊച്ചി സ്പെഷ്യൽ ഇക്കണോമിക്സ് സോണിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളും, കേരളത്തിലും, കർണ്ണാടകയിലും കേന്ദ്രഭരണപ്രദേശങ്ങളായ മാഹിയിലും ലക്ഷദ്വീപിലുമുള്ള സ്പെഷ്യൽ ഇക്കണോമിക്സ് സോണുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളും |

അപേക്ഷ ഓൺലൈനായി എ.എൻ.

എഫ് 2 എ ഫോറത്തിലാണ് (ANF-2 A) സമർപ്പിക്കേണ്ടത്. അപേക്ഷ ഓൺലൈനായി സമർപ്പിച്ചതിനുശേഷം അവയുടെ പകർപ്പ് എടുത്ത് അതോടൊപ്പം പാൻകാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ, ബാങ്ക് നൽകുന്ന നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്, നിശ്ചിത ഫീസ് (നിലവിലുള്ള ഫീസ് 250 രൂപ), ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ പാസ്പോർട്ട് സൈസിലുള്ള രണ്ട് ഫോട്ടോകൾ, അപേക്ഷകന്റെ മേൽവിലാസം എഴുതിയതും 25 രൂപയുടെ സ്റ്റാമ്പ് പതിച്ചതുമായ കവർ എന്നിവ ബന്ധപ്പെട്ട ജെഡിജിഎഫ്ടി ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ഐഇസി കോഡ് സർട്ടിഫിക്കറ്റ് സ്പീഡ് പോസ്റ്റിൽ ലഭിക്കേണ്ടവർ സ്റ്റാമ്പ് പതിപ്പിക്കുന്നതിനുപകരം 100 രൂപയുടെ ചലാൻ/ ഡിമാന്റ് ഡ്രാഫ്ട് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

ഐഇസി കോഡ് നേടിയതിനുശേഷം സംരംഭകർ കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്ന ഉൽപന്നവുമായി ബന്ധപ്പെട്ട എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (EPC) / കമ്മോഡിറ്റി ബോർഡിൽ നിന്നും രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് നേടേണ്ടതാണ്. കയറ്റുമതി ചെയ്യാൻ ആഗ്രഹിക്കുന്ന ഉൽപന്നങ്ങൾ നിലവിലുള്ള എക്സ്പോർട്ട് പ്രമോഷൻ കൗൺസിലുകളുടെയോ കമ്മോഡിറ്റി ബോർഡുകളുടേയോ പരിധിയിൽ വരുന്നില്ലെങ്കിൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ടേഴ്സ് ഓർഗനൈസേഷൻ (FIEO) എന്ന രാജ്യത്തെ കയറ്റുമതിക്കാരുടെ സംഘടനയിൽ നിന്നും രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് നേടിയിരിക്കണം. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിവരുന്ന വിദേശ വ്യാപാര നയത്തിന്റെ ഭാഗമായുള്ള പ്രോത്സാഹനത്തിനുപുറമേ കമ്മോഡിറ്റി ബോർഡുകൾ അവരുടേതായ പദ്ധതികൾ വഴിയും കയറ്റുമതിക്കാർക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. നാളികേരവുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് നേടുന്നതിന് ബന്ധപ്പെടേണ്ട കമ്മോഡിറ്റി ബോർഡുകളുടെ വിവരങ്ങൾ പട്ടിക -2ൽ കൊടുത്തിരിക്കുന്നു.

രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് നേടിയതിനുശേഷം സംരംഭകർ തങ്ങളുടെ കയറ്റുമതി സംബന്ധമായ കണക്കുകൾ അവർക്ക് രജിസ്ട്രേഷൻ നൽകിയ സ്ഥാപനം നിഷ്കർഷിക്കുന്ന രീതിയിലും കാലാവധിയിലും വീഴ്ചവരുത്താതെ

**പട്ടിക 2**

| കമ്മോഡിറ്റി ബോർഡിന്റെ പേരും മേൽവിലാസവും | അധികാര പരിധിയിൽ വരുന്ന ഉൽപന്നങ്ങൾ |
|---|---|
| നാളികേര വികസന ബോർഡ്, കേരഭവൻ, എസ്ആർവി എച്ച്എസ് റോഡ്, കൊച്ചി - 682011, കേരളം<br>ഫോൺ : 0484 2377266, 23777267<br>ഫാക്സ് : 0484 2377902<br>ഇ മെയിൽ: kochi.cdb@gov.in, cdbmarket@gmail.com<br>വെബ്സൈറ്റ് : www.coconutboard.nic.in | കയറും കയറുൽപന്നങ്ങളും ഒഴികെയുള്ള എല്ലാ നാളികേരോൽപന്നങ്ങളും |
| കയർ ബോർഡ്, കയർ ഹൗസ്, എം.ജി.റോഡ്, കൊച്ചി -682016<br>ഫോൺ : 0484 2351807<br>ഫാക്സ് : 0484 2354397<br>ഇ മെയിൽ : coir@md2.vsnl.net.in<br>വെബ്സൈറ്റ് : www.coirboard.gov.in | കയറും കയറുൽപന്നങ്ങളും |

സമർപ്പിക്കേണ്ടതുണ്ട്. അതിൽ വീഴ്ച വരുത്തുന്നപക്ഷം അത്തരം സംരംഭങ്ങളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള അധികാരം രജിസ്ട്രേഷൻ നൽകിയ സ്ഥാപനത്തിന് ഉണ്ടായിരിക്കുന്നതാണ്.

നാളികേരവികസന ബോർഡിൽ രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് നേടേണ്ടവർ ബോർഡിന്റെ വെബ്സൈറ്റിൽ (www.coconutboard.nic.in) നിന്നും അപേക്ഷ ഫോറം ഡൗൺലോഡ് ചെയ്തെടുത്ത്, ഫോറത്തിൽ നിഷ്ക്കർഷിക്കുന്ന എല്ലാ വിവരങ്ങളും വ്യക്തമായും തെറ്റുകൂടാതെയും നൽകി അതോടൊപ്പം താഴെപ്പറയുന്ന രേഖകളും സമർപ്പിക്കേണ്ടതാണ്.

1. ഐഇസി കോഡിന്റെ പകർപ്പ്

2. പാൻ കാർഡിന്റെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്

3. രജിസ്ട്രേഷൻ ഫീസായി, ചെയർമാൻ, നാളികേര വികസന ബോർഡിന്റെ പേരിൽ കൊച്ചിയിൽ (എറണാകുളം) മാറാൻ കഴിയുന്ന 5000 രൂപയുടെ ഡിമാന്റ് ഡ്രാഫ്ട്.

4. പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾ പാർട്ടണർഷിപ്പ് ഡീഡിന്റേയും, മറ്റു സംരംഭങ്ങൾ അവയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷന്റേയും, ആർട്ടിക്കിൾ ഓഫ് അസ്സോസിയേഷന്റേയും പകർപ്പ് അപേക്ഷയോടൊപ്പം ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

നാളികേര വികസന ബോർഡ് രജിസ്ട്രേഷൻ നൽകുന്ന കയറ്റുമതിക്കാരെ മർച്ചന്റ് എക്സ്പോർട്ടർ, മാനുഫാക്ചറർ എക്സ്പോർട്ടർ, മർച്ചന്റ് കം മാനുഫാക്ച്ചറിംഗ് എന്നിങ്ങനെ മൂന്ന് ഗണത്തിൽപെടുത്തിയിട്ടുണ്ട്. മാനുഫാക്ചറിംഗ് ഗണത്തിലും മർച്ചന്റ് കം മാനുഫാക്ച്ചറിംഗ് ഗണത്തിലുംപെടുത്തി രജിസ്ട്രേഷൻ ലഭിക്കുവാൻ അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തേണ്ട ഉൽപന്നങ്ങൾ നിർമ്മിക്കുവാനുള്ള ലൈസൻസ് നേടിയിട്ടുള്ള രേഖ (ഇഎം പാർട്ട്-2) സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ കം മെമ്പർഷിപ്പിന്റെ കാലാവധി രജിസ്ട്രേഷൻ ചെയ്യുന്ന സാമ്പത്തിക വർഷം തുടങ്ങുന്ന അന്നുമുതൽ (ഏപ്രിൽ 1 മുതൽ) അഞ്ചുവർഷത്തേക്കാണ്. കയറ്റുമതി തുടരാനാഗ്രഹിക്കുന്നവർ രജിസ്ട്രേഷൻ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കേണ്ടതാണ്.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുന്ന ചില സംരംഭകരെങ്കിലും രജിസ്ട്രേഷനായി ചേർക്കേണ്ട ഉൽപന്നങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളിൽ വിവിധ നാളികേരോൽപന്നങ്ങൾ (various coconut products) എന്ന് കാണിക്കാറുണ്ട്. എന്നാൽ ഏതൊക്കെ ഉൽപന്നങ്ങളാണെന്ന് വ്യക്തമായി അപേക്ഷയിൽ കാണിച്ചില്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൽപന്നങ്ങളുടെ പേര് കൃത്യമായി രേഖപ്പെടുത്തേണ്ടതിനാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയാതെ വരുന്നു. ഇങ്ങനെ വരുന്ന സന്ദർഭങ്ങളിൽ അപേക്ഷയിൽ മതിയായ ഭേദഗതിവരുത്തി വീണ്ടും സമർപ്പിക്കേണ്ടി വരുന്നതിനാൽ അനാവശ്യമായ കാലതാമസത്തിനിടയാകുന്നു. ഇത് ഒഴിവാക്കാൻ കയറ്റുമതി സംരംഭകർ ശ്രദ്ധിക്കേണ്ടതാണ്.

രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിൽ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ മാറ്റം വരുത്താൻ ആഗ്രഹിക്കുന്ന കയറ്റുമതിക്കാർ മേൽവിലാസത്തിൽ മാറ്റം

*ശേഷം 54-ാം പേജിൽ*

# കേര ചരിത്രത്തിലെ സുവർണ്ണ ഏട്

**ആർ ഹേലി**



*സുപ്രസിദ്ധ കേരശാസ്ത്രജ്ഞൻ ഡോ. പട്ടേലും ഭാര്യയും ലേഖകനോടൊപ്പം, 1977ൽ കാസർഗോഡ് നാളികേര ഗവേഷണ വജ്രജൂബിലി ആഘോഷവേളയിൽ എടുത്ത ചിത്രം*

കേരകൃഷിയുള്ള 92 രാജ്യങ്ങളിലും ആദരിക്കുന്ന മഹാനായ കൃഷി ശാസ്ത്രജ്ഞനാണ് ഡോ. ജെ. എസ്. പട്ടേൽ. അദ്ദേഹമാണ് 1932ൽ നീലേശ്വരം കൃഷി ഗവേഷണ കേന്ദ്രത്തിൽ ടി x ഡി സങ്കരയിനത്തിന് രൂപം നൽകിയത്.

പ്രസ്തുത തൈകൾ 1934ൽ നീലേശ്വരത്താണ് നട്ട് പിടിപ്പിച്ചത്. നീലേശ്വരത്തെ തോട്ടത്തിൽ അന്ന് നട്ട തെങ്ങുകൾ 75 വർഷം പിന്നിട്ടിട്ടും ആരോഗ്യത്തോടെ നീരയും കരിക്കും തേങ്ങയും ധാരാളം ഓലകളും വഹിച്ച് കാറ്റത്ത് ആടി ഉലഞ്ഞ് ഉല്ലസിക്കുന്നത് കാണുമ്പോൾ ഡോ. പട്ടേലിനെ സ്മരിക്കാനും അഭിമാനത്തോടെ ആദരിക്കാനും ആഗ്രഹം തോന്നിപ്പോകുന്നു.

ഈ കൃഷിത്തോട്ടത്തെ കൃഷി, ഗവേഷണ വിദഗ്ദ്ധരുടേയും തെങ്ങിനെ സ്നേഹിക്കുന്നവരുടേയും ഒരു തീർത്ഥാടന കേന്ദ്രമാക്കി ഉയർത്തണം. അതിന് ഡോ. പട്ടേലിന്റേ പേര് നൽകുന്നതും പരിഗണിക്കണം

അതോടൊപ്പം ഡോ. പട്ടേലിന്റെ ചിത്രം ആലേഖനം ചെയ്ത ഒരു സ്റ്റാമ്പ് ഇറക്കുകയും ചെയ്യണം. കൃഷി ശാസ്ത്രജ്ഞരെ ആദരിക്കുന്ന ഒരു സംസ്ക്കാരം അതുവഴി നമ്മുടെ രാജ്യത്ത് സൃഷ്ടിക്കാം. നമ്മുടെ ഗവൺമെന്റും, പാർലമെന്റ് അംഗങ്ങളും, നാളികേര വികസനബോർഡും ഇതിന് മുൻകൈ എടുക്കണം. കാരണം സങ്കരതെങ്ങിനങ്ങൾ ലോകമാകെ പ്രചരിക്കുകയാണ്. ഒപ്പം ഡോ. പട്ടേലിന്റേയും ഇന്ത്യയുടേയും പ്രശസ്തിയും വളരുന്നു.

*മുൻ ഡയറക്ടർ (കൃഷി),*
*സംസ്ഥാന കൃഷി വകുപ്പ്*

# ഫിലിപ്പീൻസിൽ തേങ്ങവെള്ളത്തിന്റെ കയറ്റുമതിയിൽ വർദ്ധന - ആഹ്ലാദഭരിതനായി പ്രസിഡന്റ് അക്വിനോ

ഫിലിപ്പീൻസ് പ്രസിഡന്റ് ബെനിഞ്ഞോ അക്വിനോ തേങ്ങവെള്ളത്തിന്റെ കയറ്റുമതി വർദ്ധിച്ചുവരുന്നതിൽ അഭിമാനപുളകിതനാണ്. ഈ തേങ്ങവെള്ളക്കാര്യം കേട്ട് ഇനി ആരും മുഖം കോട്ടേണ്ട എന്നാണ് അദ്ദേഹം പറയുന്നത്.

കഴിഞ്ഞവർഷം സെപ്തംബറിൽ അമേരിക്ക സന്ദർശനത്തിനു ശേഷം തേങ്ങവെള്ളം കയറ്റുമതി ചെയ്താൽ കരഗതമാകുന്ന ഉജ്ജ്വലനേട്ടത്തെക്കുറിച്ച് വാചാലനായ പ്രസിഡന്റിനെതിരെ വിമർശനങ്ങൾ ചൊരിഞ്ഞവരെക്കുറിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ, "കയറ്റുമതി ഇനമെന്ന നിലയ്ക്ക് തേങ്ങവെള്ളത്തിനുമേൽ എനിക്കുള്ള അഭിമാനം അവർ പുച്ഛിച്ച് തള്ളി". ക്യൂസൺ പ്രവിശ്യയിലെ ഒരു യോഗത്തിലാണ് അദ്ദേഹം ഇപ്രകാരം പ്രതികരിച്ചത്. ക്യൂസൺ ഫിലിപ്പീൻസിലെ ഒരു പ്രമുഖ നാളികേരോത്പാദന മേഖലയാണ്.

2009ൽ ഫിലിപ്പീൻസിൽ നിന്ന് 4,83,000 ലിറ്റർ തേങ്ങവെള്ളമാണ് കയറ്റുമതി ചെയ്തത്. അടുത്തവർഷം അത് 18 ലക്ഷം ലിറ്ററായി ഉയർന്നു. ശ്രീ. അക്വിനോയുടെ കണക്കനുസരിച്ച് കഴിഞ്ഞവർഷം തേങ്ങവെള്ളത്തിന്റെ കയറ്റുമതി 160 ലക്ഷം ലിറ്ററായിരുന്നു.

"വെറുതേ ഒഴുക്കി കളഞ്ഞിരുന്ന വെള്ളം പ്രയോജനപ്രദമായിത്തീർന്നിരിക്കുന്നു. കയറ്റുമതി ചെയ്യാൻ തേങ്ങവെള്ളത്തിന്റെ ദൗർലഭ്യമുണ്ടെന്ന് ഇനി കേൾക്കാനിടവരും", പ്രസിഡന്റിന്റെ വാക്കുകൾ ഇങ്ങനെ.

അമേരിക്കയിൽ തേങ്ങവെള്ളം ദശലക്ഷക്കണക്കിന് ഡോളറിന്റെ വ്യവസായമാണ്. അവിടെ തേങ്ങവെള്ളം പ്രകൃതിദത്ത സോഫ്ട് ഡ്രിങ്ക് എന്ന നിലയിൽ ജനപ്രീതിയാർജ്ജിച്ചുകൊണ്ടിരിക്കുന്നു. ഇതിന് കാരണമോ, തേങ്ങവെള്ളത്തിൽ അടങ്ങിയിരിക്കുന്ന അവശ്യ ഇലക്ട്രോലൈറ്റുകളും ലവണങ്ങളും നിർജ്ജലീകരണത്തിൽ അത്യാവശ്യം വേണ്ടവയാണ്.

ക്യൂസൺ ഗവർണർ ഡേവിഡ് സുവാറെസ് അടുത്തിടെ പ്രവിശ്യയിൽ പ്രായാധിക്യമുള്ള തെങ്ങുകളുടെ ബാഹുല്യത്തിന് പരിഹാരമായി വൻതോതിലുള്ള തെങ്ങിൻതൈ നടീൽ പരിപാടി ഉദ്ഘാടനം ചെയ്തു. നിയമവിരുദ്ധമായി തെങ്ങുകൾ വെട്ടിമാറ്റുന്നതിനും തെങ്ങിൻ തടിയുടെ കള്ളവ്യാപാരത്തിനുമെതിരെ പ്രചരണ പരിപാടികൾക്കും അദ്ദേഹം തുടക്കം കുറിച്ചു.

*കടപ്പാട് : ഇൻക്വയറർ ന്യൂസ്*

# ഒന്നു നമിച്ചോട്ടെ, ഈ ദീർഘവീക്ഷണത്തെ !

രമണി ഗോപാലകൃഷ്ണൻ[1], ബി. ചിന്നരാജ്[2]



**കൃഷ്ണസ്വാമി ഗൗണ്ടറുടെ അമ്മത്തെങ്ങ്**

"ഈ ഉലകത്തിൽ വ്യവസായ (കൃഷി)ത്തിനപ്പുറം ഒന്നുമേയില്ലൈ. വ്യവസായത്തിലും പെരുമയായി തെന്നൈ വ്യവസായം (തെങ്ങുകൃഷി) താൻ ബെസ്റ്റ്."

പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്തെ കേര കർഷകനായ കൃഷ്ണസ്വാമി ഗൗണ്ടരുടേതായിരുന്നു ഈ വിലയിരുത്തൽ. കേരകൃഷി ജീവിത വ്രതമാക്കിയ ഒരു കർഷകന്റെ മനസ്സിൽ തട്ടി വന്ന വാക്കുകളായിരുന്നു അവ. ആത്മസംതൃപ്തിയുടെ വാക്കുകൾ. തെങ്ങു കൃഷിക്കും കേരകർഷകർക്കും വേണ്ടി മൂന്ന് ദശാബ്ദം പണിയെടുത്തിട്ടും ആശങ്കയോടെ നടക്കുന്ന എന്റെ മനസ്സൊന്നു കുളിർപ്പിച്ചു ഈ വാക്കുകൾ. ഈ ആത്മവിശ്വാസം കുറച്ചു കേരകർഷകരിലേയ്ക്കെങ്കിലും എങ്ങിനെ പകർന്നു നൽകാമെന്നതായിരുന്നു എന്റെ അടുത്ത ചിന്ത.

സങ്കരയിനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്ന പദ്ധതിക്കുവേണ്ടി മാതൃവൃക്ഷമായി തെരഞ്ഞെടുത്ത ഗൗരീഗാത്ര (ചെന്തെങ്ങ്) മെന്ന ചാവക്കാട് ഓറഞ്ച് തെങ്ങുകൾ പരിശോധിക്കാനെത്തിയ വേളയായിരുന്നു സന്ദർഭം. പദ്ധതി ഏറ്റെടുത്തിരിക്കുന്നത് പാലക്കാട് ജില്ലയിലെ മൈത്രി എന്ന എൻ.ജി.ഒ. 400 ലധികം ഗൗരീഗാത്രം കുറിയയിനം (ഡ്വാർഫ്) തെങ്ങുകൾ വർഷങ്ങൾക്കു മുൻപ് നട്ടുപിടിപ്പിച്ച് ഒരു തെങ്ങിൽ നിന്ന് 140–160 ഇളനീർ വിളവെടുക്കുന്ന ഗൗണ്ടരുടെ ദീർഘവീക്ഷണം എന്തേ നമ്മുടെ കുറച്ചു കർഷകർക്കെങ്കിലുമില്ലാതെ പോയി എന്ന ചിന്തയായിരുന്നു ആദ്യമായി എന്റെ മനസ്സിലോടിയെത്തിയത്.

20 ദിവസത്തിലൊരിക്കൽ 12,000 ഇളനീർ വീതം ഒറ്റവിളവെടുപ്പിൽ വിറ്റുകൊണ്ടിരിക്കുന്ന ഈ കർഷകന്റെ വിത്ത് തേങ്ങയുടെ ഉറവിടം ഞാനന്വേഷിച്ചു. 15 ഏക്കർ വ്യാപിച്ചു കിടക്കുന്ന പറമ്പിന്റെ കോണിൽ, കുറിയയിനം തെങ്ങുകളെക്കു



*അത്യുത്പാദനശേഷിയുള്ള ഗൗരീഗാത്രം*




*ഗൗരീഗാത്രം തോട്ടത്തിന്റെ ദൃശ്യം*

റിച്ചുള്ള എല്ലാ ധാരണകളും തെറ്റിച്ചു കൊണ്ട് തലയെടുപ്പോടെ നിറയെ കുലകളുമായി നിൽക്കുന്നു ഒരു ഗൗരീഗാത്രം തെങ്ങ്. 50 വർഷത്തിനുമേൽ പ്രായമുണ്ട് ആ തെങ്ങിനെന്ന് ഗൗണ്ടർ സാക്ഷ്യപ്പെടുത്തുന്നു.

ഒറ്റ തെങ്ങിൽ നിന്ന് ഇത്രയും തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച രീതിയെക്കുറിച്ച് ഞാൻ ആരാഞ്ഞു. ആണ്ടിൽ 140-160 കായ് കിട്ടുമായിരുന്നു. ഓരോ വിളവെടുപ്പിലേയും കായ്കൾ വെയിലത്ത് 15 ദിവസത്തോളം ഉണക്കും. പിന്നീട് ഒരു സിമന്റ് ടാങ്കിലെ വെള്ളത്തിലിട്ട് മുളവരുമ്പോൾ എടുത്തു നഴ്സറി ബഡ്ഡിൽ നടുന്നു, പിന്നീട് നടാൻ പരുവമാകുമ്പോൾ കുഴിയെടുത്ത് നടും. ഇങ്ങനെ എല്ലാ വിളവെടുപ്പിലേയും കായ്കൾ പടിപടിയായി വിത്തായുപയോഗിച്ച് 200 തൈകൾ നട്ടുപിടിപ്പിച്ചു. ആവശ്യം കഴിഞ്ഞപ്പോൾ തൈയുത്പാദനം നിർത്തി. പിന്നീടു 6 വർഷം മുൻപ് വീണ്ടും ഇതേ രീതിയിൽ തൈകളുണ്ടാക്കി 200 തൈകൾ കൂടി വെച്ചു.

ഓരോ കുലയിലും 25, 30, 40 എന്നിങ്ങനെ കായ്കൾ നിൽക്കുന്നത് ഗവൺമെന്റ് തോട്ടങ്ങളേയും കൃഷി ശാസ്ത്രജ്ഞരേയും ഒരേപോലെ നാണിപ്പിക്കും. കരിക്കു കച്ചവടക്കാർ വരുന്നത് ചെന്നൈ, പൊള്ളാച്ചി, കോയമ്പത്തൂർ എന്നിവിടങ്ങളിൽ നിന്നാണ്. 20 ദിവസം കൂടുമ്പോൾ വിളവെടുക്കും 12,000 കരിക്കിലധികം ഉണ്ടാകും. അതായത് 12 ലോറി ലോഡ്. ഇങ്ങനെ ആണ്ടിൽ ശരാശരി 15 വിളവെടുപ്പു കാണും; രണ്ടു ലക്ഷത്തോളം കരിക്ക്. രോഗം വന്നതും മണ്ഡരി ബാധയുള്ളതും പേടുമെല്ലാം ചേർത്ത് വെട്ടൊന്നിന് 2000 തിരിവു കണക്കാക്കി ആണ്ടിൽ 1,80,000 കരിക്ക് വിൽക്കും. പത്തു രൂപയ്ക്ക് കരിക്ക് വിറ്റാൽ 18 ലക്ഷം രൂപ ആണ്ടിൽ കരിക്കിൽ നിന്നു മാത്രമുള്ള ആദായം. കരിക്കിന് ഇത്രമാത്രം ഡിമാന്റുണ്ടാകുമെന്ന് മുന്നിൽകണ്ട് കൃഷിചെയ്ത ഗൗണ്ടർക്ക് തനിക്ക് ഇന്നു കാണുന്ന എല്ലാ സൗഭാഗ്യങ്ങളും ഈ തെങ്ങുകൃഷി തന്നതാണെന്ന് പറയാൻ തെല്ലും സങ്കോചമില്ല.

രണ്ടു മക്കളാണ് കൃഷ്ണസ്വാമി ഗൗണ്ടർക്ക്. പെരിയ സ്വാമിയും സതീഷും. 40ഉം 36ഉം വയസ്സ്. രണ്ടുപേരും അച്ഛന്റെ പാത പിന്തുടർന്ന് കൃഷിയിൽ. പെരിയ സ്വാമി 11 ഏക്കർ തോട്ടം പ്രത്യേകം നോക്കി നടത്തുന്നു. എന്തുകൊണ്ട് അവർക്ക് വിദ്യാഭ്യാസം നൽകി ഉദ്യോഗത്തിനയച്ചില്ല എന്ന ചോദ്യത്തിനും ഉത്തരം ഉടനടി. ''ഈ വ്യവസായ (കൃഷി)ത്തിനപ്പുറം എന്ന വേലൈ സാർ, ടൗണിൽ ജനിച്ചു വളരുന്ന കൃഷിഭൂമി ഇല്ലാത്ത ചെറുപ്പക്കാരെല്ലാം പഠിച്ച് വേലൈപാക്കട്ടും. നമുക്ക് ജീവിതം കഴിക്കാൻ ഇതു മട്ടും പോതും.''

***നെടിയയിനം തെങ്ങിൽ നിന്നുമുള്ള ആദായം എങ്ങനെയുണ്ട്?***

"ഒട്ടും മോശമല്ല. 500 തെങ്ങുകളുണ്ട്. എല്ലാം ഞാൻ തന്നെ വച്ചത്. ആണ്ടിൽ ഒരു ലക്ഷത്തിലധികം നാളികേരമുണ്ടാവും. 40 വർഷത്തിനു മുൻപ് ഏക്കറിന് 1100 രൂപ വച്ച് വാങ്ങിയതാണീ സ്ഥലം."

കൃഷ്ണ സ്വാമിയുടെ ഇളനീർ തെങ്ങുകളോടുള്ള ആഭിമുഖ്യം ഇന്നും പച്ചപിടിച്ചു നിൽക്കുകയാണ്." "100 തൈകൾ കൂടി കിട്ടിയാൽ എനിക്കു സന്തോഷം."

***അപ്പോൾ പഴയ രീതിയിൽ സ്വന്തമായി കിളിർപ്പിച്ചെടുക്കാൻ ഒരുക്കമില്ലേ?***

"ഞാൻ വയസ്സായി. 68 കഴിഞ്ഞു. പ്രമേഹവും പ്രഷറുമൊക്കെ അലട്ടാൻ തുടങ്ങി. തേങ്ങ പാകി കിളിർപ്പിച്ച് നടാൻ സമയമെടുക്കും. അത്രക്കു ക്ഷമയില്ല. എനിക്ക് ഇനിയും കൂടുതൽ കരിക്കിൻ തൈകൾ വച്ചു പിടിപ്പിച്ച് കായ് പിടിക്കുന്നതു കാണണം."

"മാഡത്തിനോടു മാത്രമായി ഒരു രഹസ്യം പറയാം. മക്കൾക്കു രണ്ടു പേർക്കുമായി കൃഷിയിടം ഓഹരി വച്ചു കൊടുത്തെങ്കിലും കരിക്കിന്റെ വരുമാനം എന്റെ കൈയിൽ തന്നെ. അതു എന്നും എന്റെ സ്വന്തമായി തന്നെയിരിക്കണം."

കരിക്കിൻവെള്ളത്തിന്റെ ഗുണങ്ങളും ഗൗരീഗാത്രം കരിക്കിന് യോജിച്ച ഇനമായി ശുപാർശ ചെയ്തിട്ടുള്ള വിവരവും അറിയാമോ എന്ന ചോദ്യത്തിനുത്തരം ഞാനിതൊക്കെ എന്നേ മുൻകൂട്ടി കണ്ടിരുന്നുവെന്ന അർത്ഥത്തിൽ കുടവയർ കുലുക്കി ചിരിയായിരുന്നു.

***"കരിക്കിൻ വെള്ളം പായ്ക്ക് ചെയ്യുന്ന ഒരു വ്യവസായ യൂണിറ്റ് തുടങ്ങിയാലോ?"***

"വേണ്ട. വേണ്ട. അതൊക്കെ വലിയ തലൈവലിയായി മാറും. മണ്ണും തെങ്ങും മാത്രം മതിയെനിക്ക്. കൃത്യമായി വരുമാനം വന്നു കൊണ്ടേയിരിക്കും."

കൊക്കോകോള, പെപ്സി കമ്പനികൾ പോലും കരിക്കിൻ വെള്ളം പായ്ക്കിംഗ് യൂണിറ്റുകളെക്കുറിച്ച് ആലോചിച്ചു തുടങ്ങിയെന്നും അമേരിക്കയിലും മറ്റും കരിക്കു വ്യവസായം പൊടി പൊടിക്കുന്നുവെന്നും പറഞ്ഞിട്ടും ഇതൊക്കെ താനെത്ര കേട്ടിരിക്കുന്നു എന്ന ഭാവം കൃഷ്ണ സ്വാമിക്ക്. നാൽപതു വർഷം മുൻപ് ആരും ചിന്തിക്കാതിരുന്ന ഒരു കാലത്ത് കുറിയയിനം തേങ്ങ മുളപ്പിച്ച്



മൈത്രി മാതൃവൃക്ഷമായി തിരഞ്ഞടുത്ത ഗൗരീഗാത്രം തെങ്ങുകൾ



ഗൗരീഗാത്രം നഴ്സറിയിൽ നിന്നും ലഭിച്ച അത്യുത്പാദന ശേഷിയുള്ള എൻസിഡി തെങ്ങ്

തൈയാക്കി നട്ടുപിടിപ്പിച്ചതിന്റെ പിന്നിലെ ദീർഘ വീക്ഷണത്തിനു മുന്നിൽ നമിക്കാതെന്തു ചെയ്യാൻ?

കേരള ഗവൺമെന്റ് ഈ വർഷം ഇളനീർ വർഷമായി പ്രഖ്യാപിച്ചതിനെക്കുറിച്ച് അറിഞ്ഞിരുന്നോ എന്ന ചോദ്യത്തിനും ഇല്ലായെന്നു തന്നെ മറുപടി. പക്ഷേ വ്യവസായികളെ സർക്കാർ സഹായിക്കണം. നല്ല വളവും മറ്റും നൽകണം. ഇങ്കെ ഫുൾ രാഷ്ട്രീയം താൻ. കൃഷി ഭവനിൽ നിന്നും കിട്ടുന്ന വളം ഞാൻ വാങ്ങിക്കാറില്ല. ഗുണമേന്മയില്ലാത്തത് തന്നെ കാരണം. പക്ഷേ കൃത്യമായി വളവും നനയും നൽകുന്നുണ്ട്. അതിനുവേണ്ടി ഒരു കൺസൾട്ടന്റിനെ സ്ഥിരമായി വെച്ചിട്ടുണ്ട്.

100 തെങ്ങുകൾ മാത്രം ചെത്താൻ കൊടുത്തിട്ടുണ്ട്. മാസം 320 രൂപ തെങ്ങൊന്നിന് ലഭിക്കും. വർഷത്തിൽ 6–8 മാസം ചെത്തും.

കാര്യമായ പ്രശ്നമൊന്നും തെങ്ങുകൾക്കില്ല. ബോറോണിന്റെ അഭാവം, മണ്ഡരി, ചെമ്പൻ ചെല്ലി, മണ്ടചീയൽ ഇതെല്ലാം വളരെ ചെറിയതോതിൽ മാത്രം തക്ക സമയത്ത് നിയന്ത്രണ മാർഗ്ഗങ്ങൾ എടുക്കുന്നതിനാൽ പ്രശ്നം ഗുരുതരമാകാറില്ലെന്നും കൃഷ്ണസ്വാമി പറയുന്നു.

ഡ്വാർഫ് നടുന്നതിൽ താൽപര്യം കാണിക്കാതെ നമ്മുടെ കർഷകർ എന്തുകൊണ്ട് പുറം തിരിഞ്ഞു നിന്നു? തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്ന തെങ്ങു പുനരുദ്ധാരണ പദ്ധതി ഡ്വാർഫ് തൈകൾ നട്ടു പിടിപ്പിക്കാനുള്ള അവസരമായിരുന്നു. ഇതിനകം 12 ലക്ഷത്തിലധികം കേടുവന്ന തെങ്ങുകൾ ഈ ജില്ലകളിൽ നിന്നും വെട്ടിമാറ്റിയിട്ടുണ്ട്. പകരം ഡ്വാർഫ് തൈകൾ വയ്ക്കാനുള്ള അവസരം കർഷകർ വേണ്ടവിധം ഉപയോഗപ്പെടുത്തിയില്ലെന്നു പറയുന്നതാകും ശരി. ഇളനീരിന്റെ വ്യവസായ സാധ്യതകൾ കാണാതെ സങ്കരയിനം തൈകൾക്കുവേണ്ടിമാത്രം നിർബന്ധം പിടിച്ചു നമ്മുടെ കർഷകർ. എന്നാൽ സങ്കരയിനം തൈകളുടെ ഉത്പാദനം ത്വരിതപ്പെടുത്താൻ പുതിയ പദ്ധതിയുമായി ബോർഡ് മുന്നേറുമ്പോൾ മാതൃവൃക്ഷമായി ഡ്വാർഫ് തെങ്ങുകളില്ലാത്ത പരിതാപകരമായ അവസ്ഥയിലാണ് നാമിന്ന്. ഈ സമീപനത്തിന് ചെറിയ മാറ്റം വന്നു കൊണ്ടിരിക്കുന്നു എന്നുള്ളത് ആശ്വാസം നൽകുന്നു. കരിക്കിന് പ്രചാരം നൽകിക്കൊണ്ടുള്ള ബോർഡിന്റെ ഉദ്യമങ്ങൾക്കുവേണ്ടത്ര പ്രചാരം നൽകിയ മാധ്യമങ്ങൾക്ക് നന്ദി.



കൃഷ്ണസ്വാമി ഗൗണ്ടർ ഭാര്യയോടൊപ്പം

നാളെയുടെ ഡ്രിങ്കായി ലോകം ഉറ്റുനോക്കുന്ന കരിക്കിൻ വെള്ളം കൊഴുപ്പും കൊളസ്ട്രോളുമില്ലാത്ത പോഷക സമ്പുഷ്ടമായ പാനീയമാണ്. ഈ പ്രകൃതി ദത്ത ടോണിക് സുലഭമായി ലഭ്യമാകുന്ന രീതിയിൽ ആവശ്യത്തിന് ഡ്വാർഫ് തെങ്ങിനങ്ങൾ വെച്ചു പിടിപ്പിക്കണം. കേരളത്തിൽ തന്നെ ഏകദേശം 18 കോടി തെങ്ങുകളുള്ളതിൽ കുറിയയിനങ്ങൾ ഒന്നോ രണ്ടോ ശതമാനമേ വരൂ. വരും തലമുറയിൽ 25 ശതമാനമെങ്കിലും കരിക്കിനങ്ങൾ വച്ചു പിടിപ്പിക്കണമെന്ന സന്ദേശം ബോർഡ് നൽകി വരുന്നുണ്ട്. ഒരു വെടിക്കു രണ്ടു പക്ഷിയെന്നപോലെ കരിക്ക് വിളവെടുക്കുന്നതോടൊപ്പം സങ്കര വർഗ്ഗ തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കാനുള്ള മാതൃവൃക്ഷമായും ഇവ ഉപയോഗപ്പെടുത്താം. കുറച്ചു കുലകൾ ഇതിനായി മാറ്റി നിർത്താം.

ഈ അവസരം 40 വർഷങ്ങൾക്കു മുൻപ് തന്നെ മനസ്സിൽ വരച്ചിട്ടു മീനാക്ഷിപുരത്തെ കൃഷ്ണസ്വാമി ഗൗണ്ടർ. ഇതു പോലെ നമ്മുടെ രാജ്യത്ത് അങ്ങോളമിങ്ങോളം നിരവധി കൃഷ്ണസ്വാമി ഗൗണ്ടർമാർ ഉണ്ടാകേണ്ടിയിരിക്കുന്നു, നമ്മുടെ കേരകൃഷിരംഗം സമ്പന്നമാകാൻ.

1.ഡെപ്യൂട്ടി ഡയറക്ടർ, 2. സീനിയർ ടെക്നിക്കൽ ആഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി–11

# കേരലോകം മുഴുവൻ അറബിക്കടലിന്റെ റാണിക്ക് അഭിമുഖമായി

ജോസഫ് ആലപ്പാട്ട്

ആദ്യം അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ; കൊക്കോടെക്ക് എന്ന കേരവിസ്മയം പൂർണ്ണമാക്കാൻ ചിട്ടയുടെ ചട്ടക്കൂട്ടിൽ കാര്യമാത്രപ്രസ്ക്തമായി ചുക്കാൻ പിടിച്ച നാളികേര ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസിനും, രാപകൽ അദ്ധ്വാനിച്ച ബോർഡ് അധികൃതർക്കും. ആ മഹാസംഭവത്തിൽ എന്റെ ചില വിസ്മയകാഴ്ചകൾ സമർപ്പിക്കട്ടെ.

ഒരു കേരകർഷകന്റെ വീക്ഷണത്തിൽ, ഒരു പ്രതിനിധിയുടെ കാഴ്ചപ്പാടിൽ ആദ്യം എന്നെ വിസ്മയിപ്പിച്ചത് ശ്രീലങ്കൻ പ്രതിനിധി ഡോ. ഗുണതിലകെയുടെ അനുഭവങ്ങളാണ്. ഒരു കൊച്ചുദ്വീപ് രാഷ്ട്രം, വംശീയ കലാപം വഴി വൻ സാമ്പത്തിക മാന്ദ്യം, നമ്മുടെ തെങ്ങുകൾക്ക് മണ്ഡരി ബാധിച്ചതുപോലെ ശ്രീലങ്കയിലെ തെങ്ങുകളെ കുമിൾ രോഗം വ്യാപകമായി ബാധിച്ചു. ഒപ്പം നഗരവത്ക്കരണം മൂലം നഷ്ടമാകുന്ന കേരകൃഷിയുടെ വിസ്തൃതി തുടങ്ങിയ വിവിധ പ്രതിസന്ധികളിലും ശ്രീലങ്കൻ കർഷകർ പിടിച്ചുനിന്നു. ജീവനാഡിയായ കേരത്തിന്റെ ഉപോൽപന്നങ്ങളെ അത്ഭുതകരമായ രീതിയിൽ വൈവിധ്യവത്ക്കരിച്ചു, നാട്ടിലും വിദേശത്തും പ്രത്യേകിച്ച് ഗൾഫ് നാടുകളിലും ശ്രീലങ്ക കേരോൽപന്നങ്ങളുടെ ഒരു വിസ്മയ ലോകം തന്നെ സൃഷ്ടിച്ചു. വിദേശനാണ്യം വാരിക്കൂട്ടി, വലയുന്ന ശ്രീലങ്കൻ കർഷകരെ കരകയറ്റിയകഥ.

ഏതു യൂറോപ്യൻ ജിന്നിനേയും വെല്ലുന്ന ലങ്കയുടെ ലയൺ ബ്രാൻഡ് അസ്സൽ കലർപ്പില്ലാത്ത തെങ്ങിൻകള്ളിൽ നിന്നും വാറ്റിയെടുത്ത മദ്യം വിദേശ ബാറുകളിലെ താരമാണ്. അവരുടെ ടിന്നിലാക്കിയ അല്ലി കള്ള് വിദേശികളുടെ ലങ്കൻ ഷാമ്പെയ്ൻ. വൈവിധ്യവത്ക്കരണത്തിനായി നാളികേര ബോർഡ് പടവെട്ടിയിട്ടും പലകാരണങ്ങൾകൊണ്ടും നമുക്ക് പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയുന്നില്ല. ശ്രീലങ്കയിൽ ആകെ നാളികേരോത്പാദനത്തിന്റെ അമ്പത് ശതമാനം വൈവിധ്യവത്കൃത ഉൽപന്നങ്ങളാക്കി വിറ്റഴിക്കുമ്പോൾ, ഇവിടെ നാം അത് പത്ത് ശതമാനത്തിന്റെ മുകളിലാക്കിയത് ബോർഡിന്റെ കഠിനപ്രയത്നവും, നിതാന്ത പ്രചരണവും കൊണ്ടാണ്. നാം കാര്യമായി കയറ്റുമതി ചെയ്യുന്നത് കയർ ഉൽപന്നങ്ങളാണ്. ജയതിലകെ ലങ്കയിൽ എത്തുന്ന നിക്ഷേപകർക്ക് എല്ലാ സാങ്കേതികവിദ്യയും വിപണിയും വാഗ്ദാനം ചെയ്തു. ലോകത്തെല്ലായിടത്തും സഞ്ചരിക്കുന്ന നമ്മുടെ ജനപ്രതിനിധികൾ ഒരാൾപോലും ശ്രീലങ്കയിൽ പോയിട്ടില്ലെന്നത് നാം ഓർക്കണം. പിന്നെ എങ്ങനെ കേരനാട്ടിൽ കേരം കനിയും.



*ലേഖകൻ സമോവ കൃഷി മന്ത്രി ശ്രീ ലേ മാമിയ റോപാത്തി മോലിയയ്ക്കൊപ്പം*

ഞാൻ ഏറെ സ്നേഹിക്കുന്ന, ഏറെ സന്ദർശനം നടത്തിയ കേരത്തിന്റെ തിലകക്കുറിയായ ഫിലിപ്പീൻസ്. എപിസിസി അധ്യക്ഷൻ റോമുലോ അരൺകന്റെ ജന്മദേശം. കൊക്കോടെക്കിനെത്തിയ ഫിലിപ്പീൻസിലെ കേരവികസന, ഉത്പാദന, വിപണന, ഗവേഷണത്തിന്റെ അവസാന വാക്കായ ഫിലീപ്പിൻസ് കോക്കനട്ട് അതോറിറ്റി പ്രതിനിധി ഡോ. ഡീനബി മാസ ടീ ബ്രേക്കിൽ പറഞ്ഞത്, ആരാഞ്ഞത് യഥാർത്ഥത്തിൽ എന്നെ ഞെട്ടിച്ചു. സുഹൃത്തേ ഞങ്ങളുടെ കൊക്കോഫെഡ്ഡിനെ അനുകരിച്ച് (ഫിലിപ്പീൻസിലെ കേരകർഷകരുടെ സഹകരണ സംഘടന) കേരളത്തിലെ കർഷകരുടെ ജീവനാഡിയെന്ന് വിശേഷിപ്പിച്ച് നിങ്ങൾ തുടങ്ങിയ കേരഫെഡ്ഡിന്റെ വിജയഗാഥകൾ ഒന്നു വിവരിക്കൂ? ഞാൻ എന്തുപറയും, ഞാൻ കേരമേഖലയിലെ മൂല്യവർദ്ധിത മുന്നേറ്റങ്ങളെക്കുറിച്ചും കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ നൂതന സംരംഭങ്ങളെക്കുറിച്ചും വർണ്ണിച്ച് വിഷയത്തിൽ നിന്നും അവരെ വഴിമാറ്റി.

എന്നിട്ടും കുശലസംഭാഷണം തുടരവേ ലങ്കൻ പ്രതിനിധി ഡോ. പ്രയന്തി ഫെർണാന്റോ ചാടി വീണു. സർക്കാരും, കേരഫെഡ്ഡും കർഷകരുടെ പച്ചതേങ്ങ സംഭരിക്കാത്തത് എന്ത്? ഞങ്ങൾ നടത്തിയ ഫീൽഡ് ട്രിപ്പിൽ വിലപിക്കുന്ന കർഷകർ തേങ്ങക്കൂനകളുമായി സ്വന്തം പുരയിടത്തിൽ നിൽക്കുന്നത് കണ്ടല്ലോ. ഞാൻ സത്യം വളച്ചൊടിച്ചു കേരവില ഇടിയുമ്പോൾ കച്ചവടക്കാർ തേങ്ങ വാങ്ങാൻ വരാൻ അൽപം വൈകും. ഇതിന് ഉടൻ പരിഹാരമാകും. കർഷകരുടെ യഥാർത്ഥ വിലാപം ഞാൻ വളരെ ലാഘവത്തോടെ കണ്ടു. അവരെ കാര്യങ്ങൾ ഒരു കണക്കിന് ധരിപ്പിച്ചു (തെറ്റിദ്ധരിപ്പിച്ചുവെന്നതാണ് സത്യം). അതാ വരുന്നു ഫിലിപ്പീൻസ് ചോദ്യം വീണ്ടും. വെളിച്ചെണ്ണ വിലകുറഞ്ഞപ്പോൾ നിങ്ങൾക്ക് വെളിച്ചെണ്ണ ഉപയോഗിച്ച് ബയോഡീസൽ നിർമ്മിച്ച് വാഹനങ്ങൾ പരീക്ഷണാർത്ഥം ഓടിച്ചുകൂടെ. പണ്ട് കേരളത്തിലെവിടെയോ ഓട്ടോറിക്ഷയിൽ വെളിച്ചെണ്ണ ഇന്ധനമായി ഉപയോഗിച്ചത് ഞങ്ങൾ കോ കമ്മ്യൂണിറ്റി മാഗസിനിൽ വായിച്ചിട്ടുണ്ടല്ലോ? അതിന് എന്തുപറ്റി? ഞാൻ എന്തുപറയും? ഫിലിപ്പീൻസിലെ കുറെ ഏറെ ട്രാക്ടറുകളും അവരുടെ ഒരു പ്രത്യേകതരം യാത്രാവാഹനമായ "ജീപ്പിനികളും (യാത്രാ വേളയിൽ മനില നഗരം ചുറ്റിക്കാണാൻ ഞാൻ ഏറെ ഇഷ്ടപ്പെടുന്ന വാഹനം) നമ്മുടെ വലിയ ഓട്ടോറിക്ഷപോലെ (ഫിലിപ്പീൻസിനുമാത്രം സ്വന്തം), ഓടുന്നത് കൊക്കോഡീസലിൽ – നമുക്ക് പരീക്ഷിച്ചുനോക്കാവുന്ന ഒരു ബദൽ ഉപാധി.

# ബിസിനസ്സ് അവസരങ്ങൾ

*(എപിസിസി പ്രസിദ്ധീകരിക്കുന്ന കോക്കമ്മ്യൂണിറ്റി മാസികയുടെ സെപ്തംബർ 2012 ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)*

## ക്രൂഡ് വെളിച്ചെണ്ണ

രജിസ്റ്റേർഡ് കമ്പനിയായ KATTNA ഏജൻസി ഫിജി ലിമിറ്റഡ് കിരിബത്തിയിലെ കിരിമതി ദ്വീപ് ഫിജിയിൽ ഇറക്കുമതി ചെയ്യുന്ന കൊപ്ര ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. ഈ ക്രൂഡ് വെളിച്ചെണ്ണയ്ക്ക് ആവശ്യമുള്ളവർ ബന്ധപ്പെടുക.

Ms. Sue, Director,
KATTNA Agency, Kiribati,
Email: kattna.agency@gmail.com

## തെങ്ങിൻ തടി

ചുവപ്പ് നിറത്തിലുള്ള തെങ്ങിൻതടിയുടേയും കരിമ്പനയുടെ തടിയുടേയും വിതരണക്കാരെ ആവശ്യമുണ്ട്. പലവിധ ഉപയോഗങ്ങൾക്കുള്ള തടികൾ (lumber/timber/ squares/ logs/planks) വിവിധ കനത്തിൽ : 20/30/40/50 മില്ലിമീറ്റർ, വീതിയിൽ : 5–15 സെൻറീമീറ്റർ (20 സെ.മീ. വരെയാകാം) സ്ക്വയർ: 5x5, 6x6, 8x8, 10x10 സെ.മീ, നീളം: 1 മീറ്റർ+, സാന്ദ്രത: ഉയർന്നതും ഇടത്തരവും, മികച്ച ഗുണമേന്മ, ഉണക്ക് (AD + KD) താൽപര്യമുള്ളവർ ബന്ധപ്പെടുക.

Mr. Mathias Pfeifhofer,
Email : brainwood@gmx.de

## റിഫൈൻ വെളിച്ചെണ്ണ

പോളണ്ടിലെ ഐസ്കോട്ടിംഗ് നിർമ്മാതാവിന് റിഫൈൻ വെളിച്ചെണ്ണ ആവശ്യമുണ്ട്. ഒരു വർഷം 1000 മെട്രിക് ടണ്ണോളം വെളിച്ചെണ്ണയാണ് ഉപയോഗിക്കുന്നത്. താൽപര്യമുള്ളവർ നേരിൽ ബന്ധപ്പെടുക:

Mr. Dorota Hoffmann
Import Department
Terravita Sp. Z.o.o.
ul. Szarych Szerega 48
60-462 Poznan, Poland
Tel: 48 61 66 88 315
Fax: 48 61 822 19 31
Mobile: 609 479 239
Email: import@terravita.com.pl
Website: www.terravita.pl

## ചുരണ്ടിയ തേങ്ങ

വിവിധതരം അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി, ഇറക്കുമതിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യാപാര സ്ഥാപനത്തിന് ചുരണ്ടിയ തേങ്ങ ആവശ്യമുണ്ട്. താൽപര്യമുള്ളവർ (എക്സ്പോർട്ടിംഗ് കമ്പനികൾ) നേരിൽ ബന്ധപ്പെടുക.

Mr. Carlos Marin
Director of NISA, S.A. de CV,
Cancun-Quintana Roo Mexico
Tel: 52 998 886 88 96
Email: carlos.marin@gruponisacar.com
Office in Uruguay:
Montevideo
Tel: 00 598 2 901 06 36

## ഓർഗാനിക് (ജൈവ) തേങ്ങപ്പാൽ

ആസ്ത്രേലിയൻ വ്യാപാരി പസഫിക് ദ്വീപുകളിൽ നിന്ന് സർട്ടിഫൈ ചെയ്ത ഓർഗാനിക് തേങ്ങാപ്പാൽ ഇറക്കുമതി ചെയ്യുന്നതിന് താൽപര്യം പ്രകടിപ്പിച്ച് പസഫിക് ഐലൻഡ്സ് ട്രേഡ് ആന്റ് ഇൻവെസ്റ്റ്നെ സമീപിച്ചിട്ടുണ്ട്. ഇപ്പോൾ അവർ തായ്‌ലൻഡിൽ നിന്നാണ് 20 ലിറ്റർ കണ്ടെയിനറുകളിൽ തേങ്ങാപ്പാൽ വാങ്ങുന്നത്. ഉൽപന്നം ഓർഗാനിക് ആണെന്ന് സർട്ടിഫൈ ചെയ്തതായിരിക്കണം. ഉൽപന്നത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ താൽപര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.

Mr. Jeremy Grennell,
Pacific Island Trade & Invest,
PO Box 5407, Sydney,
NSW 2000, Australia,
Tel : 612 9290 2133
Email : jeremy.grennell@pacifictradeinvest.com

സമ്മേളനത്തിൽ താരമായ വെസ്റ്റേൺ സമോവ കൃഷി മന്ത്രി ശ്രീ ലേ മാമിയ റോപാത്തി മോലിയയുമായി ഞാൻ ഏറെ അടുത്തു. നല്ലവൻ, ശാന്തൻ, ഒരു ദ്വീപ് രാഷ്ട്രത്തിന്റെ കേര-മത്സ്യാധിപൻ, ഞാൻ കേരബോർഡ് കരകൗശലവിദഗ്ദ്ധർ തെങ്ങിൻ തടിയിൽ തീർത്ത ഒരു കൊച്ചു കെട്ടുവള്ളം സമ്മാനിച്ചപ്പോൾ ആ മഹാനുഭാവന്റെ ഓർമ്മ ഒരു നിമിഷം തന്റെ തട്ടകത്തിലേക്കു ചലിച്ചു. ഈ കരകൗശലവിദ്യ വൈദഗ്ദ്ധ്യമൊന്നും ഞങ്ങൾക്കില്ലല്ലോ. ഞാൻ പറഞ്ഞു, "വേണമെങ്കിൽ അവർ സമോവ ദ്വീപിലേക്ക് വരും, തെങ്ങിൻതടിയിൽ നിന്നും വിവിധ ഉൽപന്നങ്ങൾ നിർമ്മിച്ച് നിങ്ങളെ അമ്പരപ്പിക്കാൻ".

വൈകിയെത്തിയ ഫിജി മന്ത്രി ജൊക്കത്തേനി കോക്കനാസിഗയും ഒരു കാര്യം പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. "സുഹൃത്തേ, ഇവിടെ എത്രവരും പ്രതിദിന കർഷകകൂലി ?" ഞാൻ കേരകർഷകന്റെ കദനകഥ വിവരിച്ചു. താങ്ങാനാവാത്ത കാർഷിക കൂലി നൽകി പൊറുതിമുട്ടി കൃഷിഭൂമി തരിശിട്ടിരിക്കുന്ന ഹതഭാഗ്യരായ കർഷകരുടെ മനോവ്യഥ. അവർ പറയുകയാണ് "ഇതൊരു ആഗോള പ്രതിഭാസമാണ്. ഞങ്ങൾ ഉൾപ്പെടെ പല കേരോത്പാദക രാജ്യങ്ങളും തൊഴിലാളികളെ കൃഷിയിടത്തിൽ പിടിച്ചുനിർത്താൻ അവരുടെ വേതനം വർദ്ധിപ്പിച്ച് അതിന്റെ പകുതി സബ്സിഡിയായി കൃഷിഉടമയ്ക്ക് നൽകുന്നു". അത്ഭുതകരമായ വാർത്ത. നമ്മുടെ നാടും ഈ സദുദ്യമത്തിന് തയ്യാറുണ്ടോ?

നാളികേര ഐസ്ക്രീമിന്റെ വിജയകഥ പറഞ്ഞു സദസ്സിനെ കൊതിപ്പിച്ചു അമേരിക്കയിൽ നിന്നുള്ള ടക്കർ – ടീന ദമ്പതികൾ.

പക്ഷേ ഒരു കാര്യം എനിക്ക് അഭിമാനത്തോടെ തന്നെ പറയുവാൻ കഴിഞ്ഞു. കർഷകന് വളം തൊട്ട് ജലസേചനം വരെ, കൃഷി പരിപാലനമുറകൾ ഉൾപ്പെടെ സർവ്വതും സൗജന്യമായി നൽകുന്ന കേരബോർഡിന്റെ സ്വന്തം പദ്ധതിയായ കേര കർഷകരുടെ കൂട്ടായ്മയായ ക്ലസ്റ്റർ എന്ന ഷെൽട്ടർ പുരാണം, ചങ്ങാതികളെന്ന തെങ്ങ് സംരക്ഷകരുടെ കഥ, സിപിഎസ് എന്ന കർഷക കൂട്ടായ്മകളെക്കുറിച്ചും. കൂടാതെ തൊഴിലുറപ്പ് എന്ന നൂതന കാർഷിക പരിപാടി വഴി കർഷകരുടെ കൃഷിയിടങ്ങളിലെ കാർഷിക വൃത്തികൾ സൗജന്യമായി ചെയ്തുതരുന്ന പദ്ധതിയെക്കുറിച്ചും ഞാൻ ചങ്കൂറ്റത്തോടെ പറഞ്ഞു. ഇന്ത്യയുടെ കേരമേഖലയിൽ 1937ലെ, അത്യുത്പാദനശേഷിയുള്ള ടിxഡി എന്ന അത്ഭുത ജനുസ്സിന് ജന്മം നൽകി കേരലോകത്തെ ഞെട്ടിച്ച കഥ പ്രതിനിധികൾ അത്ഭുതത്തോടെ വാഴ്ത്തി. നമ്മുടെ പ്രശസ്തമായ കേരശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, മലബാർ കുടിയേറ്റം വഴി അത്ഭുതം സൃഷ്ടിച്ച മലയാളി സാഹസികത എല്ലാം ഞാൻ വിവരിച്ച്, നമ്മുടെ കേരപ്പെരുമയ്ക്ക് പ്രതിനിധികളിൽ കൊഴുപ്പേകി. മറക്കില്ല, എനിക്ക് ലഭിച്ച അനുഭവസമ്പത്ത്. ഒളിഞ്ഞുകിടക്കുന്ന കേരത്തിന്റെ അനന്തസാദ്ധ്യതകൾ, കേരബോർഡ് അധികൃതരെ, കൊക്കോടെക്ക് ഒരു കോക്കനട്ട് വണ്ടറായി. കേരബോർഡിന്റെ ചരിത്രത്തിൽ ഒരു പൊൻതൂവൽകൂടി.

*മുൻ ഗവേഷണ, വികസന സമിതി അംഗം, നാളികേര വികസന ബോർഡ്*

www.harithabhoomi.com

# ഹരിതഭൂമി

## സമ്പൂർണ്ണ ഭക്ഷ്യ – കാർഷിക മാസിക

ജൈവകൃഷിയറിവുകൾ കർഷകരുടെയും കാർഷിക വിദഗ്ധരുടെയും അനുഭവങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും പകർന്നു നൽകുകയാണ് ഹരിതഭൂമി. സുസ്ഥിരകൃഷി, സംയോജിത-സമ്മിശ്രകൃഷിമുറകൾ, യന്ത്രവല്ക്കരണം, കർഷക കൂട്ടായ്മകൾ, കാർഷിക സംരംഭകത്വം, ഭക്ഷ്യ സംസ്കരണം, വിപണനം തുടങ്ങിയ വിജ്ഞാന മേഖലകളിലൂടെയുള്ള ഹരിതഭൂമിയുടെ യാത്രയിൽ എല്ലവർക്കും പങ്കു ചേരാം.

### വരിക്കാരാകാൻ നിങ്ങൾക്കും ഒരു സുവർണ്ണാവസരം

പേര്.......................................................

...........................................................

വിലാസം ................................................

...........................................................

പിൻ. ......................................................

ഫോൺ ....................................................

ഇ-മെയിൽ................................................

...........................................................

## വാർഷിക വരിസംഖ്യ ₹ 180/-

വരിക്കാരാകുന്നതിന് ഫൗണ്ടേഷൻ ഫോർ ഓർഗാനിക് അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റിന്റെ പേരിൽ ☐ മണിഓർഡർ ☐ ഡി.ഡി. ഇതോടൊപ്പം അയക്കുന്നു.

നമ്പർ.............................. തീയതി..............................

രൂപ.................................ബാങ്ക്..............................

ഡിഡി / വരിസംഖ്യാകൂപ്പണുകൾ അയക്കേണ്ട വിലാസം :
ഫൗണ്ടേഷൻ ഫോർ ഓർഗാനിക് അഗ്രികൾച്ചർ & റൂറൽ ഡവലപ്മെന്റ്
തോട്ടുമുഖം പി.ഒ., ആലുവ - 683 105

Call : 0484 2620850, 9400718627, 9020210870, 9037168714
E-mail : editor@harithabhoomi.com



www.harithabhoomi.com
http://www.facebook.com/groups/241895625896208/


ഇത്തിരി തേങ്ങാക്കുലരാഷ്ട്രീയം; പ്ലീസ്
കേരകർഷകരെ വലയ്ക്കരുത്
മുഖപ്രസംഗങ്ങളിൽ കേര
കല്പവൃക്ഷത്തെ നാം കൈവിടുന്നുവോ ?
നാടുനീങ്ങുന്ന നാളികേരം
വീക്ഷണം


തേങ്ങ കത്തിച്ച
പ്രതിഷേധിക്കണോ?
കേരകർഷകന്റെ
കഥകഴിക്കുന്നു
ദേശാഭിമാനി
വാർത്തകൾ നിറയുന്നു
മലയാള മനോരമ
തേങ്ങയുടെ കാര്യം
മഹാ കഷ്ടം
കേരകർഷകരെ രക്ഷിക്കാൻ
ഇനിയും വൈകരുത്
ഈ വർഷമാദ്യം തേങ്ങയ്ക്ക് ആറര രൂപയും വെളിച്ചെണ്ണയ്ക്കു കിന്റലിനു 7650 രൂപയും വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇന്നു വെറും മൂന്നര രൂപയും 6150 രൂപയും മാത്രം. കേന്ദ്ര സർക്കാർ ഈവർഷം പുതുക്കിയ താങ്ങുവിലയായ കിന്റലിന് 5100 രൂപ എന്ന നിലവാരത്തിൽ നിന്നു താഴ്ന്ന് കൊപ്രയുടെ ഇപ്പോഴത്തെ വില 4200 രൂപയായി. കൊപ്രസംഭരണ ഏജൻസിയായ നാഫെഡിന്റെ (നാഷനൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ) മേൽനോട്ടത്തിൽ കേരഫെഡും മാർക്കറ്റ്ഫെഡും മൂന്നരമാസമായി സംഭരണം നടത്തുന്നുണ്ടെങ്കിലും ഇനിയുമത് ഊർജിതമായിട്ടില്ല.

# ചെമ്പൻ ചെല്ലി തെങ്ങിന്റെ അന്തകൻ

**കെ. സുബാഹരൻ[1], രവീന്ദ്രൻ പാട്ടാളി[2]**

തെങ്ങുകൃഷിയെ സംബന്ധിച്ചിടത്തോളം വിനാശകാരിയായ ഒരു ശത്രുകീടമാണ് ചെമ്പൻ ചെല്ലി; പ്രത്യേകിച്ച് കീടസാന്നിദ്ധ്യം തിരിച്ചറിയാൻ വൈകുന്ന അവസരങ്ങളിൽ. പൊതുവേ 20 വർഷത്തിൽ താഴെ പ്രായമുള്ള തെങ്ങുകളാണ് ഇവയുടെ ആക്രമണത്തിന് ഇരയാകുന്നത്. കൊമ്പൻ ചെല്ലി (കറുത്ത വണ്ട്) യുടെ ആക്രമണം രൂക്ഷമായ തോട്ടങ്ങളിൽ ചെമ്പൻചെല്ലി (ചുവന്നവണ്ട്) എളുപ്പത്തിൽ വംശവർദ്ധനവ് നടത്തുന്നു. കൂടാതെ കൂമ്പ് ചീയൽ, ഓലചീയൽ എന്നീ കുമിൾരോഗ ബാധയുള്ള തെങ്ങിൻ തോപ്പിലും ചെമ്പൻചെല്ലി (ചുവന്നവണ്ട്) കൂടുതലായി കണ്ടുവരുന്നു. കൊമ്പൻ ചെല്ലിയുടെ വണ്ടുകളാണ് തെങ്ങിന് നാശമുണ്ടാക്കുന്നത്. എന്നാൽ ചെമ്പൻചെല്ലിയുടെ പുഴുക്കളാണ് കൂടുതൽ അപകടകാരികൾ. തെങ്ങിൻ തടിക്കുള്ളിലിരുന്ന് തടി തുരന്ന് ജീവിത ചക്രം പൂർത്തിയാക്കുന്നതിനാൽ കീടാക്രമണത്തിന്റെ ആരംഭദശയിൽ ഇവയെ കണ്ടെത്താൻ പ്രയാസമാണ്.

**ജീവിതചക്രം**

തെങ്ങിൻ തടിയിലും ഓലമടക്കുകകളിലും ഉണ്ടാകുന്ന മുറിവുകളിലും മൃദുകോശങ്ങളിലും പെൺവണ്ടുകൾ മുട്ടയിടുന്നു. രണ്ടുമൂന്ന് ദിവസത്തിനകം മുട്ട വിരിഞ്ഞ് കാലുകളില്ലാത്ത വെളുത്ത പുഴുക്കൾ തടിയുടെ ഉൾഭാഗം തുരന്ന് കയറി മൃദുകോശങ്ങൾ തിന്നുന്നു. പിന്നീട് ഇവ നാരുകൾ കൊണ്ട് തീർത്ത സിലിണ്ടർ ആകൃതിയിലുള്ള കൊക്കൂണുകളിൽ സമാധിയാകുന്നു. മുട്ടവിരിഞ്ഞ് ജീവിതചക്രം പൂർത്തിയാക്കാൻ നാലുമാസം എടുക്കും (ചിത്രം 1).



*ചെമ്പൻ ചെല്ലിയുടെ ജീവിതചക്രം*

**കീടസാന്നിദ്ധ്യം തിരിച്ചറിയുന്നതെങ്ങനെ?**

ആകസ്മികമായി നാമ്പോലകൾ വാടി ഒടിഞ്ഞുനിൽക്കുന്നത് കാണുമ്പോൾ മാത്രമേ കീടബാധ നമ്മുടെ ശ്രദ്ധയിൽപെടാറുള്ളൂ. അത്തരം തെങ്ങുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ താഴെപ്പറയുന്ന ലക്ഷണങ്ങൾ കാണാം :

- തടികളിലും ഓലമടലിന്റെ ചുവട് ഭാഗത്തുമായി പുഴുക്കൾ ഉണ്ടാക്കിയ ദ്വാരങ്ങളിലൂടെ തവിട്ടുനിറത്തിൽ കൊഴുത്ത ദ്രാവകം ഒലിച്ചിറങ്ങുക.



*ചെമ്പൻ ചെല്ലിയുടെ മുട്ട*

- പുഴുക്കളുടെ പ്യൂപ്പയും (സമാധിക്കൂട്) ചവച്ച് തുപ്പിയ നാരുകളും ദ്വാരങ്ങളിൽ നിന്നും പുറത്തേക്ക് തള്ളി നിൽക്കുക.
- പലപ്പോഴും ചെറിയ തെങ്ങുകളുടെ (4-5 വർഷം പ്രായമുള്ളവ) തൈക്കുഴികളിൽ വേരിറങ്ങുന്ന ഭാഗങ്ങളിൽ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചെല്ലി തടിക്കകത്ത് കടന്നുകൂടാറുണ്ട്. തൈക്കുഴികളിലെ ചപ്പ്ചവറുകളും ജൈവവസ്തുക്കളും നീക്കം ചെയ്ത് പരിശോധിച്ചാൽ തടിയുടെ ചുവട്ഭാഗത്തും ഇത്തരത്തിലുള്ള ദ്വാരങ്ങൾ കണ്ടെത്താൻ കഴിയും.



*ചെമ്പൻ ചെല്ലിയുടെ പുഴു*

പുറമേ കണ്ടെത്താൻ കഴിയുന്ന ലക്ഷണങ്ങൾ ഇത്രമാത്രമേയുള്ളൂ. അതിനാൽ മിക്കപ്പോഴും മണ്ടമറിഞ്ഞ ശേഷമോ, കീടബാധ രൂക്ഷമായ അവസ്ഥയിലോ ആയിരിക്കും നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. അതുതന്നെയാണ് ഇവയെ നിയന്ത്രിക്കുവാനുള്ള പ്രധാന തടസ്സവും. ഇളം പ്രായം കുറഞ്ഞ തെങ്ങിൻ തോപ്പുകളിൽ ഇവ വളരെ വേഗത്തിൽ വംശവർദ്ധന നടത്തുകയും ഏകദേശം 5 മുതൽ 10 ശതമാനം വരെ തെങ്ങുകൾ നശിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഏതായാലും ചുവന്ന് സുന്ദരനായ ഈ വണ്ടുകൾ തെങ്ങിൻ തോപ്പിൽ വട്ടമിട്ട് പറക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ മുൻകരുതലുകൾ എടുക്കാൻ ഒട്ടും അമാന്തിക്കരുത്.

**എങ്ങിനെ നിയന്ത്രിക്കാം?**

തെങ്ങിൻ തടിയിലും ഓലമടലിലും ഉണ്ടാകുന്ന മുറിവുകളിലാണ് ചെമ്പൻ ചെല്ലി മുട്ടയിടുന്നത്. അതിനാൽ വണ്ടുകളെ ആകർഷിക്കുന്ന ഇത്തരം മുറിവുകൾ ഉണ്ടാകാതെ ശ്രദ്ധിക്കണം. ചില സ്ഥലങ്ങളിൽ തെങ്ങുകയറ്റം എളുപ്പമാക്കാൻ വേണ്ടി തെങ്ങിൻ തടിയിൽ ചവിട്ട് പടികൾ വെട്ടിയുണ്ടാക്കുന്ന പതിവുണ്ട്. കൂടാതെ പച്ച ഓല വെട്ടുമ്പോഴുണ്ടാകുന്ന മുറിപ്പാടുകളും, കൊമ്പൻ ചെല്ലികൾ ഉണ്ടാക്കുന്ന മുറിവുകളും ചെമ്പൻചെല്ലിക്ക് മുട്ടയിടാനുള്ള അനുകൂല സാഹചര്യം ഒരുക്കുന്നു. ഇതിനു പുറമേ കുമിൾ രോഗം ബാധിച്ച തെങ്ങിൻ മണ്ടയും ഇവയ്ക്ക് പഥ്യമാണ്.

- തടിയിലും മണ്ടയിലും ഉണ്ടാവുന്ന മുറിവുകളിൽ കാർബാറിൽ (1%)ചെളിമണ്ണുമായി കുഴച്ച് ചേർത്ത് പുരട്ടുകയോ, ടാർ ഉപയോഗിച്ച് അടയ്ക്കുകയോ ചെയ്യുക.
- ഓലമടക്കുകളിൽ ജൈവവസ്തുക്കൾ കെട്ടിനിന്ന് ചീഞ്ഞളിയുന്നത് ഒഴിവാക്കുവാനായി മണ്ടവൃത്തിയാക്കുന്നത് നല്ലതാണ്.



*ചെമ്പൻ ചെല്ലി*

- ഓലമടലുകൾ വെട്ടിയെടുക്കുമ്പോൾ തടിയിൽ നിന്നും 120 സെ. മീ. നീളത്തിൽ ഓലയുടെ ചുവട്ഭാഗം ഒഴിവാക്കണം. മുറിവിലൂടെ പുഴുക്കൾ തടിയ്ക്കകത്ത് പ്രവേശിക്കുന്നത് തടയാൻ ഇത് സഹായകമാണ്.
- മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് നാമ്പോലകൾക്ക് (തിരിയോല) ചുറ്റുമുള്ള ഓലമടക്കുകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപിണ്ണാക്ക് 250 ഗ്രാം അത്രയും ഭാഗം മണലുമായി ചേർത്ത് ഇട്ടുകൊടുക്കുക. മഴക്കാലത്തിന് തൊട്ടുമുമ്പും മഴക്കാലത്തിന് ശേഷവും രണ്ടുതവണ ഇങ്ങനെ ചെയ്യണം.
- ഇതിന് പകരം 10 ഗ്രാം പാറ്റാഗുളിക (നാഫ്തലിൻ ബോൾ) (നാലെണ്ണം) മണലുമായി ചേർത്ത് ഓലമടലുകൾക്കിടയിൽ ഇട്ടുകൊടുക്കാവുന്നതാണ്.
- കീടബാധയുള്ള തെങ്ങുകളെ രക്ഷിച്ചെടുക്കുവാൻ കീടനാശിനി പ്രയോഗവും വേണ്ടിവരും. ഒരു ശതമാനം വീര്യമുള്ള കാർബാറിൽ (സെവിൻ) (രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച്) അല്ലെങ്കിൽ 'ഇമിഡാ ക്ലോപ്രിഡ്' (ഒരു മി.ലി. ലിറ്റർ വെള്ളത്തിൽ കലർത്തി) തെങ്ങിൻ തടിയിൽ കുത്തിവെയ്ക്കുകയാണ് ചെയ്യുന്നത്. കീടബാധ തടിയിലാണെങ്കിൽ പുഴുക്കൾ തുരന്ന ദ്വാരങ്ങൾ മുഴുവൻ കളിമണ്ണ്, സിമന്റ്, ടാർ എന്നീ വസ്തുക്കളിലേതെങ്കിലും ഉപയോഗിച്ച് അടച്ചശേഷം ഏറ്റവും മുകളിലായി കാണുന്ന ദ്വാരത്തിന്റെ തൊട്ടുമുകൾ ഭാഗത്ത് ഡ്രില്ലർ ഉപയോഗിച്ച് താഴേക്ക് ചെരിച്ച്, പുതുതായി ഒരു ദ്വാരം കൂടി ഉണ്ടാക്കി അതിൽ ഫണൽ (ചോർപ്പ്) ചേർത്തുവെച്ച് കീടനാശിനി മിശ്രിതം സാവാധാനം ഒഴിച്ചുകൊടുക്കുക.

തടിക്കകത്തുള്ള മുഴുവൻ ദ്വാരങ്ങളിലും കീടനാശിനി എത്തിച്ചേരുന്നതുവരെ ഇങ്ങനെ ചെയ്യണം. തുടർന്ന് പുതുതായി ഉണ്ടാക്കിയ ദ്വാരവും സിമന്റോ ടാറോ വെച്ച് അടയ്ക്കേണ്ടതാണ്.

കീടബാധ മൂലം മണ്ടമറിഞ്ഞ് പൂർണ്ണമായും നശിച്ച തെങ്ങുകളുടെ കുറ്റിയടക്കം നീക്കം ചെയ്ത് ചുട്ടുനശിപ്പിക്കേണ്ടത് പരമപ്രധാനമാണ്. തടിയ്ക്കകത്തുള്ള വണ്ടുകളുടെ വിവിധ ജീവിതദശകൾ നശിപ്പിക്കാൻ ഇങ്ങനെ ചെയ്തേ മതിയാവൂ. അടുത്ത തെങ്ങുകളിൽ ഈ കീടം ബാധിക്കാതിരിക്കുവാൻ ഇതു സഹായകരമാകും.

### ചെമ്പൻ ചെല്ലികളെ കെണിവെച്ച് പിടിക്കാം

വൻതോതിൽ കീട ബാധയുള്ള പ്രദേശങ്ങളിൽ കീടങ്ങളെ കെണിയൊരുക്കി ആകർഷിച്ച് പിടിച്ച് നശിപ്പിക്കാവുന്നതാണ്. ഇതിനായി വിവിധ സമ്പ്രദായങ്ങൾ അവലംബിച്ച് വരുന്നു. പച്ചഓലമടലുകൾ ചെറുകഷണങ്ങളാക്കി, പുളിച്ച കള്ളൊഴിച്ച കുടത്തിൽ ഇട്ടുവെച്ചാൽ വണ്ടുകൾ ആകർഷിക്കപ്പെടും. ഒരു ഹെക്ടറിൽ ഇത്തരത്തിൽ പത്ത് കുടങ്ങളെങ്കിലും ആവശ്യമായി വരും. സന്ധ്യാസമയത്ത് വേണം കെണികൾ തോട്ടത്തിൽ വെയ്ക്കേണ്ടത്. അടുത്ത ദിവസം രാവിലെ തന്നെ കെണിയിലകപ്പെട്ട ചെല്ലികളെ എടുത്ത് നശിപ്പിക്കണം.

ഇതിന് പകരമായി രണ്ടര കിലോഗ്രാം ശർക്കരയോ രണ്ടര ലിറ്റർ കള്ളോ 5 മില്ലി വിനാഗിരിയും 5 ഗ്രാം യീസ്റ്റും ചേർത്ത് കുടത്തിലിട്ട് പുളിപ്പിച്ച ശേഷം അതിനകത്ത് തെങ്ങിൻ തടിയുടെ നീളത്തിൽ വെട്ടിയെടുത്ത ചെറുകഷണങ്ങളോ, കരിമ്പിൻ കഷണങ്ങളോ ഇട്ടുവെച്ച് കെണിയായി ഉപയോഗിക്കാം. ഈ മാർഗ്ഗങ്ങളേക്കാളേറെ ഫലപ്രദമായ രീതിയിൽ ചെല്ലികളെ ആകർഷിക്കുന്ന ഒരു വിദ്യയാണ് 'ഫിറമോൺ കെണി'. ഷഡ്പദങ്ങളുടെ ശരീരത്തിൽ നിന്നും പരസ്പര ആകർഷണത്തിനും ആശയവിനിമയത്തിനുമായി പുറപ്പെടുവിക്കുന്ന രാസവസ്തുവാണ് ഫിറമോൺ. ഇപ്പോൾ ഇത്തരം ഫിറമോണുകൾ വിപണിയിൽ ലഭ്യമാണ്.

### ഫിറമോൺ കെണി തയ്യാറാക്കുന്നതെങ്ങനെ?

അഞ്ച് ലിറ്റർ വ്യാപ്തിയുള്ള അടപ്പോടുകൂടിയ പ്ലാസ്റ്റിക് ബക്കറ്റിന്റെ വശങ്ങളിൽ മുകൾ ഭാഗത്തായി ചെല്ലികൾക്ക് കടന്നുവരാൻ പാകത്തിലുള്ള മൂന്ന് നാല് ചെറിയ ജാലകങ്ങൾ (5 സെ.മീ. x 1.5 സെ.മീ.) വെട്ടിയുണ്ടാക്കിയശേഷം ചാക്കുനൂലുകൾ കൊണ്ടോ തെങ്ങിന്റെ കോഞ്ഞാട്ട കൊണ്ടോ പൊതിഞ്ഞ്, അടപ്പിന്റെ ഉൾവശത്ത് ഫിറമോൺ സഞ്ചി തൂക്കിയിടുന്നു. കൂടുതലായി വണ്ടുകൾ ആകർഷിക്കപ്പെടുന്നതിനായി 150 ഗ്രാം വാഴപ്പഴമോ, കൈതച്ചക്കയോ, 2 ഗ്രാം യീസ്റ്റ്, 2 ഗ്രാം കാർബാറിൽ എന്നിവ 1 ലിറ്റർ വെള്ളത്തോടൊപ്പം കലർത്തി ബക്കറ്റിൽ ഒഴിച്ചുകൊടുക്കാവു



*തെങ്ങിൻ തടിയിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം*



ചെല്ലിയുടെ ആക്രമണത്തിൽ മണ്ട മറിഞ്ഞ തൈത്തെങ്ങ്



ഫിറമോൺ കെണി

ന്നതാണ്. ആഴ്ചയിലൊരിക്കൽ ഭക്ഷ്യവസ്തുക്കൾ മാറ്റി പുതിയത് ഇട്ട് കൊടുക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ കെണി തെങ്ങിൻ പുരയിടത്തിന്റെ അതിർത്തിയിൽ ഒന്നര മീറ്റർ ഉയരത്തിൽ പ്രത്യേകം തയ്യാറാക്കിയ തൂണുകളിലോ, മറ്റ് മരങ്ങളിലോ സ്ഥാപിക്കാവുന്നതാണ്. അധികം വെയിൽ ഏൽക്കാത്ത സ്ഥലമായാൽ നന്നായിരിക്കും. ഫിറമോൺ കൂടുതൽ കാലം നിലനിൽക്കാൻ ഇത് സഹായിക്കും. ഒരു ഹെക്ടർ വിസ്തൃതിയുള്ള ഒരു തെങ്ങിൻ തോപ്പിലേക്ക് ഒരു കെണി മതിയാകും. കെണിയിലകപ്പെടുന്ന ചെല്ലികൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടു എന്ന് ഉറപ്പ് വരുത്തണം.

ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ മുഴുവൻ തെങ്ങുകൃഷിക്കാരേയും ഉൾപ്പെടുത്തി കെണി സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ കെണിയിലകപ്പെടുന്ന ചെല്ലികളെ നശിപ്പിക്കുകയും ചെയ്താൽ കീടനിയന്ത്രണം ഫലപ്രദമാകുമെന്നതിൽ സംശയമില്ല. എന്നാൽ കെണികൾ അശ്രദ്ധമായി കൈകാര്യം ചെയ്യുകയും കൃത്യമായ പരിശോധന നടത്താതിരിക്കുകയും ചെയ്താൽ ഒരുപക്ഷേ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ചെല്ലികൾ ആകർഷിക്കപ്പെടുകയും പലപ്പോഴും തീരാശല്യമായിത്തീരുവാനുമുള്ള സാദ്ധ്യതയുണ്ട്. കെണിയിൽഅകപ്പെടുന്ന ചെല്ലികളുടെ എണ്ണം തീരെക്കുറഞ്ഞുവരുന്ന അവസരത്തിൽ, ഒന്നോ രണ്ടോ ആഴ്ചകൾക്ക് ശേഷം കെണികൾ തോട്ടത്തിൽ നിന്ന് മാറ്റിയശേഷം ഉപയോഗിച്ച ഫെറമോൺ സഞ്ചി വായുകടക്കാത്ത പാത്രത്തിലിട്ട് ഫ്രിഡ്ജിനകത്ത് സൂക്ഷിച്ചുവെയ്ക്കുക. ആവശ്യമെങ്കിൽ കുറച്ച് നാളത്തെ ഇടവേളയ്ക്ക് ശേഷം ചെല്ലികൾ പെരുകുന്നുവെങ്കിൽ വീണ്ടും ഉപയോഗിക്കാവുന്നതാണ്. നമ്മുടെ കാലാവസ്ഥയിൽ ശരാശരി 3 മാസം വരെ ഫിറമോൺ വറ്റിപ്പോകാതെയിരിക്കും.

വിപണിയിൽ ഇപ്പോൾ ലഭ്യമായ മിക്ക ഫിറമോണുകളും വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നവയാണ്. അതിനാൽ വില അൽപ്പം കൂടും.എന്നാൽ വളരെക്കുറഞ്ഞ ചിലവിൽ ഫിറമോൺ ഉത്പാദിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുവാൻ കേന്ദ്ര തോട്ടവിള സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫിറമോൺ പെട്ടെന്ന് വറ്റിപ്പോകാത്ത വിധം കുറേശ്ശേയായി പുറത്തുവിടുന്ന തരത്തിൽ ചില സൂക്ഷ്മ പദാർത്ഥങ്ങളോടൊപ്പം പ്രയോഗിക്കാവുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങളും കേന്ദ്ര തോട്ടവിളഗവേഷണ സ്ഥാപനത്തൽ വിജയകരമായി പുരോഗമിക്കുന്നു. ഇത്തരത്തിലുള്ള മുഴുവൻ സാങ്കേതിക വിദ്യകളും ഫലപ്രദമായി ഉപയോഗപ്പെടുത്തി സംയോജിത നിയന്ത്രണ മാർഗ്ഗം അവലംബിച്ചാൽ നമുക്ക് ഈ കീടത്തെ വരുതിയിലാക്കി തെങ്ങുകളെ രക്ഷിച്ചെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല

*കീടശാസ്ത്ര വിഭാഗം, കേന്ദ്ര തോട്ടവിള സ്ഥാപനം, കാസർഗോഡ്*

# ദന്തക്ഷയത്തിനെതിരെ വെളിച്ചെണ്ണ

വെളിച്ചെണ്ണയ്ക്ക് ദന്തക്ഷയത്തിന് കാരണമാകുന്ന ബാക്ടീരിയയ്ക്കെതിരെ പ്രവർത്തിക്കാൻ കഴിയും. വെളിച്ചെണ്ണ ദന്തക്ഷയത്തിൽ പ്രകൃതിദത്ത ആന്റി ബയോട്ടിക് ആയി പ്രവർത്തിക്കുന്നു. അതിനാൽ ദന്ത സംരക്ഷണ ഉൽപന്നങ്ങളിൽ ഉൾപ്പെടുത്താൻ വെളിച്ചെണ്ണ ഉത്തമമാണെന്ന് അയർലണ്ടിലെ അത്‌ലോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

പല്ല് കേടുവരുത്തുന്നതിൽ പ്രധാന വില്ലനായ സ്ട്രെപ്ടോ കോക്കസ് ബാക്ടീരിയയെ ചെറുക്കാൻ വെളിച്ചെണ്ണയ്ക്കാകുമെന്ന് അത്‌ലോൺ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പഠനത്തിൽ കണ്ടെത്തി. വ്യവസായ രാഷ്ട്രങ്ങളിലെ 60 മുതൽ 90 ശതമാനം വരെ കുട്ടികളും ഭൂരിഭാഗം മുതിർന്നവരും പല്ലിന് കേടുപാടുകൾ ഉള്ളവരാണെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഡോ. ഡാമിയൻ ബ്രാഡി പറയുന്നു. ടൂത്ത് പേസ്റ്റിലും മറ്റും രാസപദാർത്ഥങ്ങൾക്ക് പകരം വെളിച്ചെണ്ണ ചേർക്കുന്നത് പല്ലിന്റെ ആരോഗ്യത്തിന് നല്ലതാണെന്നും അദ്ദേഹം പറയുന്നു. പ്രസ്തുത പഠനം ബ്രിട്ടനിലെ വാർവിക് യൂണിവേഴ്സിറ്റിയിലെ സൊസൈറ്റി ഫോർ ജനറൽ മൈക്രോ ബയോളജിയിൽ നടന്ന സമ്മേളനത്തിൽ അവതരിപ്പിച്ചു.

# ഒക്ടോബർ : കേരകർഷകർ എന്തു ചെയ്യണം ?

**കേരളം / ലക്ഷദ്വീപ്**

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ–മെയ്, സെപ്തംബർ–ഒക്ടോബർ, ജനുവരി–ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ചബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗം കാണുന്നുണ്ടെങ്കിൽ കൂമ്പോലയുടെയും അതിനുതൊട്ടടുത്ത രണ്ട് ഓലകളുടെയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റുക. മറ്റ് ഓലകളിൽ മുൻപ് ചീയൽ വന്നതാണെങ്കിലും മുറിച്ചുമാറ്റേണ്ട ആവശ്യമില്ല. കുമിൾ നാശിനികളായ ഹെക്സാകോണോസോൾ (കോൺടഫ് 5 ഇ) തെങ്ങൊന്നിന് 2 മി.ലി. വീതം അല്ലെങ്കിൽ മാങ്കോസേബ് (ഡൈത്തേൻ എം. 45/ ഇൻഡോഫിൽ എം.45) തെങ്ങൊന്നിന് 3 ഗ്രാം വീതം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. 25 ഗ്രാം സെവിഡോൾ 8 ജി 200 ഗ്രാം ആറ്റുമണലിൽ കലർത്തി നാമ്പോലയുടെ ചുവടിന് ചുറ്റുമായി ഇടുന്നത് ചെല്ലിയുടെ ആക്രമണ മുണ്ടാകുന്നതിനെതിരെ ഫലപ്രദമാണ്.

ഈ നിയന്ത്രണ നടപടികൾ വർഷത്തിൽ രണ്ടു പ്രാവശ്യം അതായത് കാലവർഷം തുടങ്ങുന്നതിന് മുൻപും (ഏപ്രിൽ–മേയ്) കാലവർഷത്തിന് ശേഷവും (ഒക്ടോബർ–നവംബർ) സ്വീകരിക്കുന്നത് ഓലചീയൽ രോഗത്തിനെതിരെയും മറ്റ് കീടനിയന്ത്രണത്തിനും ഫലവത്താണ്.

കൂമ്പുചീയൽ കാണുന്ന പക്ഷം മൂർച്ചയേറിയ കത്തി ഉപയോഗിച്ച് കൂമ്പിലേയും മണ്ടയിലേയും ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് (100 ഗ്രാം തുരിശും 100 ഗ്രാം ചുണ്ണാമ്പും വെവ്വേറെ 500 മി.ലി. വീതം വെള്ളത്തിൽ കലക്കി ലയിപ്പിച്ച് ഒരു ലിറ്റർ കുഴമ്പാക്കിയത്) പുരട്ടിയ ശേഷം മഴ വെള്ളം കടക്കാത്ത രീതിയിലും എന്നാൽ ആവശ്യമായ വായുസഞ്ചാരം കിട്ടത്തക്ക വിധത്തിലും പ്ലാസ്റ്റിക്ക് ഷീറ്റ് കൊണ്ട് മൂടുക. മാങ്കോസെബ് (10%) എന്ന കുമിൾനാശിനിയും ഉപയോഗിയ്ക്കാം. എല്ലാ കൊല്ലവും വർഷകാലത്ത് കൂമ്പ് ചീയൽ ഉണ്ടാകാറുള്ള തോട്ടങ്ങളിൽ ഒരു പ്രതിരോധ നടപടിയെന്ന നിലയിൽ തെങ്ങുകൾക്ക് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ–വെളുത്തുള്ളി–സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കുസോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്–വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ–വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം.


കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈ



കൂമ്പുചീയൽ രോഗം



പെരുവലം



പൂങ്കുലച്ചാഴി



*ചെന്നീരൊലിപ്പുരോഗത്തിനെതിരെ വേരുവഴി മരുന്നു നൽകുന്നു*

വിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10–15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

പൂങ്കുലച്ചാഴി വെള്ളയ്ക്കയും മച്ചിങ്ങയും കുത്തി വീഴ്ത്തും. കുത്തേറ്റ ഭാഗത്തെ വിള്ളലുകളിൽ നിന്ന് പശപോലെ കട്ടിയായ ഒരു ദ്രാവകം പുറത്തു വരുന്നത് കാണാം. 0.1 ശതമാനം വീര്യമുള്ള കാർബാറിൽ എന്ന കീടനാശിനി വിടരാത്ത കൊതുമ്പിലും കുലകളിലും തളിയ്ക്കണം. ആവശ്യമെങ്കിൽ ഒന്നര മാസം കഴിഞ്ഞ് മരുന്നുതളി ആവർത്തിയ്ക്കണം.

മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന തൊട്ടങ്ങളിൽ രണ്ടാംഗഡു രാസവളപ്രയോഗം നടത്തിയിട്ടില്ലെങ്കിൽ ശുപാർശ ചെയ്ത വളത്തിന്റെ 2/3 ഭാഗം ചേർത്തു കൊടുക്കാം.

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**

തെങ്ങുകൾക്കു ചുറ്റും 750 ഗ്രാം യൂറിയ, 1300 ഗ്രാം സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, 1250 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ രണ്ടാം ഗഡു വളമായി ചേർത്തു കൊടുക്കുക. തെങ്ങിൻ ചുവട്ടിൽ തടമെടുത്തതിനുശേഷം തെങ്ങൊന്നിന് 25 കി.ഗ്രാം ഉണക്കിപ്പൊടിച്ച കമ്പോസ്റ്റോ ചാണകമോ ഇട്ട് മേൽമണ്ണ് കൊണ്ട് മൂടുക. പുതുതായി തൈകൾ നടുന്ന തോട്ടങ്ങളിൽ ഹെക്ടറൊന്നിന് 150 എന്ന കണക്കിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുക. ഇടവിളകളായ ഗ്രാമ്പൂ, ജാതി, കറുവ, കുരുമുളക്, വാഴ മുതലായവ കൃഷി ചെയ്യുക. തെങ്ങിൻ തോട്ടത്തിന്റെ അതിരുകളിൽ ശീമക്കൊന്ന വച്ചു പിടിപ്പിക്കുക. കൊമ്പൻചെല്ലിയുടെ നിയന്ത്രണത്തിനായി ബാക്കുലോവൈറസ് സംക്രമിപ്പിച്ച ചെല്ലികളെ ഹെക്ടറൊന്നിന് 15 ചെല്ലികൾ എന്ന കണക്കിൽ തെങ്ങിൻ തോട്ടത്തിൽ തുറന്നുവിടുക. ചെന്നീരൊലിപ്പ് രോഗം കാണപ്പെട്ടാൽ രോഗം ബാധിച്ച ഭാഗം ചെത്തിനീക്കി അവിടെ 5 ശതമാനം വീര്യമുള്ള കാലിക്സിൻ പുരട്ടുക. കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകളിൽ മണ്ടയിലെ രോഗബാധിത ഭാഗങ്ങൾ വെട്ടിമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുക. അതിനുശേഷം മഴവെള്ളം കടക്കാത്തവിധത്തിൽ പോളിത്തീൻ ഷീറ്റുകൊണ്ട് മൂടിക്കെട്ടുക.

**തമിഴ്നാട് / പോണ്ടിച്ചേരി**

ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിയ്ക്കുക. ഉണ്ടെങ്കിൽ അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കിയശേഷം 5 ശതമാനം വീര്യമുള്ള കാലിക്സിൻ മുറിപ്പാടുകളിൽ പുരട്ടുക. 1–2 ദിവസത്തിനുശേഷം കോൾടാർ പുരട്ടുക. 5 ശതമാനം വീര്യമുള്ള 100 മി.ലി. കാലിക്സിൻ ജൂൺ, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിൽ വർഷത്തിൽ മൂന്നു തവണകളായി വേരിൽകൂടി നല്കുക. രണ്ടാം ഗഡു രാസവളപ്രയോഗത്തോടൊപ്പം 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തുകൊടുക്കുക. തഞ്ചാവൂർ വാട്ട രോഗം ബാധിച്ച തെങ്ങുകൾക്ക് (1) 50 കി.ഗ്രാം ജൈവവളവും 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും തെങ്ങൊന്നിന് നല്കുകയും നനയ്ക്കുകയും ചെയ്യുക (2) തെങ്ങിൻ നിരകൾക്കിടയിൽ വെള്ളം ഒലിച്ചുപോകുന്നതിന് ചാലുകൾ കീറുക (3) രോഗം ബാധിച്ച തെങ്ങുകൾക്ക് ചുറ്റും ആഴത്തിൽ ചാലുകൾകീറി രോഗം ബാധിക്കാത്ത തെങ്ങുകളിൽനിന്ന് അകറ്റി നിർത്തുക (4) 5 ശതമാനം വീര്യമുള്ള നൂറു മില്ലി ലിറ്റർ കാലിക്സിൻ 3 മാസം ഇടവിട്ട് ഒരുവർഷം വേരുകളിൽകൂടി നൽകുക. മണ്ഡരിയുടെ ആക്രമണമുണ്ടെങ്കിൽ രണ്ടു ശതമാനം വീര്യമുള്ള വെളുത്തുള്ളി–വേപ്പെണ്ണ മിശ്രിതമോ (20 മി.ലി. വേപ്പെണ്ണ+20 ഗ്രാം വെളുത്തുള്ളിക്കുഴമ്പ്+5 ഗ്രാം ബാർ സോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്) 1 ശതമാനം അസാഡിറാക്ടിൻ (നീമാസൽ) ഒരു ലിറ്റർ വെള്ളത്തിൽ 4 മി.ലി. എന്ന തോതിൽ കലർത്തിയോ വെള്ളയ്ക്കയുടേയും തേങ്ങയുടേയും മോട് ഭാഗത്ത് തളിക്കുകയോ 7.5 മി.ലി. അസാഡിറാക്ടിൻ തുല്യ അളവ് വെള്ളത്തിൽ കലക്കി വേരിലോ തടിയിലോ കൂടി കടത്തിവിടുകയോ ചെയ്യാം.

**കർണ്ണാടകം**

ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക. രോഗബാധ കാണുന്ന പക്ഷം രോഗം ബാധിച്ചഭാഗം ചെത്തി നീക്കിയ ശേഷം 5 ശതമാനം വീര്യമുള്ള കാലിക്സിൻ മുറിപ്പാടുകളിൽ പുരട്ടുക. 1–2 ദിവസത്തിനുശേഷം കോൾടാർ പുരട്ടുക. 5 ശതമാനം വീര്യമുള്ള 100 മി.ലി. കാലിക്സിൻ ജൂൺ, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിൽ വർഷത്തിൽ മൂന്നു തവണകളായി വേരുവഴി നൽകുക. പ്രതിവർഷം തെങ്ങൊന്നിന് 5 കി. ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. 0.1 ശതമാനം വീര്യമുള്ള എൻഡോസൾഫാനോ കാർബറിലോ വിടരാത്ത ചൊട്ടയിലും കുലകളിലും (പുതുതായിവിടർന്ന പൂക്കുലകൾ ഒഴികെ) കോറിഡ്ബഗ്ഗിന്റെ ആക്രമണത്തെ നിയന്ത്രിക്കുന്നതിന് തളിച്ചുകൊടുക്കുക. മണ്ണിൽ വേണ്ടത്ര ഈർപ്പമുള്ള പക്ഷം രണ്ടാം ഗഡു രാസവള പ്രയോഗം നടത്തേണ്ടതാണ്.




## മുഖക്കുറി

*പ്രകൃതി, സംസ്കാരം, ഭാഷ എന്നിവിടങ്ങളിലെല്ലാം കാലോചിതമായി ഇടപെടുന്ന നമ്മുടെ വിദ്യാർത്ഥിസമൂഹവും പൊതുധാരയ്ക്ക് തന്നെ മാതൃകയാകുന്നുണ്ട്. തെങ്ങും, മാവും, പ്ലാവും നെല്ലും ഔഷധച്ചെടികളുമെല്ലാം വിദ്യാലയാങ്കണങ്ങളിൽ നട്ടുവളർത്തുന്ന വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയുടെ പൂങ്കാവനമായി കുരുത്തോലപന്തലും കൂടെ ചേരുകയാണ്.*

**പായിപ്ര രാധാകൃഷ്ണൻ**



അനുഭവം

# കേരനീരിന് ആയിരം നന്ദി

*എം. പി. മുഹമ്മദ്, നെല്ലിയോട് വീട്, കപ്പുറം, വട്ടോളി ബസാർ പി.ഒ., ബാലുശ്ശേരി വഴി - 673623*

എന്റെ ഉമ്മയുടെ ആങ്ങളയുടെ ഭാര്യയും മക്കളുമെല്ലാം ഗൾഫിൽ സ്ഥിര താമസക്കാരാണ്. എല്ലാ വർഷവും സ്കൂൾ വെക്കേഷൻ സമയത്ത് അവർ നാട്ടിൽ വരും. ഇവിടുത്തെ സ്കൂൾ വെക്കേഷൻ സമയത്തല്ല അവരുടെ വെക്കേഷൻ. വെക്കേഷൻ സമയമാകുമ്പോഴേ നാട്ടിൽ വരാൻ അവർ ബഹളം വെച്ചുതുടങ്ങും. അതിന് കാരണമുണ്ട്. പറമ്പിലെ ചക്കര മാങ്ങ, പഞ്ചാരച്ചക്ക, മുഴുത്ത പേരയ്ക്ക, പലതരത്തിലുള്ള വാഴപ്പഴങ്ങൾ എല്ലാം അവർക്കിഷ്ടമാണ്. നന്നേ രാവിലെ എഴുന്നേറ്റ് പറമ്പിലൂടെ ഓടി നടക്കുന്ന അവർ അണ്ണാറക്കണ്ണനേയും വിവിധതരം കിളികളേയും കാണുമ്പോൾ നിശബ്ദരാവും. എന്നിട്ട് അവയുടെ അവയുടെ ഓരോ ചലങ്ങളും സസൂക്ഷ്മം നോക്കി നിൽക്കും. അവയെ ഉപദ്രവിക്കുകയോ കല്ലെടുത്ത് എറിയുകയോ ചെയ്യില്ല. കുലീനവും മാന്യവുമായ പെരുമാറ്റമാണ് ഞാൻ അവരെ ഇഷ്ടപ്പെടാൻ കാരണം. സൗമ്യമായ സംസാരം ആരെയും ആകർഷിക്കും.

ചൂട് സമയങ്ങളിൽ ഞങ്ങളൊരു പ്രത്യേക ഭക്ഷണം ഉണ്ടാക്കും. വൈകുന്നേരം 7 മണിയാണ് അതിന്റെ സമയം. നാടൻ പൂവമ്പഴം ഉടച്ച് കുഴമ്പാക്കിയത്, തേങ്ങ ചിരവി വെള്ളം ചേർക്കാതെ ഞെക്കിയെടുത്ത പാൽ, ഒന്നാന്തരം പശുവിൻ പാൽ, കൂട്ടത്തിൽ ചെറിയ ഉള്ളിയും ഇഞ്ചിയും ഇടിച്ചു പിഴിഞ്ഞെടുത്ത നീരും പാകത്തിന് പഞ്ചസാരയും. അതിൽ ചേർക്കാൻ ഉരലിലിട്ട് ഇടിച്ചെടുത്ത നെല്ലരിയുടെ അവിൽ ചൂടോടെ വറുത്തെടുത്തതും. ഇത് ഉണ്ടാക്കിയ ചെമ്പ് പിന്നെ വെള്ളം ചേർത്ത് കഴുകേണ്ടതില്ല, എല്ലാവരും ചേർന്ന് വടിച്ചു നക്കി മിനുസപ്പെടുത്തിയിരിക്കും. അങ്ങനെ പലതരം നാടൻ



വിഭവങ്ങൾ. അവർ തിരിച്ച് പോകുന്നതുവരെ ഞങ്ങൾ സമയം പോകുന്നതറിയില്ല. മുമ്പൊക്കെ അവർ വരുമ്പോൾ തേങ്ങ കിട്ടാൻ തേങ്ങ പറിക്കാരന്റെ വീട്ടിൽ പല പ്രാവശ്യം പോകണം. ഇപ്രാവശ്യം സംഗതിയാകെ മാറി. അന്നൊരിക്കൽ ഒരു സംഭവമുണ്ടായി. പണിയൊന്നുമില്ലാതെ സൊറ പറഞ്ഞ് ബസ് സ്റ്റോപ്പിൽ ഇരിക്കുകയായിരുന്ന ചെറുപ്പക്കാരെ പൂനൂരിലെ സലീം മാഷ് 5 ദിവസത്തെ ഒരു ക്യാമ്പിന് കൂട്ടിക്കൊണ്ടുപോയി. ആറാംദിവസം അവർ തിരിച്ചുവന്നത് ഓരോ തെങ്ങുകയറ്റ യന്ത്രവുമായിട്ടാണ്. ഇതുകണ്ട് തെങ്ങുപറമ്പിന്റെ ഉടമയായ ആലിക്കായും, ഗൾഫിൽ നിന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്ന ഖാദറും വേറെ ചിലരും പരിശീലനത്തിനുപോയി, സർട്ടിഫിക്കറ്റും യന്ത്രവുമായി തിരിച്ചുവന്നു. ഇവരിൽ പലരും തെങ്ങുകയറ്റക്കാർ മാത്രമല്ല, തെങ്ങ് സംരക്ഷകരും പരിചാരകരുമായിത്തീർന്നത് അത്ഭുതത്തോടെയാണ് ഗ്രാമം നോക്കിക്കണ്ടത്.


തേങ്ങ പറിക്കാൻ ആളെക്കിട്ടാതെ തലയിൽ കൈവെച്ച് ശപിച്ചുകൊണ്ടിരുന്ന ആലിക്കാക്കയ്ക്ക് ഇന്ന് നാവ് ഇളക്കാൻ സമയമില്ല. കേന്ദ്രസർക്കാരിന്റെ സ്കീമിന് നന്ദി പറയണം! പറഞ്ഞ് പറഞ്ഞ് അവരെത്തി വിദേശത്തുള്ള ബന്ധുക്കളായ എന്റെ കൂട്ടുകാർ. ഇപ്രാവശ്യം വന്നതിന്റെ പിറ്റേദിവസം രണ്ടാമത്തെ കുട്ടിക്ക് ഛർദ്ദി. പിന്നെ ക്ഷീണവും തളർച്ചയും. ഉടനെ ആശുപത്രിയിൽ പോകാൻ അവന്റെ ഉമ്മ ധൃതി കാണിച്ചു. വല്ല്യുമ്മ പറഞ്ഞു“ആ കുഞ്ഞിന് ഒരു കരിക്ക് പറിച്ചുകൊടുക്കാൻ നോക്ക്”. ഞാൻ വഴിയിലേക്കിറങ്ങി. ഒരു പറമ്പിലെ പണികഴിഞ്ഞ് അടുത്ത പറമ്പിൽ തേങ്ങയിടാൻ പോവുന്ന മുരളിയേട്ടനെ കൂട്ടിവന്ന് കരിക്ക് ഇടുവിച്ചു. ഒന്ന് വെട്ടി

ക്കൊടുത്ത് കുടിപ്പിച്ചു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ ഒന്നും കൂടി വേണമെന്ന് പറഞ്ഞു. പിന്നീട് കോലായിലെ ചാരുകസേരയിൽ കാറ്റുകൊണ്ടുകിടന്ന് ഉറങ്ങിപ്പോയി. എണീറ്റപ്പോൾ തിന്നാനും എന്തെങ്കിലും വേണം എന്നുപറഞ്ഞു. കോയാമുവിന്റെ ഭാര്യ കദിശുമ്മാ പാലുമായി വരുന്ന സമയം. ഒരു പിഞ്ഞാണത്തിൽ കുത്തരിക്കഞ്ഞിയുമായി വല്ല്യുമ്മയും കോലായിലെത്തി. പാലുമായി വീണ്ടും അടുക്കളയിൽ പോയി. ഈന്തിൾകായ പൊടിച്ചതുകൊണ്ട് പുട്ടുണ്ടാക്കി. അതിൽ തേങ്ങചിരവി ചേർത്ത് അൽപം പഞ്ചസാരയും ചേർത്ത് കോലായിലെത്തി. എല്ലാവർക്കും പാൽച്ചായയും തന്നു. നമ്മുടെ ഛർദ്ദിക്കാരൻ ചായയും കടിയും നന്നായി തന്നെ അകത്താക്കി. പിന്നീട് അവന്റെ നോട്ടം കളിസ്ഥലത്തേയ്ക്കായിരുന്നു. അപ്പോൾ വല്ല്യുമ്മയുടെ കമന്റ്, ''മോന്റെ ഡോക്ടർ ഫീസും, മരുന്ന് കാശും, വണ്ടിച്ചെലവും എനിക്ക് തന്നേക്കണേ". അപ്പോൾ അവിടെ ഒരു കൂട്ടച്ചിരി ഉയർന്നു.

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ അദ്ധ്യാപക വിഭാഗത്തിൽ ഒന്നാംസ്ഥാനം നേടിയ ലേഖനം

# തെങ്ങുകൃഷി : പ്രശ്നങ്ങളും സാധ്യതകളും

*മഞ്ജു എൻ., അദ്ധ്യാപിക, അമയന്നൂർ ഹൈസ്കൂൾ, അമയന്നൂർ പി.ഒ., കോട്ടയം*



‘തെങ്ങുവെയ്ക്കുന്ന മാനുഷരെല്ലാം
പൊങ്ങിടാതെയിരിക്കുന്നു സ്വർഗ്ഗത്തിൽ’

എന്ന വരികൾ പരശുരാമൻ രചിച്ചതെന്ന് പറയപ്പെടുന്ന ‘കൃഷിഗീത’എന്ന ഗ്രന്ഥത്തിലുണ്ട്. തെങ്ങിൻ തൈ ശേഖരണം മുതൽ തേങ്ങ ഉത്പാദനം വരെ അതിൽ പ്രതിപാദിക്കുന്നുണ്ട്. വേദകാലത്തിനു മുൻപ് തന്നെ ഭാരതത്തിൽ തെങ്ങുണ്ടായിരുന്നതായി കണക്കാക്കാം. മഹാഭാരതം, രാമായണം, വിഷ്ണുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയ പുരാണം, ബ്രഹ്മാണ്ഡപുരാണം എന്നിവയിലും തെങ്ങിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ‘ഒരു തെങ്ങ് നടുമ്പോൾ അയാൾ തനിക്കുള്ള ഭക്ഷണവും പാനീയവും, പാർപ്പിടവും മാത്രമല്ല വരും തലമുറയ്ക്കായി ഒരു പൈതൃകം കൂടിയാണ് നടുന്നത്!

സെപ്തംബർ 2 ലോക നാളികേരദിനമാണ്. നമ്മൾ കേരളീയർക്ക് എല്ലാം തരുന്ന കല്പവൃക്ഷമായ തെങ്ങിന്റെ കൃഷി-പ്രശ്നങ്ങളും സാധ്യതകളും ഏതെല്ലാമെന്ന് വിശകലനം ചെയ്യാം. കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമെന്നും, ഒറ്റത്തടി വമ്പനെന്നും അറിയപ്പെടുന്ന തെങ്ങിനെ വളരെ ശ്രദ്ധാപൂർവ്വം നട്ട് പരിപാലിക്കേണ്ടതാണ്.

തെങ്ങുകൃഷിക്ക് എറ്റവും ഭീഷണിയായിരിക്കുന്നത് ഇന്ന് നാടൊട്ടാകെ വ്യാപകമായിരിക്കുന്ന റബ്ബർകൃഷിയാണ്. പണം മാത്രം ലാക്കാക്കി റബ്ബർ തൈകൾ നടുന്ന മനുഷ്യർ മണ്ണിന്റെ ഫലപുഷ്ടി തന്നെയാണ് നശിപ്പിക്കുന്നത്. റബ്ബറിന്റെ വേരുകൾ ആഴത്തിലിറങ്ങി മണ്ണിന്റെ പോഷണം കാർന്നെടുക്കുകയും, മറ്റ് വൃക്ഷങ്ങൾക്ക് വളർന്ന് വരാൻ പറ്റാത്ത അവസ്ഥ സംജാതമാക്കുകയും ചെയ്യുന്നു. ഈ ഒറ്റക്കാരണം കൊണ്ടുതന്നെ തെങ്ങുകൃഷി അസാധ്യമാകുകയും, അതിന്റെ തുടർന്നുള്ള വളർച്ചയ്ക്ക് പ്രതിബന്ധം സൃഷ്ടിക്കുകയും ചെയ്യുന്നു.

മറ്റൊരു പ്രശ്നം തെങ്ങിന്റെ ശത്രുക്കളാണ്. തെങ്ങിന്റെ പ്രധാന ശത്രുക്കൾ കീടങ്ങളാണ്. ഇതിൽ പ്രധാനിയാണ് കൊമ്പൻചെല്ലി. ഈ ചെല്ലി വിടരാത്ത ഓലകളേയും കൊതുമ്പിനേയും ആക്രമിച്ചു നശിപ്പിക്കും. പൂങ്കുലകളെ നശിപ്പിക്കുന്നതിനാൽ തേങ്ങകളുടെ എണ്ണം കുറയും. തെങ്ങോലപ്പുഴു അഥവാ ഇലതീനിപ്പുഴു ആണ് മറ്റൊരു വില്ലൻ. കടലോര പ്രദേശത്തെ തെങ്ങിന്റെ ശത്രുവാണിവൻ. ഓലകളിൽ ഇരുന്ന് ഹരിതകം ഉള്ള കലകളെ കാർന്നുതിന്നുകയാണ് ഇവന്റെ പണി. ഇതുമൂലം തെങ്ങിന്റെ ആരോഗ്യം നശിക്കുന്നു. ചെമ്പൻചെല്ലിയാണ് മറ്റൊരു ശത്രു. പ്രായം കുറഞ്ഞ തെങ്ങിനെ ആക്രമിക്കുന്നവാരാണിവ. തടികളിലാണ് ഇവയുടെ ആക്രമണം. തടികളിൽ കാണുന്ന ദ്വാരങ്ങളും, അവയിൽ നിന്നും ഒലിച്ചിറങ്ങുന്ന ചുവന്ന കൊഴുത്ത ദ്രാവകവും ദ്വാരത്തിലൂടെ പുറത്തേക്ക് വരുന്ന ചവച്ചരച്ച വസ്തുക്കളും, ഓലമടലിന്റെ അടിയിലെ വിള്ളലുകളും എല്ലാം കൊമ്പൻചെല്ലിയുടെ ആക്രമണ ലക്ഷണങ്ങളാണ്.

വേരുതീനിപ്പുഴുക്കളാണ് മറ്റൊരുകൂട്ടർ ആക്രമണ വിധേയമായ തെങ്ങിൽ ഓലകൾ വിളർത്ത മഞ്ഞ നിറത്തിൽ കാണാം. മണ്ഡരിയാണ് മറ്റൊരുവില്ലൻ. ഇവ അരമില്ലിമീറ്റർ മാത്രം വലിപ്പമുള്ള സൂഷ്മജീവികളാണ്. നേർത്ത വിരപോലിരിക്കുന്ന ഇവയുടെ ദേഹം മുഴുവൻ രോമങ്ങളുണ്ട്. പറക്കാനോ വേഗത്തിൽ സഞ്ചരിക്കുവാനോ ഇവയ്ക്ക് കഴിയുകയില്ല. മച്ചിങ്ങയിലാണ് ഇവയുടെ ആക്രമണം കാണപ്പെടുക. ഇവ മച്ചിങ്ങയിലെ നീര് ഊറ്റിക്കുടിക്കുന്നതിനാൽ തേങ്ങ ചെറുതായി വികൃതരൂപത്തിലാകും. വായുവിലൂടെയാണ് മണ്ഡരി വ്യാപിക്കുന്നത്.

കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥയാണ് കാർഷിക മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. തെങ്ങ് കൃഷിയെ സംബന്ധിച്ചിട

ത്തോളം ഈ കാർഷിക വിള എങ്ങനെ നടണമെന്നോ, എങ്ങനെ പരിപാലിക്കണ മെന്നോ ഇന്നത്തെ തലമുറയ്ക്ക് അറിയി ല്ല. മടിയന്റെ വിള എന്ന പേരിനെ അന്വർത്ഥമാക്കുമാറ് നട്ടുപിടിപ്പിച്ചാൽ തന്നെ തിരിഞ്ഞു നോക്കാതെ വിളവ് കിട്ടി ക്കൊള്ളുമെന്ന പ്രതീക്ഷയിലാണ് ഇവർ.

മനുഷ്യർ താൽക്കാലിക ലാഭം ലാക്കാക്കി തെങ്ങുകൾ മുറിച്ച് മാറ്റാറുണ്ട്. ഫർണീച്ചറുകൾ നിർമ്മിക്കാനും, മേൽക്കൂര മേയാനും, കരകൗശല നിർമ്മാണത്തിനും, കാർഷികോപകരണങ്ങളുടെ നിർമ്മാണ ത്തിനും, പല ഉപകരണങ്ങളുടേയും കൈപ്പിടി ഉണ്ടാക്കുവാനും ഇങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കായി തെങ്ങിൻ തടി പ്രയോജനപ്പെടുത്തിവരുന്നു.

കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലവാട്ടം, കൂമ്പടപ്പ് തുടങ്ങി നിരവധി രോഗങ്ങൾ തെങ്ങിനെ സാരമായി ബാധിക്കാറുണ്ട്. വവ്വാൽ, മരംകൊത്തി, അണ്ണാൻ എന്നി വയും ചെറിയ തോതിൽ ഉപദ്രവിക്കാറുണ്ട്.

തെങ്ങുകൃഷിയുടെ സാധ്യതകളെക്കു റിച്ച് പരിശോധിക്കാം. തെങ്ങ് എവിടെ, എങ്ങനെ നടണമെന്നതാണ് ആദ്യകാര്യം. ഒന്നിടവിട്ട് കളിമണ്ണും മണൽമണ്ണും ഇട്ട് വെള്ളക്കെട്ടിൽ നിന്നും വീണ്ടെടുത്ത പ്രദേ ശങ്ങൾ തെങ്ങുകൃഷിക്കനുയോജ്യമാണ്. അടിയിൽ പാറയോ, ആഴമില്ലാത്ത മണ്ണോ, വെള്ളക്കെട്ടുള്ള താണ പ്രദേശമോ, കളി മൺ പ്രദേശങ്ങളോ ഒഴിവാക്കണം. ക്രമ മായ മഴ, മറ്റ് ജലസേചന സൗകര്യം ഇവ തെങ്ങിന് അത്യാവശ്യമാണ്. തൈ നടാ നുള്ള തടം തയ്യാറാക്കൽ മണ്ണിനെ ആശ്ര യിച്ചാണ്. കുഴിയുടെ ആഴം മണ്ണിന്റെ സ്വഭാവം അനുസരിച്ചും. അടിയിൽ പാറ യോടുകൂടിയ വെട്ടുകൽ മണ്ണാണെങ്കിൽ യഥാക്രമം 1.2 മീറ്റർ X1.2 മീറ്റർ X 1.2 മീറ്റർ താഴ്ചയും വീതിയും നീളവുമുള്ള കുഴി കൾ വേണം.ജലവിതാനം കുറഞ്ഞ പശി മരാശി മണ്ണാണെങ്കിൽ 1 X 1 X1 മീറ്റർ (വീ തി, നീളം, താഴ്ച) ഉള്ള കുഴിവേണം.

തെങ്ങ് നടുന്നതിന് മുമ്പ് ചാണകപ്പൊ ടിയും, ചാരവും, അയഞ്ഞമണ്ണും കലർന്ന മിശ്രിതം കുഴിയിലിട്ട് 60 സെന്റീമീറ്റർ വരെ നിറയ്ക്കണം. മണ്ണിടുന്നതിനുമുമ്പ് തെങ്ങിൻ കുഴിയുടെ ഏറ്റവും അടിഭാഗ ത്തായി രണ്ടുവരി ചകിരി മലർത്തി അടു ക്കിവെക്കുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. ചെങ്കൽ പ്രദേശങ്ങളിൽ രണ്ടുകിലോ ഉപ്പ് ഇടുന്നത് മണ്ണിന് അയവ് വരുത്താൻ സഹായിക്കും.

7.5 മുതൽ 9 മീറ്റർ അകലത്തിൽ വരെ വേണം തെങ്ങ് നടാൻ. പടിഞ്ഞാറൻ കാല വർഷാരംഭമാണ് തൈകൾ നടാൻ പറ്റിയ സമയം. ജലസേചന സൗകര്യം ഉണ്ടെങ്കിൽ ഇടവപ്പാതിക്ക് ഒരു മാസം മുൻപ് തൈ നടാം. തുലാവർഷാരംഭത്തിനുമുൻപും തൈ നടാവുന്നതാണ്. താണപ്രദേശങ്ങ ളിൽ മഴക്കാലം കഴിഞ്ഞ് നട്ടാൽ മതി. ഓല ക്കാലുകൾ നേരത്തെ വിരിഞ്ഞ് വിടർന്ന് വരുന്ന തൈ തെങ്ങുകൾ വേണം നടാൻ തെരഞ്ഞെടുക്കേണ്ടത്. ഓലയുടെ വലുപ്പം വേരുകളുടെ എണ്ണം എന്നിവ നോക്കണം. തൈ നടുമ്പോൾ വേരുകൾ മുറിച്ച് കളയ ണം.

തെങ്ങ് വെറുതേ നട്ടാൽ മാത്രം പോരാ, നല്ല നോട്ടവും വേണം. ആദ്യകാലങ്ങളിൽ തെങ്ങിൻ തൈകൾ നന്നായി പരിചരിക്ക ണം. വേനൽക്കാലത്ത് ആവശ്യമായ തണലും വെള്ളവും നൽകണം. വെള്ള ക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാ സൗകര്യം ഉണ്ടാക്കുകയും വേണം.

കാലവർഷത്തിനുമുൻപുള്ള പുതുമഴ ലഭിച്ചുതുടങ്ങുന്നതോടെ തെങ്ങിനു ചുറ്റും ചുവട്ടിൽ നിന്ന് 1.8 മീറ്റർ വീതിയിൽ രാസ വളം വിതറി മണ്ണുമായി കൂട്ടിച്ചേർക്കുക. യൂറിയ, റോക്ഫോസ്ഫേറ്റ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവയുടെ 10:5:20 എന്ന മിശ്രിതം 5 കിലോ വെച്ച് ഇടുക. ജൈവാംശം ഇല്ലാത്ത മണ്ണിൽ പച്ചില വള മോ, കമ്പോസ്റ്റോ ചേർക്കാം. ആവശ്യ ത്തിന് വെള്ളമൊഴിക്കുക. ഇടയിളക്കൽ, കള പറിക്കൽ എന്നിവയും ശ്രദ്ധിക്കുക.

എല്ലാ സസ്യങ്ങളേയും വളരാൻ അനു വദിക്കുന്ന വൃക്ഷമാണ് തെങ്ങ്. പക്ഷേ; തന്റെ മുകളിലേക്ക് വളരാൻ ആരെയും അനുവദിക്കില്ലെന്ന് മാത്രം. ലോകത്ത് കൂടു തൽ ഉപയോഗമുള്ള പത്ത് വൃക്ഷങ്ങളിൽ ഒന്നാണ് തെങ്ങ്. തെങ്ങിന്റെ എല്ലാ ഭാഗ ങ്ങളും ഏതെങ്കിലും തരത്തിൽ പ്രയോജ നപ്പെടുത്താവുന്നതു കൊണ്ടുതന്നെയാണ് തെങ്ങിനെ "ദൈവത്തിന്റെ സ്വന്തം നാട്ടിലെ കല്പവൃക്ഷ'മെന്ന് വിളിക്കുന്നത്. തേങ്ങ യുടെ വാണിജ്യപ്രധാന്യം കണക്കിലെ ടുത്ത് അതിനെ "പച്ചസ്വർണ്ണം" എന്നും ഒട്ടും മായം കലരാത്ത പ്രകൃതിയുടെ ഗ്ലൂക്കോസ് പാനീയമായ ഇളനീരിനെ 'സ്പോർട്സ് ഡ്രിങ്ക്' എന്നും വിളിക്കുന്നു.

'മാതൃഭൂമി'യുടെ 'സീഡ്' പദ്ധതിയിൽ, നാളികേര വികസന ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന 'എന്റെ തെങ്ങ്' പദ്ധതി കുരുന്നുമനസ്സുകളിൽ തെങ്ങി നോട് സ്നേഹം വളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. 'കേരങ്ങൾ നിറയുന്ന കേരളം' എന്ന യാഥാർത്ഥ്യത്തിലേക്ക് ഒരു കാൽവെയ്പ്പാകും 'എന്റെ തെങ്ങ്'.

സീമയില്ലാത്ത പരോപകാരത്തിന്റെ പ്രതീകമായ തെങ്ങിനെ പരിരക്ഷിക്കാൻ കേരളീയരായ നമുക്ക് ഒരുമിച്ച് പരിശ്ര മിക്കാം.

കേരളീയർക്ക് മാത്രമല്ല ഈ കല്പ വൃക്ഷം അനുഗ്രഹം ചൊരിയുന്നത്. ഗുജ റാത്തുകാർ തെങ്ങിനെ ആരാധിക്കുന്നവ രാണ്. കടലിനെ ശാന്തമാക്കാൻ തീരപ്ര ദേശങ്ങളിൽ വസിക്കുന്നവർ കടലിലേക്ക് നാളികേരമെറിയുന്നു. ഉത്സവവുമായി ബന്ധപ്പെട്ട് ഇളനീർ വരവ്, ഇളനീർ നീരാട്ട് എന്നിങ്ങനെയുള്ള ചടങ്ങുകൾ നടത്താറു ണ്ട്. ഈ വിധത്തിൽ തികച്ചും ദൈവീക വരദാനവും, ദൈവസാന്നിദ്ധ്യവുമുള്ള ഈ വൃക്ഷം നിലനിർത്തേണ്ടത് മാനവരായ ന മ്മുടെ കടമയാണ്.

കാർട്ടൂൺ



നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സമ്മാനം നേടിയ കവിത

# തെങ്ങ് എന്ന കല്പവൃക്ഷം

*ശ്രീലക്ഷ്മി റ്റി.ആർ, 11-ാം തരം, സെന്റ് തെരേസാസ് കോൺവെന്റ് ജി.എച്ച്.എസ്. നെയ്യാറ്റിൻകര*



ഹരിതലാളിത്യം വിളങ്ങിത്തിളങ്ങുമീ
കേരളനാട്ടിന്നഭിമാനമായ്
രാജാധിരാജനെപ്പോലെ വിലസുന്നു
കൈരളി തൻ പ്രിയ കൽപതരു.

മൃത്യുഞ്ജയേശനും, ക്രിസ്തുവള്ളാഹുവും
ഒത്തുവാഴുന്നൊരീ പുണ്യഭൂവിൽ
ഒറ്റത്തടിതന്നിൽ, വിശ്വസാഹോദര്യ-
ത്തിനർത്ഥം പ്രദർശിപ്പൂ കേരവൃക്ഷം

മലയാള മണ്ണിന്റെ പൈതൃക സംസ്കൃതി
ജീവൻ തുടിക്കുന്ന സത്യമാകാൻ
കായ്ക്കുന്നു, കുലയ്ക്കുന്നു കേരവൃക്ഷം
ഭാർഗവക്ഷേത്രത്തിൽ കല്പശാഖി

മലനാടിന്നക്ഷയപാത്രമായി,
മാലോകർക്ക് സ്വാദിന്നുറവിടമായ്,
കാർകൂന്തലഴകിന്റെ സാരാംശമായ്,
മന്ദം വിരാജിപ്പൂ കേരരാജൻ!

മലയാളനാടിന്റെ നാമചരിത്രവും
സ്വന്തമാക്കീടുന്നു കേരവൃക്ഷം
തെങ്ങുകൾ തിങ്ങി നിറഞ്ഞനാട്,
അതിൻപേരോ പരിശുദ്ധമാം 'കേരളം'.

സത്യാനൃതത്തിനും കേരമൊരാശ്രയം,
ബുദ്ധിവികാസം ഭവിക്കുവാനും
കേരമില്ലാതെ മറ്റില്ലൊരവലംബം
കേരളമൃത്തിന്റെ മക്കൾക്കെല്ലാം.

ശുദ്ധമാം കേരളീയത്വം തുളുമ്പുന്ന,
കേരവൃക്ഷങ്ങൾ നിറഞ്ഞൊരിടം,
ആയിടത്തിങ്കൽ, യദൃശ്ചയാ വന്നു-
ഭവിച്ചതിലാത്മാഭിമാനിയാകൂ!

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ യു പി വിഭാഗത്തിൽ രണ്ടാംസമ്മാനം നേടിയ കഥ

# തെങ്ങ് പറഞ്ഞ കഥ

*മാധവി പി. അശോക്, അഞ്ചാംതരം, വിദ്യാവികാസ് സ്കൂൾ, കറുകടം, കോതമംഗലം*

ഒരു കുട്ടി തന്റെ ചിത്രകഥ പുസ്തകത്തിന്റെ താളുകൾ മറിക്കുകയായിരുന്നു. അതിലെ ചിത്രങ്ങൾ ഓരോന്നും അവന്റെ മുൻപിലൂടെ കടന്നുപോയി. സിംഹം, കടുവ, മാൻ, പുലി, കുറുക്കൻ അവയെല്ലാം സംസാരിക്കുന്നതായും ചിരിക്കുന്നതായും അവന് തോന്നി. സിംഹത്തിന്റെ രാജകീയമായ ചിരി അവന് ഇഷ്ടമായി മാനിന്റെ പേടിച്ചരണ്ട കണ്ണുകൾ അവന്റെ മനസ്സിലുടക്കി. കുറുക്കന്റെ ആഴ്ന്നിറങ്ങുന്ന നോട്ടത്തിൽ ഒരു സൂത്രശാലിയെ അവൻ കണ്ടു. പേജുകൾ മറിച്ചുകൊണ്ടേയിരുന്നു. പെട്ടെന്ന് മരങ്ങളുടെ കൂട്ടത്തിൽ കണ്ട തെങ്ങ് അവനോട് സംസാരിക്കാൻ തുടങ്ങി.

"എന്താ കുട്ടി നിന്റെ പേര്"
"അപ്പു" അവൻ പറഞ്ഞു.
"നിനക്ക് ഞാൻ ആരാണെന്ന് അറിയാമോ?"
"അറിയാം"
'എങ്കിൽ പറയൂ."

"ഹോ പേരുഞാൻ മറന്നുപോയി, പക്ഷേ ഇംഗ്ലീഷിലെനിക്കറിയാം, കോക്കനട്ട് ട്രീ".

തെങ്ങ് വേദനയോടെ ചിരിച്ചു.

കുട്ടി ചോദിച്ചു "എന്താ നീ ചിരിക്കുന്നത്?"



"സ്വന്തം അമ്മയെ മറക്കുന്ന മലയാളിയെക്കുറിച്ചോർത്തപ്പോൾ ചിരിച്ചുപോയി കുട്ടി, എങ്ങനെ ചിരിക്കാതിരിക്കും, നിന്റെ നാടിന് ഈ പേര് കിട്ടിയതെങ്ങനെയാണെന്ന് നിനക്കറിയാമോ?"

"എനിക്കൊരു സ്റ്റോറി അറിയാം പരശുരാമന്റെ....അതാണോ? . "ഞാൻ ഒരു കേരവൃക്ഷം ആണ്, എന്റെ പേരിൽ നിന്നല്ലേ കേരളം എന്ന് നിന്റെ നാടിന് പേര് കിട്ടിയത്".

തെങ്ങ് പറഞ്ഞതൊന്നും മനസ്സിലാകാതെ കുട്ടി അടുത്ത പേജിൽ കൈ വെച്ചു. തെങ്ങ് അവന്റെ അവസ്ഥയോർത്ത് നെടുവീർപ്പിട്ടു.



# ലോകനാളികേരദിനം ആഘോഷിച്ചു

നാളികേര വികസനബോർഡ് ഇക്കഴിഞ്ഞ സെപ്തംബർ 2-ാംതീയതി ലോക നാളികേരദിനം ആഘോഷിച്ചു. നാളികേരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുവാനും കേര കർഷകരുടെ ക്ഷേമത്തിനായി കേരമേഖലയിൽ വർദ്ധിച്ചതോതിൽ നിക്ഷേപം ആകർഷിക്കാനും ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ലോക നാളികേരദിനം ആഘോഷിക്കുന്നത്. ഈ വർഷത്തെ ലോക നാളികേരദിനത്തിന്റെ പ്രമേയം 'കേര വ്യവസായത്തിന്റെ സർവ്വതോമുഖമായ വളർച്ചയും സുസ്ഥിര വികസനവും' എന്നതായിരുന്നു. രാജ്യത്തൊട്ടാകെ ലോക നാളികേര ദിനത്തോടനുബന്ധിച്ച് കർഷക സെമിനാറുകളും ചർച്ചകളും ബോർഡ് സംഘടിപ്പിച്ചിരുന്നു. അഖിലേന്ത്യ തലത്തിൽ ലോക നാളികേരദിനാഘോഷം മഹാരാഷ്ട്രയിലെ രത്നഗിരിയിൽ സംഘടിപ്പിച്ചു.



## അഖിലേന്ത്യ നാളികേര ദിനാഘോഷം



*അഖിലേന്ത്യ നാളികേര ദിനാഘോഷം മഹാരാഷ്ട്ര നഗര വികസന മന്ത്രി ശ്രീ. ഭാസ്ക്കർ ബറുവ ജാദവ് ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. ഉദയ് സാമന്ത് എംഎൽഎ, ശ്രീ. നിരഞ്ജൻ ദവ്ഖരേ എംഎൽസി, മഹാരാഷ്ട്ര പ്രിൻസിപ്പൽ സെക്രട്ടറി ഡോ. സുധീർകുമാർ ഗോയൽ ഐഎഎസ്, ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, രത്നഗിരി ജില്ലാ കളക്ടർ ശ്രീ. രാജീവ് ജാദവ് ഐഎഎസ്, ഡപോളി ഡോ. ബാലേസാഹിബ് സാവന്ത് കൊങ്കൺ കൃഷി വിദ്യാപീഠ് വൈസ് ചാൻസലർ ഡോ. കെ. ഇ. ലാവൻഡേ, ബോർഡ് വൈസ് ചെയർമാൻ ശ്രീ. വസന്ത് വിഷ്ണു ലിമയേ എന്നിവർ സമീപം*

അഖിലേന്ത്യ തലത്തിൽ ലോക നാളികേര ദിനാഘോഷം സെപ്തംബർ 2-ാം തീയതി മഹാരാഷ്ട്രയിലെ രത്നഗിരിയിൽ ഗണപതിപുലെയിൽ നടന്നു. മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെട്ട രാജ്യത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ ഇനിയും പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത കേരകൃഷിയുടേയും വ്യവസായത്തിന്റേയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് രത്നഗിരി ലോക നാളികേര ദിനാഘോഷത്തിന്റെ വേദിയായത്. "പശ്ചിമേന്ത്യയിൽ കേരകൃഷിയുടെ സാദ്ധ്യത" എന്നതായിരുന്നു ലോകനാളികേരദിനാഘോഷത്തിന്റെ പ്രമേയം.

മഹാരാഷ്ട്ര നഗര വികസന മന്ത്രി ശ്രീ. ഭാസ്ക്കർ ബറുവ ജാദവ് നാളികേരദിനാഘോഷം ഉദ്ഘാടനം ചെയ്തു. ശ്രീ. ഉദയ് സാമന്ത് എംഎൽഎ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. നിരഞ്ജൻ ദവ്ഖരേ എംഎൽസി, മഹാരാഷ്ട്ര പ്രിൻസിപ്പൽ സെക്രട്ടറി ഡോ. സുധീർകുമാർ ഗോയൽ ഐഎഎസ്, ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, രത്നഗിരി ജില്ലാ കളക്ടർ ശ്രീ. രാജീവ് ജാദവ് ഐഎഎസ്, ഡപോളി ഡോ. ബാലേസാഹിബ് സാവന്ത് കൊങ്കൺ കൃഷി വിദ്യാപീഠ് വൈസ് ചാൻസലർ ഡോ. കെ. ഇ. ലാവൻഡേ, ബോർഡ് വൈസ് ചെയർമാൻ ശ്രീ. വസന്ത് വിഷ്ണു ലിമയേ, ബോർഡ് അംഗങ്ങളായ അഡ്വ. വർക്കല ബി. രവി




കുമാർ, ശ്രീ. ധർമ്മരാജൻ, ശ്രീ. കലൈ ശെൽവൻ, ശ്രീമതി നേത്രാവതി എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

മഹാരാഷ്ട്രയിലെ കൊങ്കൺ മേഖലയിൽ നാളികേര വ്യവസായത്തിന്റെ സാദ്ധ്യതകൾ കണ്ടെത്തി ഉപയോഗപ്പെടുത്തുവാൻ നാളികേര വികസന ബോർഡിന്റെ സാങ്കേതിക മാർഗ്ഗനിർദ്ദേശം സംസ്ഥാനത്തിനാവശ്യമാണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി ശ്രീ. ഭാസ്കർ ബറുവ ജാദവ് പറഞ്ഞു. ബോർഡിന്റെ പ്രദർശന വിത്തുത്പാദനത്തോട്ടം സ്ഥാപിക്കുന്നതിന് 100 ഹെക്ടർ സ്ഥലം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും അദ്ദേഹം അറിയിച്ചു. മെച്ചപ്പെട്ട പരിശീലന രീതികൾ, ജൈവിക പുന:ചംക്രമണം, പുനർനടീൽ, മതിയായ ജലസേചനം എന്നിവയ്ക്കൊപ്പം കൂട്ടായ സംസ്ക്കരണ പ്രവർത്തനങ്ങൾ, ഉൽപന്ന വൈവിദ്ധ്യവൽക്കരണം, മൂല്യവർദ്ധന എന്നിവ അവലംബിച്ച് തെങ്ങുകൃഷിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കണമെന്ന് മന്ത്രി കർഷകരോട് ആഹ്വാനം ചെയ്തു. സംസ്ഥാനത്ത്, പ്രത്യേകിച്ച് കൊങ്കൺ മേഖലയിൽ കേരകൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് സാദ്ധ്യമായ എല്ലാ സഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു.



തെങ്ങുകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കണമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ ശ്രീ. ഉദയ് സാമന്ത് എംഎൽഎ കർഷകരോട് ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് നഴ്സറി തുടങ്ങുന്നതിന് നല്ല ഗുണനിലവാരമുള്ള നടീൽ സാമഗ്രികൾ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുധീർ കുമാർ ഗോയൽ ഐഎഎസ് വ്യക്തമാക്കി. നല്ല മാതൃവൃക്ഷങ്ങൾ കണ്ടെത്തി വിത്തുതേങ്ങ ശേഖരിച്ച് ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ, നാളികേര വികസന ബോർഡിന്റെ സാങ്കേതിക സഹായത്തോടെ ഉത്പാദിപ്പിക്കാവുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മഹാരാഷ്ട്രയിലും ഗുജറാത്തിലും ഗോവയിലും തെങ്ങ്കൃഷി വ്യാപിപ്പിച്ചുകൊണ്ട് നാളികേരോത്പാദന ക്ഷമതയും കേരോൽപന്ന സംസ്ക്കരണവും, മൂല്യവർദ്ധന പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുകയെന്നതാണ് ബോർഡ് ലക്ഷ്യമിടുന്നതെന്ന് മുഖ്യപ്രഭാഷണത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ് വ്യക്തമാക്കി. ഗവേഷണ സ്ഥാപനങ്ങളുടേയും കാർഷിക സർവ്വകലാശാലകളുടേയും സഹായത്തോടെ പുതിയ സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുത്ത് കർഷകർക്ക് അവരുടെ കൃഷിഭൂമിയിൽ നിന്ന് അധിക വരുമാനം നേടുവാൻ സഹായിക്കുകയെന്നതും ബോർഡിന്റെ പ്രവർത്തന ലക്ഷ്യമാണ്. മഹാരാഷ്ട്രയിൽ ബോർഡിന്റെ പ്രദർശന വിത്തുത്പാദന തോട്ടം സ്ഥാപിക്കുന്നതോടെ സംസ്ഥാനത്തെ തെങ്ങുകൃഷിയിൽ അഞ്ച് മടങ്ങ് വർദ്ധനയുണ്ടാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മഹാരാഷ്ട്രയിൽ നാളികേരോൽപന്ന സംസ്ക്കരണത്തിനുള്ള സംരംഭങ്ങൾ ആരംഭിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.



ബോർഡ് നേരിട്ട് ആദ്യമായി പുറത്തിറക്കിയ മറാഠി ജേണൽ 'ഭാരതീയ നാരൽ പത്രിക'യുടെ പതിപ്പിന്റെ പ്രകാശന കർമ്മം മന്ത്രി ശ്രീ.ഭാസ്ക്കർ ബറുവ ജാദവ് നിർവ്വഹിച്ചു. ഡോ. കെ. ഇ. ലാവന്തേ, ശ്രീ. നിരഞ്ജൻ ദവ്ഖരേ എംഎൽസി, അഡ്വ. വർക്കല ബി. രവികുമാർ എന്നിവർ സംസാരിച്ചു. ശ്രീ വസന്ത് വിഷ്ണു ലിമയേ സ്വാഗതം ആശംസിക്കുകയും മുഖ്യനാളികേരവികസന ആഫീസർ ശ്രീ. സുഗതഘോഷ് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.



ഉദ്ഘാടന സമ്മേളനത്തെത്തുടർന്ന് നടന്ന സാങ്കേതിക സമ്മേളനത്തിൽ മുഖ്യ നാളികേര വികസന ആഫീസർ ശ്രീ. സുഗതഘോഷ് അദ്ധ്യക്ഷത വഹിച്ചു. ഡപോളി ഡോ. ബാലസാഹേബ് കൊങ്കൺ കൃഷി വിദ്യാപീഠ് മുൻ ഡീൻ ഡോ. ജി.ഡി. ജോഷി 'മനുഷ്യഭക്ഷണത്തിൽ തേങ്ങയുടെ പ്രാധാന്യം' എന്ന വിഷയത്തിലും നാഷണൽ പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈ



*മഹാരാഷ്ട്ര നഗര വികസന മന്ത്രി ശ്രീ. ഭാസ്ക്കർ ബറുവ ജാദവ് പ്രദർശനം വീക്ഷിക്കുന്നു. ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, വൈസ് ചെയർമാൻ ശ്രീ. വസന്ത് വിഷ്ണു ലിമയേ എന്നിവർ സമീപം*



*സദസ്സ്*

റ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി രജിസ്ട്രാർ ഡോ. രവിപ്രകാശ് 'സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും സംബന്ധിച്ച വ്യക്തിഗത അവബോധം' എന്ന വിഷയത്തിലും ബോർഡ് ടെക്നിക്കൽ ആഫീസർ ശ്രീമതി എ. ജയശ്രീ 'നാളികേര സംസ്ക്കരണവും മൂല്യവർദ്ധനയും ' എന്ന വിഷയത്തിലും കൊങ്കൺ കൃഷി വിദ്യാപീഠ് മേഖല നാളികേര ഗവേഷണ കേന്ദ്രത്തിലെ മുൻ മേധാവി ഡോ. ദിലീപ് നാഗ്വേക്കർ 'തെങ്ങിനങ്ങളും തെങ്ങുകൃഷിയും' എന്ന വിഷയത്തിലും കൊങ്കൺ കൃഷി വിദ്യാപീഠ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിജയകുമാർ 'സമഗ്ര കേര കീട, രോഗ നിയന്ത്രണം' സംബന്ധിച്ചും ബോർഡ് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ ശ്രീ. വി.ജി. ചന്ദ്രശേഖരൻ 'പശ്ചിമേന്ത്യൻ നാളികേര വികസനത്തിന്റെ നയപരിപാടികൾ' സംബന്ധിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.

ജനങ്ങൾക്കിടയിൽ കേരസംസ്ക്കാരം വളർത്തുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ, വനിതകൾ എന്നിവർക്കായി ലേഖനമത്സരവും കവിത രചന മത്സരവും സംഘടിപ്പിച്ചിരുന്നു. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം നേടിയവർക്കായി തെങ്ങുകയറ്റ മത്സരവും കേരകർഷകർക്കായി തേങ്ങാക്കുലകളുടെ പ്രദർശനമത്സരവും പൊതുജനങ്ങൾക്കായി കേരാധിഷ്ഠിത ഭക്ഷ്യവിഭവങ്ങളുടെ മത്സരവും നടത്തിയിരുന്നു. മത്സരവിജയികൾക്ക് നാളികേര ദിനാഘോഷ വേളയിൽ ശ്രീ. വസന്ത് വിഷ്ണു ലിമയെ, ശ്രീ. സുഗതഘോഷ് എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.

ലോകനാളികേര ദിനാചരണത്തോടനുബന്ധിച്ച് നാളികേരോൽപന്നങ്ങളുടെ പോഷക, ഔഷധ ഗുണങ്ങൾ അനാവരണം ചെയ്യുന്ന പ്രദർശനവും ഒരുക്കിയിരുന്നു. നാനാതരത്തിലുള്ള നാളികേര ഭക്ഷ്യോൽപന്നങ്ങൾക്കൊപ്പം അവയുടെ ഗുണമേന്മകൾ വിവരിക്കുന്ന ചാർട്ടുകളും പോസ്റ്ററുകളും ബോർഡ് പവലിയനിൽ ഒരുക്കിയിരുന്നു. ബോർഡ് പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും വിപണനവും ഇതോടൊപ്പം സംഘടിപ്പിച്ചിരുന്നു.

# കേരളം

ബോർഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നാളികേരോത്പാദക സംഘങ്ങളുടേയും ഫെഡറേഷനുകളുടേയും സർക്കാരേതര സംഘടനകളുടേയും സംയുക്താഭിമുഖ്യത്തിൽ ലോക നാളികേരദിനം ആഘോഷിച്ചു.

## തിരുവനന്തപുരം

ലോകനാളികേര ദിനത്തിന്റെ തിരുവനന്തപുരം ജില്ലാതല ദിനാചരണം സെപ്തംബർ 2-ാം തീയതി നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഫെഡറേഷനുകളുടെ ആഭിമുഖ്യത്തിൽ ബാലരാമപുരം കൽപ്പടിയിൽ നടന്നു. കോവളം നിയോജക മണ്ഡലം എംഎൽഎ ശ്രീമതി ജമീല പ്രകാശം ചടങ്ങ് ഉദ്ഘാടനം ചെയ്തു. നേമം നാളികേര ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ബാലരാമപുരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. രവീന്ദ്രൻ സംബന്ധിച്ചു. നേമം ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. എം. കൃഷ്ണൻ നായർ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും സെക്രട്ടറി ശ്രീ. ബാലയ്യൻ സ്വാഗതം ആശംസിക്കുകയും ചെയ്തു. നാളികേര വികസന ബോർഡിലെ ടെക്നി




*തിരുവനന്തപുരം ജില്ലയിലെ ലോക നാളികേര ദിനാഘോഷം കോവളം എംഎൽഎ ശ്രീമതി ജമീല പ്രകാശം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു*

ക്കൽ ഓഫീസർ ശ്രീമതി ജി. നിഷ നാളികേര ഉത്പാദക സംഘങ്ങളുടെ പ്രസക്തിയേയും അനിവാര്യതയേയും കുറിച്ച് സംസാരിച്ചു. കാട്ടാക്കട നാളികേര ഫെഡറേഷൻ പ്രസിഡന്റ് ശ്രീ ഗ്ലാഡിസ്റ്റൺ, നാവായിക്കുളം ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. അനീഷ് എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിവിധ ഫെഡറേഷനുകളേയും ഫെഡറേഷനുകളിൽ അംഗമായിട്ടില്ലാത്ത ഉത്പാദക സംഘങ്ങളേയും പ്രതിനിധീകരിച്ച് എത്തിയ കേരകർഷകർ ചടങ്ങിൽ സംബന്ധിച്ചു. നാളികേര കൃഷിയുടെ സുസ്ഥിര വികസനവും സ്ഥിരവിലയും ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നയങ്ങളേയും നടപടികളേയും കുറിച്ച് ഒരു പ്രമേയം ചടങ്ങിൽ അവതരിപ്പിച്ചു. നേമം ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. വിജയൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

ഉദ്ഘാടന സമ്മേളനാനന്തരം നടന്ന സാങ്കേതിക സമ്മേളനത്തിൽ 'നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് ക്ലാസ്സെടുത്തു. തുടർന്ന് ബാലരാമപുരം കോക്കനട്ട് റിസർച്ച് സ്റ്റേഷനിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ.എൻ. രാധാകൃഷ്ണൻ 'തെങ്ങും തെങ്ങുകൃഷിയും' എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

ആനാട് ഗ്രാമപഞ്ചായത്തിലെ വേട്ടംപള്ളി നാളികേരോത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ടിപ്പു കൾച്ചറൽ സൊസൈറ്റിയുമായി ചേർന്ന് കേരകർഷക സംഗമം, സെമിനാർ, തെങ്ങ് കയറ്റ തൊഴിലാളികളെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചു. നാളികേര കർഷക സംഗമം മുൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. ആനാട് ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. തെങ്ങ് കയറ്റ തൊഴിലാളിയായ ചേലയിൽ ശ്രീ. ടി. ജോണിനെ വട്ടംപള്ളി നാളികേരോത്പാദക സംഘം പ്രസിഡന്റ് മൂഴിയിൽ ശ്രീ. മുഹമ്മദ് ഷിബു ഉപഹാരം നൽകി ആദരിച്ചു. യോഗത്തിൽ ശ്രീ. സത്യനേശൻ, ശ്രീ. തങ്കപ്പനാചാരി, ശ്രീ. കുഞ്ഞുമോൻ പ്രസാദ്, ശ്രീമതി നിസ എന്നിവർ സംസാരിച്ചു.

## കൊല്ലം

കൊല്ലം ജില്ലയിൽ നാളികേര വികസന ബോർഡും ക്ലാപ്പന മാതൃക ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയും സംയുക്തമായി ഇക്കഴിഞ്ഞ സെപ്തംബർ 2-ാം തീയതി ലോക നാളികേര ദിനം ആഘോഷിച്ചു. ലോക നാളികേര ദിനാഘോഷത്തോടനുബന്ധിച്ച് കർഷക കൂട്ടായ്മയും സെമിനാറും സംഘടിപ്പിച്ചു. കരുനാഗപ്പള്ളി മുനിസിപ്പൽ ചെയർമാൻ ശ്രീ.എം. അൻസാർ സെമിനാർ ഉദ്ഘാടനം ചെയ്തു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സി. രാധാമണി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല സരസ്സൻ, പഞ്ചായത്ത് അംഗങ്ങളായ ശ്രീ. എ. മെഹർഷാദ്, ശ്രീ. ജി. ബിജു, ശ്രീ. എ. ആസാദ്, ഫെഡറേഷൻ അംഗങ്ങളായ ശ്രീ. അബ്ദുൾ ലത്തീഫ് നെടിയത്ത്, ശ്രീ. പുല്ലംപള്ളിൽ അബ്ദുൾ റഹ്മാൻ, ശ്രീ. എം. ഇസ്മായിൽ, ശ്രീമതി എലിസബത്ത് എന്നിവർ സംസാരിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കാനുള്ള പ്രമേയം ഫെഡറേഷൻ സെക്രട്ടറി ശ്രീ. വരവിള മഹേഷ് അവതരിപ്പിച്ചു.



*കൊല്ലം ജില്ലയിലെ ലോക നാളികേര ദിനാഘോഷം കരുനാഗപ്പള്ളി മുനിസിപ്പൽ ചെയർമാൻ ശ്രീ.എം. അൻസാർ ഉദ്ഘാടനം ചെയ്യുന്നു*

ഉദ്ഘാടന സമ്മേളനത്തിനുശേഷം നടന്ന സെമിനാറിൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം സീനിയർ ശാസ്ത്രജ്ഞ ഡോ. പി. അനിതകുമാരി, നാളികേര ബോർഡ് ടെക്നിക്കൽ ആഫീസർ ശ്രീ. ആർ. ജയനാഥ് എന്നിവർ ക്ലാസ്സെടുത്തു. കേര കർഷകർക്കായി സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ശ്രീമതി ഷീലാ സരസ്സൻ സമ്മാനദാനം നിർവ്വഹിച്ചു.

## കോട്ടയം

കോട്ടയം ജില്ലയിലെ നെടുമണ്ണി കേരസമൃദ്ധി നാളികേരോത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാളികേര ദിനാചരണത്തോടനുബന്ധിച്ച് നാളികേര കർഷകർ അനുഭവിക്കുന്ന വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുവാൻ മുഖ്യമന്ത്രിക്ക് നിവേദനം നൽകി. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. ജെ. ലാലി, കേരസമൃദ്ധി നാളികേരോത്പാദക സംഘത്തിന്റെ ഔദ്യോഗിക ഭാരവാഹികൾ എന്നിവർ ഉൾപ്പെട്ട സംഘമാണ് മുഖ്യമന്ത്രിയെ സന്ദർശിച്ച് നിവേദനം നൽകിയത്. രൂക്ഷമായ വിലതകർച്ച നേരിടുന്ന നാളികേര കർഷകരെ സംരക്ഷിക്കുവാൻ എല്ലാവിധ ശ്രമങ്ങളും നടത്തുമെന്ന് മുഖ്യമന്ത്രി നിവേദക സംഘത്തിന് ഉറപ്പ്നൽകി. തെങ്ങിൽ നിന്ന് നീര ഉത്പാദിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ യോജിപ്പിലാണ് എന്നും ഇതിലുള്ള തെറ്റിദ്ധാരണ മാറ്റിയെടുക്കേണ്ടിയിരിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിൽ 100 സൊസൈറ്റികൾക്ക് ഡ്രയറുകൾ വാങ്ങുന്നതിനും എമർജിംഗ് കേരള നിക്ഷേപസംഗമത്തിൽ നാളികേര മൂല്യവർദ്ധിത ഉൽപന്നങ്ങളേയും ഉൾപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.



*രൂക്ഷമായ വിലയിടിവിൽ നിന്നും നാളികേര കർഷകരെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. ജെ. ലാലി, കേരസമൃദ്ധി നാളികേരോത്പാദക സംഘത്തിന്റെ ഔദ്യോഗിക ഭാരവാഹികൾ എന്നിവർ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കു സമർപ്പിക്കുന്നു.*

കുമരകത്തെ വിരിപ്പുകാല നാളികേരോത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാളികേരദിനാഘോഷം നടത്തുകയുണ്ടായി. കുമരകം റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ അസോസിയേറ്റ് പ്രൊഫസർ ഡോ. അംബിക ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കേരകൃഷി ലാഭകരമാക്കാനുതകുന്ന കൃഷിരീതികളേയും രോഗകീട നിയന്ത്രണങ്ങളേയും സംബന്ധിച്ച് ചർച്ചാക്ലാസ്സുകൾ സംഘടിപ്പിച്ചു.

വൈക്കത്തെ സർവ്വോദയ നാളികേരോത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.വി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ലോക നാളികേരദിനാഘോഷം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് നടന്ന പൊതുയോഗം കേരകൃഷി സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിച്ച് പാസ്സാക്കി. ക്വിന്റലിന് 6000 രൂപ എന്ന നിരക്കിൽ താങ്ങുവില വർദ്ധിപ്പിക്കുക, പഞ്ചായത്തിൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക, കേടുവന്ന തെങ്ങുകൾ പഞ്ചായത്തിന്റെ സഹായത്തോടെ മുറിച്ചുമാറ്റുക എന്നിവയായിരുന്നു പ്രമേയത്തിലെ പ്രധാന നിർദ്ദേശങ്ങൾ.

കൊതവറ നാളികേരോത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 2 ന് വൈകിട്ട് 3 മണിക്ക് നാളികേര ദിനാഘോഷം നടത്തുകയുണ്ടായി.

കോട്ടയം ജില്ലയിലെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയോടനുബന്ധിച്ച് സെപ്തംബർ 2-ാം തീയതി നാളികേര ദിനാഘോഷം നടത്തുകയുണ്ടായി. കോട്ടയം ആർ.ടി.ഒ. ശ്രീ. കെ. ജി. സാമുവൽ വിശിഷ്ടാതിഥിയായിരുന്നു. ചങ്ങാതിക്കൂട്ടത്തിന്റെ പരിശീലനത്തിൽ ഭാഗഭാക്കാകുന്ന പരിശീലകരെ അഭിസംബോധന ചെയ്ത അദ്ദേഹം മെഷീൻ ഉപയോഗിച്ച് തെങ്ങുകയറുന്നതിനും ശ്രമിച്ചത് പരിശീലകരെ പ്രോത്സാഹിപ്പിച്ചു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

## തൃശ്ശൂർ

തൃശൂർ ജില്ലയിലെ ലോക നാളികേര ദിനാഘോഷം മണ്ണൂത്തിയിൽ കേരള കാർഷിക സർവ്വകലാശാലയിൽ നടന്നു. സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ. കെ. പി. മോഹനൻ നാളികേര ദിനാചരണം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ. സി.പി. ജോൺ അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മുഴുവൻ നാളികേരവും സർക്കാർ ഏജൻസികൾ സംഭരിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കൃഷി മന്ത്രി ശ്രീ. കെ. പി. മോഹനൻ പറഞ്ഞു. മൂല്യവർദ്ധിത നാളികേര ഉൽപന്നങ്ങളുടെ നിർമ്മാണത്തിനായി നാല് കോക്കനട്ട് ബയോ പാർക്കുകൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.



*തൃശ്ശൂർ ജില്ലയിലെ ലോകനാളികേര ദിനാഘോഷം സംസ്ഥാന കൃഷി വകുപ്പു മന്ത്രി ശ്രീ. കെ.പി. മോഹനൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു*

നാളികേരത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളായ നീര, ചക്കര എന്നിവയുടെ സാങ്കേതിക വിദ്യ കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. പി. കെ. രാജീവൻ മന്ത്രിക്ക് കൈമാറി. പീലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രം മേധാവി ഡോ. ജയപ്രകാശ് നായ്ക്ക് നീര, തെങ്ങിൻ ചക്കര എന്നീ ഉൽപന്നങ്ങളുടെ സാങ്കേതിക വിദ്യ വിവരിച്ചു. പീലിക്കോട് കേന്ദ്രത്തിന്റെ ശതാബ്ദി സ്മരണിക കൃഷി ഡയറക്ടർ ശ്രീ. അജിത്കുമാർ പ്രകാശനം ചെയ്തു.

ജനറൽ കൗൺസിൽ അംഗങ്ങളായ ഡോ. ജിജു പി അലക്സ്, ശ്രീ. എം. എൻ. മോഹനൻ, എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. പി. വി. ബാലചന്ദ്രൻ, റിസർച്ച് ഡയറക്ടർ ഡോ. ടി. ആർ. ഗോപാലകൃഷ്ണൻ, കൺട്രോളർ ഡോ. ജോയ്മാത്യു എന്നിവർ പ്രസംഗിച്ചു.

'തെങ്ങുകൃഷിയുടെ ആദായവർദ്ധനയ്ക്ക് മൂല്യവർദ്ധിത ഉൽപന്നങ്ങൾ', 'നൂതന സാങ്കേതിക വിദ്യകൾ ഉത്പാദന വർദ്ധനവിന്' എന്നീ വിഷയങ്ങളിൽ ശില്പശാല നടന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നാളികേര കർഷകർക്ക് പുറമേ സാങ്കേതിക വിദഗ്ദ്ധരും ശാസ്ത്രജ്ഞന്മാരും സമ്മേളനത്തിൽ പങ്കെടുത്തു.

## പാലക്കാട്

ലോകനാളികേര ദിനാചരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ കൃഷിഭവനിൽ വെച്ച് സെപ്തംബർ 2 ന് നാളികേര ദിനാചരണവും സെമിനാറും സംഘടിപ്പിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി. എൻ. കണ്ടമുത്തൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി. റജി ജോസ് അദ്ധ്യക്ഷയായിരുന്നു. തെങ്ങുകൃഷി സംബന്ധിച്ചും നാളികേര വികസന ബോർഡിന്റെ പദ്ധതികളെ സംബന്ധിച്ചും ക്ലാസ്സുകൾ ഉണ്ടായിരുന്നു. കാഞ്ഞിരപ്പുഴ കേന്ദ്രീകരിച്ച് കൊപ്ര നിർമ്മാണത്തിനായി ഡ്രയർ സൗകര്യം ഒരുക്കുന്നതിന് ഫെഡറേഷന് പ്രവർത്തന മൂലധനം വായ്പയായി നൽകുന്നത് സംബന്ധിച്ചുള്ള കർഷകരുടെ അഭ്യർത്ഥന ജില്ലാ-ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികളിൽപ്പെടുത്തി പരിഗണിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത യോഗത്തിൽ പറഞ്ഞു.

പൂക്കോട്ടുകാവ് നാളികേര ഉത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 2 ന് ലോകനാളികേര ദിനാചരണവും കേരകർഷക സംഗമവും സംഘടിപ്പിക്കുകയുണ്ടായി. ഒറ്റപ്പാലം എംഎൽഎ ശ്രീ. എം, ഹംസ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീലാദേവി അദ്ധ്യക്ഷയായിരുന്നു. കൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. സി. രാമൻകുട്ടി മുഖ്യാതിഥിയായിരുന്നു. പൂക്കോട്ടുകാവ് നാളികേരോത്പാദക സംഘം പ്രസിഡന്റ് ശ്രീ. എ. എം. രാമചന്ദ്രൻ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിവരിക്കുകയും ത്രിതലപഞ്ചായത്തുകളിൽ നിന്ന് പദ്ധതിക്കായി സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു. കേരമേഖലയുടെ വികസനത്തിനായി ജനപ്രതിനിധികൾ പൂർണ്ണപിന്തുണ വാഗ്ദാനം ചെയ്തു.

കോട്ടപ്പുറം സിപിഎസിന്റെ ആഭിമുഖ്യത്തിൽ കരിമ്പുഴയിലും നാളികേരദിനാചരണം സംഘടിപ്പിക്കുകയുണ്ടായി. എം.എൽ.എ. ശ്രീ. എം. ഹംസ യോഗത്തിൽ പങ്കെടുത്തു.

മുതലമട ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ മുതലമട, പട്ടഞ്ചേരി പഞ്ചായത്തുകളിലെ സിപിഎസുകളെ സംയോജിപ്പിച്ചുകൊണ്ട് സെപ്തംബർ 1ന് നാളികേരദിനാചരണം സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിന്റെ ഉദ്ഘാടനം പട്ടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ശിവദാസൻ നിർവ്വഹിച്ചു. മുതലമട കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് ശ്രീ. രാധാകൃഷ്ണൻ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പട്ടഞ്ചേരി, മുതലമട പഞ്ചാത്ത് അംഗങ്ങളും, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ പ്രതിനിധികളും പങ്കെടുത്തു.

## മലപ്പുറം

ലോകനാളികേരദിനം മലപ്പുറം ജില്ലയിൽ സെപ്തംബർ 2-ാം തീയതി ആചരിച്ചു. ദിനാചരണത്തോടനുബന്ധിച്ച് മലപ്പുറം മുനിസിപ്പൽ ബസ് സ്റ്റാന്റ് ആഡിറ്റോറിയത്തിൽ നടന്ന യോഗം മലപ്പുറം എംഎൽഎ ശ്രീ. ഉബൈദുള്ള ഉദ്ഘാടനം ചെയ്തു. നഗരസഭാ അദ്ധ്യക്ഷൻ ശ്രീ. കെ. പി. മുസ്തഫ അദ്ധ്യക്ഷത വഹിച്ചു. നഗരസഭ ഉപാദ്ധ്യക്ഷ ശ്രീമതി. കെ. എം. ഗിരിജ, നഗരസഭാംഗങ്ങളായ ശ്രീ. പാലൊളി കുഞ്ഞിമുഹമ്മദ്, ശ്രീ. വീക്ഷണം മുഹമ്മദ്, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി. ടി. കോയാമു എന്നിവർ പ്രസംഗിച്ചു.



*മലപ്പുറം ജില്ലയിൽ ലോകനാളികേരദിനാചരണം മലപ്പുറം എംഎൽഎ ശ്രീ. ഉബൈദുള്ള ഉദ്ഘാടനം ചെയ്യുന്നു*

സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിൽ 'സിപിഎസുകളും ഫെഡറേഷനുകളും ഉത്പാദക കമ്പനികളും ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തിൽ ബോർഡ് അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ ശ്രീ. കെ. എസ്. സെബാസ്റ്റ്യനും മോഡേൺ ഡ്രയർ ഉപയോഗിച്ച് കൊപ്ര ഉണ്ടാക്കുന്നതിന്റെ സാമ്പത്തിക വശങ്ങളെക്കുറിച്ച് മാരിക്കോ കമ്പനിയിലെ ശ്രീ മനോജും പ്രബന്ധമവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ജില്ലയിൽ 10 ഫെഡറേഷനുകൾ രൂപീകരിക്കുവാനും എല്ലാ ഫെഡറേഷനുകളിലും 10,000 നാളികേരം സംസ്ക്കരിക്കുവാൻ ശേഷിയുള്ള കൊപ്രഡ്രയറുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചു.

## കോഴിക്കോട്

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ കാവുന്തറ നാളികേരോത്പാദക സംഘം നാളികേര ദിനാചരണം നടത്തി. നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി. എ. ശ്രീധരൻ മാസ്റ്റർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. നാളികേരോത്പാദക സംഘം പ്രസിഡന്റ് ശ്രീ. ശശി കോലത്ത് അദ്ധ്യക്ഷത വഹിച്ചു. നാളികേരോത്പാദക സംഘങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ബോർഡ് പദ്ധതികളെക്കുറിച്ചും ചർച്ചകൾ നടന്നു.

കൊയിലാണ്ടിയിലെ നടേരിയിൽ നടേരി ഫെഡറേഷന്റെ ആഫീസ് ഉദ്ഘാടനത്തോടനുബന്ധിച്ച് നാളികേര ദിനാചരണവും നടന്നു. കൊയിലാണ്ടി മുനിസിപ്പാലിറ്റി അദ്ധ്യക്ഷ ശ്രീമതി. ശാന്ത ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ നാളികേരോത്പാദക സംഘങ്ങളുടേയും ഫെഡറേഷന്റേയും രൂപീകരണത്തിൽ നാളികേര വികസന ബോർഡിനെ ശ്ലാഘിക്കുകയും കേരകർഷകരോട് ഒത്തൊരുമിച്ച് പ്രവർത്തിച്ച് അഭിവൃദ്ധിയാർജ്ജിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. കൊയിലാണ്ടി എംഎൽഎ ശ്രീ. ടി.ദാസൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. മേഖലയിലെ കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുമെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ ഉറപ്പ് നൽകി. മേഖലയിലെ 15 സംഘങ്ങൾ ചേർന്നാണ് ഫെഡറേഷൻ രൂപീകരിച്ചതെന്നും ഉടനടി കൊപ്രഡ്രയർ സ്ഥാപിക്കുന്നതാണെന്നും ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. ബാലകൃഷ്ണൻ വിശദീകരിച്ചു. ബോർഡ് ടെക്നിക്കൽ ഓഫീസർ ശ്രീമതി മൃദുല ലോകനാളികേരദിനത്തിന്റെ പ്രാധാന്യവും ബോർഡിന്റെ പ്രവർത്തനങ്ങളും വിശദീകരിച്ചു.

കേരഫെഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ലോക നാളികേര ദിനാഘോഷം ശ്രീ. എ. പ്രദീപ് കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. കേരഫെഡ് വൈസ് ചെയർമാൻ ശ്രീ.മനയത്ത് ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. നാളികേരത്തിന്റെ എല്ലാ ഉൽപന്നങ്ങൾക്കും വലിയ വിലയുണ്ടായിട്ടും നാളികേര കർഷകർ ചൂഷണം ചെയ്യപ്പെടുകയാണെന്ന് ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ പറഞ്ഞു.




*കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ ലോക നാളികേര ദിനാചരണം നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.സി.എ. ശ്രീധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു*

ഇടനിലക്കാരാണ് ഇതിനുപിന്നിൽ ഇത് തടയാൻ നടപടിയുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

"ആധുനിക കാലത്തെ ജീവിത ശൈലി രോഗങ്ങൾക്ക് വെളിച്ചെണ്ണയെ കുറ്റം പറയുന്നവർ നമ്മുടെ പൂർവ്വീകർ ആരോഗ്യത്തോടെ ജീവിച്ചത് മറക്കരുതെന്ന്" ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ മനയത്ത് ചന്ദ്രൻ പറഞ്ഞു. "നാം ജീവിക്കുന്ന ചുറ്റുപാടിൽ നിന്ന് ലഭിക്കുന്ന പ്രകൃതിവിഭവങ്ങളാണ് ഏറ്റവും മികച്ച ആരോഗ്യസ്ഥിതി ഉണ്ടാക്കുകയെന്ന്' കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ സീനിയർ ഫിസിഷ്യൻ ഡോ. കെ.വി. രാജഗോപാൽ വ്യക്തമാക്കി.

'നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സാദ്ധ്യത' എന്ന വിഷയത്തിൽ നാളികേര വികസന ബോർഡ് ടെക്നിക്കൽ ആഫീസ ശ്രീമതി കെ. മൃദുല, 'കേരകൃഷിയുടെ അനന്ത സാദ്ധ്യതകൾ' എന്ന വിഷയത്തിൽ കേരഫെഡ് എംഡി ഡോ. കെ. പ്രതാപൻ, 'നാളികേര ബയോപാർക്കുകൾ - സാദ്ധ്യതകളും നിർവ്വഹണവും' എന്ന വിഷയത്തിൽ ശ്രീ. എസ്. അജിത്ത് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## കണ്ണൂർ



*കണ്ണൂർ ജില്ലാതല ലോകനാളികേര ദിനാചരണം പയ്യന്നൂർ എംഎൽഎ ശ്രീ. എം. കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*



*സദസ്സ്*

നാളികേര വികസന ബോർഡിന്റെയും ചെറുപുഴ നാളികേര ഉത്പാദക ഫെഡറേഷന്റേയും ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലാതല ലോകനാളികേര ദിനാചരണവും, കേരകർഷകസംഗമവും, ശില്പശാലയും സെപ്തംബർ 2-ാം തീയതി ചെറുപുഴയിൽ നടന്നു. ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റോഷി ജോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം പയ്യന്നൂർ എംഎൽഎ ശ്രീ. എം. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, ജില്ലയിലെ രാഷ്ട്രീയ-കാർഷിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. നാളികേര വികസന ബോർഡിനെ പ്രതിനിധീകരിച്ചുകൊണ്ട് കണ്ണൂർ ജില്ലാ ചാർജ്ജ് ഓഫീസർ ശ്രീ. കെ. എം. വിജയൻ വിഷയാവതരണം നടത്തി. സമ്മേളനത്തിൽ നാളികേര മേഖലയിലെ പ്രധാന പ്രശ്നങ്ങളേയും അവയുടെ പരിഹാര മാർഗ്ഗങ്ങളും ആസ്പദമാക്കി ഏഴ് പ്രധാന ആവശ്യങ്ങൾ അടങ്ങുന്ന പ്രമേയം അവതരിപ്പിക്കുകയും സമ്മേളനം അത് ഐക്യകണ്ഠേന അംഗീകരിക്കുകയും ചെയ്തു. ഈ വർഷത്തെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ ആദ്യബാച്ച് പരിശീലനത്തിൽ പങ്കെടുത്ത ചെറുപുഴ ഫെഡറേഷൻ അതിർത്തിയിലുള്ള 17 തെങ്ങിന്റെ ചങ്ങാതികൾക്ക് സമ്മേളത്തിൽ വെച്ച് ശ്രീ. കൃഷ്ണൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. സമ്മേളനത്തിൽ ഏകദേശം 300-ൽപരം കേരകർഷകർ പങ്കെടുത്തു. ശ്രീ. സണ്ണി ജോർജ്ജ് ഇളംതുരുത്തിയിൽ സ്വാഗതം ആശംസിക്കുകയും ശ്രീ. ഷാജി പന്തലാനിക്കൽ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

## തമിഴ്നാട്

നാളികേര വികസന ബോർഡിന്റെ ചെന്നൈ മേഖല ആഫീസ് കോയമ്പത്തൂർ രത്തിനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, തമിഴ്നാട് കാർഷിക സർവ്വകലാശാല, തമിഴ്നാട് കൃഷി വകുപ്പ്, കേരകർഷക സംഘടനകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ സെപ്തംബർ 2-ാം തീയതി കോയമ്പത്തൂരിൽ ലോക നാളികേരദിനം ആചരിച്ചു. പൊള്ളാച്ചി എംപി ശ്രീ. കെ. സുകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തമിഴ്നാട് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. രാമസ്വാമി മുഖ്യാതിഥി ആയിരുന്നു. തേനി കർഷക സംഘം പ്രസിഡന്റ് ശ്രീ. എസ്. പനീർശെൽവം ആമുഖപ്രഭാഷണം നടത്തി. രത്തിനം ഗ്രൂപ്പ് ചെയർമാൻ ഡോ. മദൻ എ സെന്തിൽ, പൊള്ളാച്ചി ശക്തി കൊക്കോ പ്രൊഡക്ട്സ് ജോയിന്റ് ഡയറക്ടർ ശ്രീ. ലക്ഷ്മിരാജ്, ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ഹേമചന്ദ്ര, യുണൈറ്റഡ് കോക്കനട്ട് ഗ്രോവേഴ്സ് അസ്സോസിയേഷൻ സൗത്ത് ഇന്ത്യ പ്രസിഡന്റ് ശ്രീ. ടി.എ. കൃഷ്ണസ്വാമി ഗൗണ്ടർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ആഘോഷത്തോടനുബന്ധിച്ച് കേരോൽപന്നങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.




*കോയമ്പത്തൂരിൽ സംഘടിപ്പിച്ച ലോക നാളികേരദിനാചരണത്തിൽ പൊള്ളാച്ചി എംപി ശ്രീ. കെ. സുകുമാർ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു*

## കർണ്ണാടകം

നാളികേര വികസന ബോർഡിന്റെ ബാംഗ്ലൂരിലെ മേഖല ഓഫീസ് കർണ്ണാടക ഹോർട്ടികൾച്ചർ വകുപ്പിന്റേയും കർണ്ണാടക സംസ്ഥാന കർഷക സംഘത്തിന്റേയും ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ സെപ്തംബർ 2-ാം തീയതി അരസിക്കരയിൽ ലോക നാളികേര ദിനം ആഘോഷിച്ചു. ലോകനാളികേര ദിനത്തോടനുബന്ധിച്ച 'നാളികേര മൂല്യവർദ്ധന' എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു. അരസിക്കര എം.എൽ.എ. ശ്രീ. ശിവലിംഗ ഗൗഡ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബോർഡ് അംഗം ശ്രീ. ജി.എസ്. ബാസവരാജ് എം.പി, ശ്രീ. ജി.എം. സിദ്ധേശ്വര എം. പി., കഡൂർ എംഎൽഎ ഡോ. വിശ്വനാഥ്, തിപ്തൂർ എംഎൽഎ ശ്രീ നാഗേഷ്, ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ ഹള്ളിക്കേരി എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

കർണ്ണാടക സർക്കാർ വിലയിടിവ് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ.കെ. എം. ശിവലിംഗ ഗൗഡ അറിയിച്ചു. കർഷകർ ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം കർഷകരോട് ആവശ്യപ്പെട്ടു. വെളിച്ചെണ്ണ വിലയിടിവ് തടയുന്നതിന് പൊതുവിതരണ സമ്പ്രദായത്തിലൂടെ വെളിച്ചെണ്ണ വിതരണം ചെയ്യണമെന്ന് ശ്രീ. ജി.എം. സിദ്ധേശ്വര എം.പി. അഭിപ്രായപ്പെട്ടു. കേരകർഷകരുടെ താൽപര്യങ്ങൾ സംര

# ലോകനാളികേര ദിനാഘോ

## മഹാരാഷ്ട്രയിൽ നാളികേര ദിനാഘോഷം

കൊച്ചി: നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിലുള്ള ലോകനാളികേര ദിനാഘോഷം മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിൽ നഗരവികസന മന്ത്രി ഭാസ്കർ ജാദവ് ഉദ്ഘാടനം ചെയ്തു.

## ഒരുവർഷത്തിനുള്ളിൽ മുഴുവൻ നാളികേരവും സംഭരിക്കും: മന്ത്രി മോഹനൻ

തൃശൂർ: അടുത്ത ഒരു വർഷത്തിനുള്ളിൽ സർക്കാർ മുഴുവൻ നാളികേരവും സംഭരിക്കുമെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ അറിയിച്ചു.



## നാളികേര കൃഷിയിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന് കേരഫെഡ് ചെയർമാൻ

## മൂല്യവർധിത നാളികേര ഉൽപന്നങ്ങൾക്കായി കോക്കനട്ട് പാർക്ക് സ്ഥാപിക്കും: മന്ത്രി

## ലോക നാളികേര ദിനാഘോഷം നാളെ



## ഇന്ന് കേരകർഷകദിനം

# മുഴുവൻ നാളികേ... സർക്കാർ സംഭരിക്കും: കൃഷിമ...

# നാളികേരം മുഴുവനും സംഭരിക്കും -മന്ത്രി മോഹനൻ



...ലയിൽ അന്താരാഷ്ട്ര നാളികേരദിനാചരണം ...ൻ ഉദ്ഘാടനം ചെയ്യുന്നു

## ...ഘോഷം പത്രത്താളുകളിൽ

## കല്പവൃക്ഷത്തെ നാം കൈവിടുന്നുവോ ?

വീട്ടുമുറ്റത്തൊരു തെങ്ങ് മലയാളിക്ക് ഐശ്വര്യത്തിൻെറ അടയാളമാണ്. തെങ്ങിനെ സ്നേഹിക്കുമ്പോഴുംതന്നെ ഇപ്പോഴും അവർ അതിനെച്ചൊല്ലി സങ്കടപ്പെടുകയും ചെയ്യുന്നു. തേങ്ങ ഇടാൻ ആളില്ല. ഇട്ടാൽത്തന്നെ കർഷകന് മതിയായ വില കിട്ടുന്നില്ല. വീട്ടാവശ്യത്തിന് തേങ്ങ വാങ്ങാൻ പോകുന്ന നഗരത്തിലെ മലയാളിയാകട്ടെ കടയിൽ നൽകേണ്ടത് ഉയർന്ന വില. ഉയർന്ന കൂലി നൽകി ഇട്ട തേങ്ങ എടുക്കാനാളില്ലാതെ കിടക്കുമ്പോഴും കർഷകൻെറ ഉള്ളിൽ തീയാണ്. കൊപ്ര സംഭരണത്തിന് സർക്കാർ 280 സഹകരണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായിട്ടില്ല. 50 സംഘങ്ങളാണ് മാത്രമാണ് സംഭരണ രംഗത്തുള്ളതെന്നാണ് സൂചന. കൊപ്രയുണക്കാനുള്ള ഡ്രയർ ഇല്ലാത്തതാണ് ഇവയുടെ പ്രധാന പ്രശ്നം. അടുത്ത വർഷമാകുമ്പോഴേക്കും 200 ഡ്രയർ എങ്കിലും ഒരുക്കണമെന്ന് കേരഫെഡ് പറയുന്നു. സർക്കാർ സബ്സിഡി നൽകിയാൽ ഇവ പഞ്ചായത്ത് തലത്തിലും സഹകരണ സംഘങ്ങളിലുമായി പ്രവർത്തന സജ്ജമാക്കാമെന്നാണ് കേരഫെഡ് ചൂണ്ടിക്കാട്ടുന്നത്. മുമ്പും കൊപ്ര സംഭരണം ഇതേ കാരണത്താൽ മുടങ്ങിയിട്ടുണ്ട്. ... കർഷകദിനാചരണങ്ങളും മുടങ്ങാതെ നടത്തുമ്പോൾ ഇത്തരം അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിൽ സർക്കാർ ശ്രദ്ധിക്കുന്നില്ലെന്നത് ഖേദകരമാണ്.

തേങ്ങയിൽ നിന്നുള്ള ഇളനീർ, കൊപ്ര, വെളിച്ചെണ്ണ, പിണ്ണാക്ക് തുടങ്ങിയവയ്ക്കു പുറമേ തെങ്ങിൻെറ മടലും ചകിരിയും ചകിരിച്ചോറും ചിരട്ടയുമെല്ലാം ഉപയോഗപ്രദമാണെന്ന് നേരത്തേ മലയാളിക്കറിയാം. അതുകൊണ്ടുതന്നെ തെങ്ങിനെ കൽപവൃക്ഷമായി വാഴ്ത്തുകയും ചെയ്തു. എന്നാൽ തെങ്ങിൽ നിന്നുള്ള വൈവിധ്യ ഉത്പന്നങ്ങളെ കാലത്തിൻെറ മാറ്റത്തിനനുസരിച്ച് ...പ്പെടുത്തേണ്ടതുണ്ട്. ഇത്തരം ഉത്പന്നങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായി ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ഇത്ര ഫലം കണ്ടിട്ടില്ല. കയറുത്പന്നങ്ങളുടെ കാര്യത്തിൽ ആലപ്പുഴയുടെ മാതൃക മുന്നിലുണ്ടെന്നത് ശരി... പണിയുടെ ആവശ്യം മനസ്സിലാക്കിയുള്ള ചകിരി... ന്നങ്ങളും ഒരുക്കാൻ ആലപ്പുഴയിലെ കയർ മേഖ... പരിധിവരെ സാധിക്കുന്നുണ്ട്. ആലപ്പുഴയിലെ ...ണ് കയർ ഉത്പന്നങ്ങൾക്ക് ഏറ്റവും ചേർന്ന... വിലയിരുത്തപ്പെടുന്നത്. മറ്റ് പ്രദേശങ്ങളിലെ ചകിരി കൂടി കയർവ്യവസായത്തിന് ഇണങ്ങുംവിധം മെച്ചപ്പെടുത്തിയെടുക്കാൻ ശാസ്ത്രീയ മാർഗങ്ങളാരായേണ്ടതാണ്.

## നാളികേര ദിനാചരണം: കർഷകർ എത്തിയത് തേങ്ങലോടെ

മലപ്പുറം ● 'പണ്ട് 1,000 നാളികേരം വിറ്റാൽ എന്തൊക്കെ കാര്യങ്ങൾ നടക്കുമായിരുന്നു. ഇപ്പോൾ ഒരു നാളികേരം കൊടുത്താൽ ഒരു ചെറുനാരങ്ങപോലും കിട്ടാതായി,' നാളികേര ദിനാചരണത്തിനെത്തിയ കർഷകർക്ക് പറയാനുണ്ടായിരുന്നത് ... രൂപ കിട്ടിയിരുന്നെങ്കിൽ ഇന്ന് ... 51 രൂപ മാത്രം.

...

### ഉത്പാദനത്തിൽ മുന്നിൽ

10 വർഷം മുമ്പ് ജില്ലയിലെ ഉത്പാദനം 62.8 കോടി നാളികേരമായിരുന്നു. 2010–11 ആയപ്പോഴേക്കും ഉത്പാദനം 91.6 കോടിയിലെത്തി. ഹെക്ടറിന് 8,793 തേങ്ങ എന്ന നിരക്ക് ഉത്പാദനക്ഷമതയുടെ കാര്യത്തിൽ ജില്ലയെ മുന്നിലെത്തിക്കുന്നു.



നാളികേര വികസന ബോർഡ് മലപ്പുറത്ത് നടത്തിയ നാളികേര ദിനാചരണം പി. ഉബൈദുല്ല എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



### ഡ്രയറിന് സബ്സിഡി

കൊപ്ര സംസ്കരണത്തിന് ആവശ്യമായ ഡ്രയറുകൾക്ക് സബ്സിഡി ... 12 ലക്ഷം രൂപ വിലയുള്ള ഡ്രയറിന് ... 25,000 കിലോഗ്രാം കൊപ്ര ...

### മാതൃകയായി ...

... 1.20 ലക്ഷം കിലോഗ്രാം ... കൊപ്ര ... നാളികേരദിനാചരണം പി. ഉബൈദുല്ല എം.എൽ.എ ഉദ്ഘാടനം ചെയ്തു. ... പ്രസംഗിച്ചു.



കർണ്ണാടകത്തിലെ അരസിക്കരയിൽ ലോക നാളികേര ദിനാഘോഷം അരസിക്കര എം.എൽ.എ. ശ്രീ. ശിവലിംഗ ഗൗഡ ഉദ്ഘാടനം ചെയ്യുന്നു

ക്ഷിക്കുന്നതിന് സർക്കാർ നടപടി എടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ശ്രീ. ബി. ബാസവ രാജ് എംപി പറഞ്ഞു. വെളിച്ചെണ്ണയുടെ ഉപയോഗം സംബന്ധിച്ച കുപ്രചരണങ്ങൾ അവസാനിപ്പിക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്ന് കഡൂർ എം. എൽ.എ. ഡോ. വിശ്വനാഥ് ആവശ്യപ്പെട്ടു. തിപ്തൂർ, അരസിക്കര എന്നവിടങ്ങളിൽ കൊപ്രയുത്പാദനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നും നാളികേരോത്പാദനം വർദ്ധിപ്പിക്കുവാൻ കർഷകർ പരിശ്രമിക്കണമെന്നും തിപ്തൂർ എം.എൽ.എ. ശ്രീ നാഗേഷ് അഭിപ്രായപ്പെട്ടു. ശ്രീ. വിജയകുമാർ ഹള്ളിക്കേരി, കർണ്ണാടക കേരകർഷക സംഘം പ്രസിഡന്റ് ഡോ. ടി. ആർ. ചന്ദ്രശേഖർ എന്നിവർ സംസാരിച്ചു.

## ആന്ധ്രാപ്രദേശ്

നാളികേര വികസന ബോർഡിന്റെ ഹൈദരാബാദ് സ്റ്റേറ്റ് സെന്ററും വേഗിവാഡ പ്രദർശന വിത്തുത്പാദന തോട്ടവും സംയുക്തമായി ശ്രീകാകുളം ജില്ലയിലെ അമദലാവൽസ കൃഷിവിജ്ഞാന കേന്ദ്രത്തിൽ സെപ്തംബർ 2-ാം തീയതി ലോക നാളി



ആന്ധ്രാപ്രദേശിലെ ശ്രീകാകുളം ജില്ലയിൽ ലോക നാളികേര ദിനാഘോഷം ശ്രീകാകുളം ജില്ലാ കളക്ടർ ശ്രീ. സൗരഭ് ഗൗർ ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു

കേരദിനം ആഘോഷിച്ചു. ആന്ധ്രാപ്രദേശിലെ കേരകൃഷിയുടേയും കേരവ്യവസായത്തിന്റേയും വികസനത്തിനായി നാളികേരോത്പാദക സംഘങ്ങളുടെ രൂപീകരണവും തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ പരിശീലനവും എന്നതായിരുന്നു ആന്ധ്രാപ്രദേശിൽ കേരദിനത്തിന്റെ പ്രമേയം. ശ്രീകാകുളം ജില്ലാ കളക്ടർ ശ്രീ. സൗരഭ് ഗൗർ ഐഎഎസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. വൈഎസ്ആർ ഹോർട്ടികൾച്ചർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ.ശ്രീനിവാസലു അദ്ധ്യക്ഷത വഹിച്ചു. ശ്രീകാകുളം ജില്ലയിൽ നാളികേരോത്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനും ചങ്ങാതിക്കൂട്ടം പരിശീലനത്തിനും സകല സഹായ സഹകരണങ്ങളും ശ്രീ. സൗരഭ് ഗൗർ ഉദ്ഘാടനപ്രസംഗത്തിൽ വാഗ്ദാനം ചെയ്തു. സിപിഎസ് രൂപീകരണത്തിലൂടെ ലഭ്യമാകുന്ന പ്രയോജനങ്ങളെല്ലാം ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം കർഷകരോട് ആഹ്വാനം ചെയ്തു. സിപിഎസ് രൂപീകരണത്തിലും ചങ്ങാതിക്കൂട്ടം പരിശീലനത്തിനുമായി പ്രവർത്തന രൂപരേഖ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ഡോ. ശ്രീനിവാസലു അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. അമദലവലസ കൃഷിവിജ്ഞാന കേന്ദ്രം പ്രസിദ്ധീകരിച്ച കേര പരിപാലന രീതികൾ സംബന്ധിച്ച ലഘുപുസ്തകത്തിന്റേയും അമ്പാജിപ്പേട്ട ഹോർട്ടികൾച്ചർ റിസർച്ച് സ്റ്റേഷൻ പ്രസിദ്ധീകരിച്ച കേര കൃഷി സംബന്ധിച്ച ലഘുലേഖയുടേയും പ്രകാശനകർമ്മം ജില്ലാ കളക്ടർ തദവസരത്തിൽ നിർവ്വഹിച്ചു.

നാളികേരോത്പാദക സംഘങ്ങളെക്കുറിച്ച് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.ആർ.കുട്ടികൃഷ്ണൻ വിശദീകരിച്ചു. ടെക്നിക്കൽ ആഫീസർ ശ്രീ. പ്രമോദ് പി. കുര്യൻ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി വിവരിച്ചു. നെയ്റ കാർഷിക കോളേജ് അസോസ്സിയേറ്റ് ഡീൻ ഡോ. എം. വെങ്കയ്യ നായിഡു, അമദലവലസ കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. പി. ജമുന, അമ്പാജിപേട്ട ഹോർട്ടികൾച്ചറൽ റിസർച്ച് സ്റ്റേഷൻ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജി. രാമാനന്ദം, ആന്ധ്രാപ്രദേശ് ഹോർട്ടികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ ഡോ. റാം മോഹൻ, ശ്രീകാകുളം കൃഷി ജോയിന്റ് ഡയറക്ടർ ഡോ. എസ്. മുരളീകൃഷ്ണൻ എന്നിവർ തദവസരത്തിൽ സംസാരിച്ചു. നൂറ്റിയൻപതിലേറെ കേരകർഷകരും സംസ്ഥാന ഹോർട്ടികൾച്ചർ വകുപ്പ്, റിസർച്ച് സ്റ്റേഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തോടനുബന്ധിച്ച് കേരോൽപന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിരുന്നു.



സദസ്സ്

# ശ്രീ. സുഗതഘോഷ് മുഖ്യനാളികേര വികസന ആഫീസർ ആയി ചുമതലയേറ്റു

നാളികേര വികസന ബോർഡിന്റെ മുഖ്യ നാളികേര വികസന ആഫീസറായി ശ്രീ. സുഗതഘോഷ് ചുമതലയേറ്റു. ഗുവാഹത്തി റീജയണൽ ഓഫിസിലെ ഡയറക്ടർ ആയിരുന്ന അദ്ദേഹം ഇക്കഴിഞ്ഞ ജൂൺ 1-ാം തീയതി മുതൽ മുഖ്യനാളികേര വികസന ആഫീസറുടെ അധികചുമതല വഹിച്ചു വരികയായിരുന്നു.

ഉത്തർപ്രദേശിലെ നൈനി അലഹബാദ് അഗ്രികൾച്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 1979ൽ പ്ലാന്റ് പത്തോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ശ്രീ. ഘോഷ് ടീ ബോർഡിന്റെ ഡാർജിലിംഗ് ടീ റിസർച്ച് സെന്ററിൽ ടെക്നിക്കൽ അസിസ്റ്റന്റായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1984ൽ അദ്ദേഹം ഗോവ, ദമൻ, ഡ്യൂ ഗവൺമെന്റിന്റെ കൃഷി വകുപ്പിൽ നാളികേര വികസന ആഫീസറായി ജോലിയിൽ പ്രവേശിച്ചു. നാളികേര വികസന ബോർഡിൽ 1986ൽ ഡെപ്യൂട്ടി ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം അസ്സം, പശ്ചിമബംഗാൾ, ഒറീസ്സ സംസ്ഥാ



നങ്ങളിൽ പ്രവർത്തിച്ചു.അദ്ദേഹം മണിപ്പൂരിന്റേയും ആൻഡമൻ - നിക്കോബാർ ദ്വീപുകളുടേയും ചുമതല വഹിച്ചിരുന്നു. 1998ൽ ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. ഘോഷിനെ ബോർഡിന്റെ പാട്ന റീജിയണൽ ഓഫീസിൽ നിയമിച്ചു. പിന്നീട് അദ്ദേഹം ചെന്നൈ റീജിയണൽ ആഫീസിലും, ഗുവാഹട്ടി റീജീയണൽ ആഫീസിലും ഡയറക്ടറായി പ്രവർത്തിച്ചു.

രാജ്യത്തിന്റെ കിഴക്കൻ മേഖലയിലും, വടക്ക് - കിഴക്കൻ മേഖലയിലും തെങ്ങുകൃഷിയുടെ വികസനത്തിനായി അദ്ദേഹം വിലയേറിയ സംഭാവനകൾ നൽകി. അസ്സമിലെ അഭയപുരിയിലും ഒറീസ്സയിലെ പിട്ടാപള്ളിയിലും പ്രദർശന വിത്തുൽപാദന തോട്ടങ്ങൾ സ്ഥാപിക്കുന്നതിൽ അദ്ദേഹം നിർണ്ണായകമായ പങ്ക് വഹിച്ചു. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ദേശീയ ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗം

സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുടെ 107-ാമത് യോഗം സെപ്റ്റംബർ 18-ാം തീയതി തിരുവനന്തപുരത്ത് ചേരുകയുണ്ടായി. 2011 സെപ്തംബർ മുതൽ നാളികേര വികസന ബോർഡിനെയും സംസ്ഥാന തല ബാങ്കേഴ്സ് സമിതിയിൽ അംഗമാക്കിയിട്ടുണ്ട്. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ് ഈ യോഗത്തിൽ പങ്കെടുക്കുകയും കേരളത്തിൽ നാളികേര വികസന ബോർഡ് നേതൃത്വം കൊടുക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

നാളികേരോത്പാദക സംഘങ്ങളുടെ രൂപീകരണം, ഇന്നത്തെ സ്ഥിതി, ഫെഡറേഷനുകൾ, ഉത്പാദക കമ്പനികൾ എന്നിവയ്ക്ക് ബാങ്കുകളുടെ വായ്പയുടെ ആവശ്യകതയെക്കുറിച്ച് ചെയർമാൻ സൂചിപ്പിച്ചു. സിപിഎസുകളിൽ അംഗങ്ങളായ കേരകർഷകർക്ക്, പഞ്ചായത്തുതോറും പ്രത്യേക ക്യാമ്പുകകൾ സംഘടിപ്പിച്ച് കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകുന്നതിന് എല്ലാ ബാങ്കുകളോടും അദ്ദേഹം അഭ്യർത്ഥിച്ചു. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്ന മൊബൈൽ കിസാൻ കാർഡ് വിതരണ സംവിധാനം, പാലക്കാട് ജില്ലയിലെ നാളികേരോത്പാദക സംഘങ്ങൾ കൂടുതലുള്ള ഒരു ബ്ലോക്കിലേക്കു കൂടി പരീക്ഷണാടിസ്ഥാനത്തിൽ വ്യാപിപ്പിക്കണെന്നഭ്യർത്ഥിച്ചു. സിപിഎസുകളും ഫെഡറേഷനുകളും വഴി, കരിക്ക് വിൽപനയ്ക്കും, കൊപ്രഡ്രയർ നിർമ്മാണത്തിനും വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകളോട് ആവശ്യപ്പെട്ടു. കൂടാതെ ടെക്നോളജി മിഷനിലൂടെ ബോർഡ് നടത്തുന്ന നാളികേര സംസ്ക്കരണ യൂണിറ്റുകൾക്കുള്ള സഹായം ബാങ്കുകൾ വഴി മാത്രമാണ് നൽകുന്നതെന്നും അതു തന്നെ ബാക്ക് എൻഡഡ് സബ്സിഡിയായിട്ടാണെന്നും അറിയിച്ചു. കേരളത്തിൽ ഇത്തരം യൂണിറ്റുകൾക്ക്, ബോർഡ് നൽകുന്ന 25 ശതമാനം സബ്സിഡിക്കു പുറമെ, സംസ്ഥാന ബഡ്ജറ്റിലും 25 ശതമാനം അധിക സബ്സിഡി പ്രഖ്യാപിച്ചിട്ടുള്ള വിവരം അറിയിച്ചു. സംസ്ഥാനത്ത് മൂന്ന് കേര ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിന് ബജറ്റിൽ നടപടി എടുത്തിരിക്കുന്നതും ഇളനീരിനെ സംസ്ഥാനത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചതും പായ്ക്കു ചെയ്ത കരിക്കിൻ വെള്ളത്തിന്റെ മൂല്യവർദ്ധിത നികുതി 12.5 ശതമാനത്തിൽ നിന്നും 5 ശതമാനം ആയി കുറച്ചതും ഇത്തരം യൂണിറ്റുകൾ തുടങ്ങുന്നവർക്ക് ആകർഷകമായ സാഹചര്യം ഒരുക്കുന്നു. സംസ്ഥാനത്ത് നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവർക്കായി വടക്കൻ കേരളത്തിലും മധ്യ കേരളത്തിലും ദക്ഷിണ കേരളത്തിലും ഓരോ സംരംഭകത്വ സെമിനാർ, കെ.എസ്.ഐ.ഡി.സി.യുമായി ചേർന്ന് ബോർഡ് നടത്താൻ ലക്ഷ്യമിടുന്നു. അതിലേക്ക് ബാങ്കുകളുടെ പങ്കാളിത്തം ചെയർമാൻ അഭ്യർത്ഥിച്ചു.

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയവർക്ക് ഇരു ചക്രവാഹനം വാങ്ങുന്നതിനുള്ള ബാങ്കു വായ്പ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ വിവരിച്ചു. എല്ലാ ബാങ്കുകളോടും അതിൽ പങ്കാളികളാവണമെന്നഭ്യർത്ഥിച്ചു. സംസ്ഥാന ഗവൺമെന്റ് ഇതിനായി 25 ശതമാനം സബ്സിഡി ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന കാര്യവും യോഗത്തിൽ അറിയിച്ചു. കൂടാതെ, സ്വകാര്യ നാളികേര നഴ്സറി, വിത്തുതോട്ടം, തെങ്ങുകൃഷി പുനരുജ്ജീവന പദ്ധതി എന്നിവയ്ക്കും കേരകർഷകർക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് സിപിഎസുകൾ വഴി സമീപിക്കുമ്പോൾ

വേണ്ട സഹായം നൽകണമെന്നും അഭ്യർത്ഥിച്ചു.

കേര കർഷകരിൽ ബഹുഭൂരിക്ഷം പേർക്കും കിസാൻ ക്രെഡിറ്റ് കാർഡിന്റെ ആനുകൂല്യം ഇനിയും ലഭിച്ചിട്ടില്ല. അതിനാൽ സിപിഎസുകളുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ ഗ്രൂപ്പായി കിസാൻ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതിന് ചെയർമാൻ ബാങ്കുകളോടഭ്യർത്ഥിച്ചു. ഇതിനായി നാളികേര വികസന ബോർഡ് സിപിഎസുകൾ വഴി മുൻകൈ എടുക്കാമെന്നും വ്യക്തമാക്കി.

കേരളത്തിൽ കാർഷിക-ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്ക് കൂടുതൽ

**സംസ്ഥാനത്ത് വിതരണം ചെയ്തിരിക്കുന്ന കിസാൻ ക്രെഡിറ്റ് കാർഡുകളുടെ വിവരം**

| | എണ്ണം | തുക (രൂപ കോടിയിൽ) |
|---|---|---|
| ജൂൺ 2010ൽ | 15,44,206 | 4,727 |
| ജൂൺ 2011ൽ | 16,53,784 | 7,050 |
| ജൂൺ 2012ൽ | 17,25,206 | 8,929 |

ഊന്നൽ നൽകി വരുന്നു. അതിൽ തന്നെ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിളയായ തെങ്ങിന് മൂല്യവർദ്ധനവിന്റെ നിരവധി അവസരങ്ങളുണ്ട്. കരിക്കിൻവെള്ളം സംസ്ക്കരണം, വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, പാൽപ്പൊടി, ക്രീം, ഡെസിക്കേറ്റഡ് കോക്കനട്ട്, ബോൾ കൊപ്ര, ചിരട്ടക്കരി, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയവയുടെ യൂണിറ്റുകൾക്ക് ധാരാളം സാധ്യതയുണ്ട്. ബാങ്കുകൾക്ക് കാർഷിക മേഖലയിൽ ദീർഘകാല വായ്പകൾക്കുള്ള നിരവധി അവസരങ്ങൾ ഇതുവഴി ലഭ്യമാണ്. ബോർഡിന്റെ 25 ശതമാനം സബ്സിഡിയും സംസ്ഥാന സർക്കാരിന്റെ 25 ശതമാനം സബ്സിഡിയും ഇത്തരം പ്രൊജക്ടുകളെ ആകർഷകമാക്കുകയും ചെയ്യും.

കേരളത്തിലെ തെങ്ങുകൃഷി ചെയ്യുന്ന പ്രധാന ജില്ലകളിലെല്ലാം ജില്ലാതല ബാങ്കിംഗ് സമിതിയിൽ നാളികേര ബോർഡിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതാണെന്നും സംസ്ഥാന തല സമിതി അറിയിച്ചു.

# നാളികേര ബോർഡിന്റെ സമഗ്ര കേരവികസന പദ്ധതി സിപിഎസുകളിലൂടെ

നാളികേര വികസന ബോർഡ് കേരളത്തിൽ 2012-13 സാമ്പത്തികവർഷം 2500 ഹെക്ടറിൽ സമഗ്ര കേരവികസന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച

തെരഞ്ഞെടുത്ത 100 സിപിഎസുകളിലൂടെയാണ് ബോർഡിന്റെ സമഗ്ര കേരവികസനപദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിനായി




*ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐഎഎസ് സമഗ്ര കേരവികസന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച ശിൽപശാലയിൽ മുഖ്യപ്രഭാഷണം നടത്തുന്നു*

ആദ്യ ശില്പശാല ഇക്കഴിഞ്ഞ ആഗസ്റ്റ് 22-ാം തീയതി എറണാകുളത്ത് നടന്നു. കേരളത്തിൽ കേരകർഷകരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നാളികേര വികസനബോർഡിന്റെ നേതൃത്വത്തിൽ കേരകാർഷിക വ്യവസായ മേഖലയുടെ സമഗ്രവികസനത്തിനും കേരകർഷകരുടെ ഭാവിസുരക്ഷയ്ക്കും വേണ്ടി രൂപീകരിച്ച നാളികേരോത്പാദക സംഘങ്ങളിൽ നിന്നും

അപേക്ഷ സമർപ്പിച്ച 364 നാളികേര ഉത്പാദക സംഘങ്ങളിൽ നിന്നും, നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച 100 സംഘങ്ങളെയാണ് തെരഞ്ഞെടുത്തത്.

ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐഎഎസ് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഇപ്പോൾ ഉണ്ടായിട്ടുള്ള വിലയിടിവിന് കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം കാണാൻ ശ്രമിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. തീരുവയില്ലാതെയുള്ള ക്രൂഡ് പാം ഓയിലിന്റേയും കുറഞ്ഞ തീരുവയിൽ ശുദ്ധീകരിച്ച പാം ഓയിലിന്റേയും വർദ്ധിച്ച ഇറക്കുമതിയും സബ്സിഡിയോടുകൂടിയുള്ള വിതരണവും വെളിച്ചെണ്ണ വിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ക്രൂഡ് പാം ഓയിലിന് 10 ശതമാനം ഇറക്കുമതി തീരുവ ഏർപ്പെടുത്തുകയും ആർബിഡി പാം ഓയിലിന് നിലവിലുള്ള 7.5 ശതമാനം ഇറക്കുമതി തീരുവ 15 ശതമാനമായി ഉയർത്തുകയും ചെയ്താൽ തന്നെ വെളിച്ചെണ്ണയുടെ വിപണി വില ഉയരും. മറ്റ് ഭക്ഷ്യ എണ്ണകളോടൊപ്പം വെളിച്ചെണ്ണ കയറ്റുമതിയുടേയും നിരോധനം, വെളിച്ചെണ്ണ കയറ്റുമതി സാദ്ധ്യതകളേയും തടസ്സപ്പെടുത്തിയിരിക്കുകയാണ്. പരമ്പരാഗത ഉൽപന്നങ്ങളായ കൊപ്രയും വെളിച്ചെണ്ണയേയും കൂടുതൽ ആശ്രയിക്കുന്നതാണ് പലപ്പോഴും നാളികേരത്തിന്റെ വിലയിടിവിന് കാരണം.

കൊപ്രയ്ക്കും നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും മാത്രമേ വിലയിടിവ് ഉണ്ടായിട്ടുള്ളൂ, കരിക്കിന് വിലയിടിവ് ഉണ്ടായിട്ടില്ല. പാക്കറ്റിലാക്കിയ വെളിച്ചെണ്ണ, തേങ്ങപ്പാൽ, തൂൾതേങ്ങ, തേങ്ങപ്പാൽപ്പൊടി, പായ്ക്കറ്റിലാക്കിയ കരിൻ വെള്ളം തുടങ്ങിയ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കും വിലയിടിവ് ഉണ്ടായിട്ടില്ല. സിപിഎസുകൾക്കോ കർഷകർക്ക് തനിച്ചോ തേങ്ങാപ്പാൽ, തൂൾതേങ്ങ മൂല്യവർദ്ധിത ഉത്പന്ന

ങ്ങൾ നിർമ്മിക്കാൻ സാധിക്കില്ല.എന്നാൽ 15 മുതൽ 25 വരെ സിപിഎസുകൾ ചേർന്ന ഫെഡറേഷനും, 10 ഫെഡറേഷനുകൾ ചേർന്ന കമ്പനിയ്ക്കും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കാൻ കഴിയും. അതിനുവേണ്ട സാങ്കേതിക വിദ്യയും, 25 ശതമാനം സാമ്പത്തിക സഹായവും ബോർഡ് നൽകും, 25 ശതമാനം സംസ്ഥാന ഗവൺമെന്റും നൽകും. ഇത് കമ്പനികൾക്ക് പ്രയോജനപ്പെടുത്താം. ബോർഡ് ഇനിമുതൽ സമഗ്ര കേരകൃഷി വികസനം പോലുള്ള പദ്ധതികൾ സിപിഎസുകൾ വഴിയും, കൊപ്രഡ്രയർ പോലുള്ളപദ്ധതികൾ ഫെഡറേഷനുകൾ വഴിയും, കൂടുതൽ നിക്ഷേപം ആവശ്യമുള്ള സംരംഭങ്ങൾ ഉത്പാദക കമ്പനികൾ വഴിയും ആകും നടപ്പിലാക്കുകയെന്നും ചെയർമാൻ വ്യക്തമാക്കി.

സിപിഎസുകളുടെ നേതൃത്വത്തിൽ സംസ്ഥാന ഗവൺമെന്റ് ഈ വർഷം ഇളനീർ വർഷമായി പ്രഖ്യാപിച്ചത് കൂടി കണക്കിലെടുത്ത് കരിക്ക് കൂടുതൽ ഉത്പാദിപ്പിച്ച് വരുമാനം കൂടുതൽ ഉണ്ടാക്കുവാൻ ശ്രദ്ധിക്കണം. ഉത്പാദനം ക്രമീകരിച്ചും വരുമാനം വർദ്ധിപ്പിക്കാം. വിളവ് കൂടുതൽ ലഭിക്കുന്ന വേനൽക്കാല മാസങ്ങളിൽ കൂടുതൽ തേങ്ങ വിപണിയിലെത്താത്ത തരത്തിൽ കരിക്ക് മുൻകൂട്ടി വിളവെടുത്ത് ഉത്പാദനം നിയന്ത്രിക്കണം.

നീര ഉത്പാദിപ്പിക്കുവാനുള്ള അനുമതി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2000 ഉത്പാദക സംഘങ്ങൾക്ക് ലഭിച്ചാൽ. ഒരു ലിറ്റർ നീരയുടെ വരുമാനത്തിൽ നിന്നും 75 ശതമാനം കർഷകർക്ക് ലഭിച്ചാൽ തന്നെ ഒരു പൂങ്കുലയിൽ നിന്നും 2500 രൂപയോളം വരുമാനം ലഭിക്കും. ഒരു സിപിഎസ് പരിധിയിൽ നിന്ന് 10 ശതമാനം ആരോഗ്യമുള്ള തെങ്ങുകൾ തെരഞ്ഞെടുത്ത് നീര ഉത്പാദിപ്പിക്കാവുന്നതാണ്. ആറ് ലിറ്റർ നീരയിൽ നിന്നും അന്താരാഷ്ട്ര വിപണിയിൽ കിലോഗ്രാമിന് 22 ഡോളറോളം വിലയുള്ള ഒരു കിലോ നാളികേര പഞ്ചസാര നിർമ്മിക്കുവാൻ സാധിക്കും. ഇതിൽ നിന്നുള്ള വരുമാനം 70:30 അനുപാതത്തിൽ വീതിച്ചാൽ അത് കർഷകർക്കും തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനകരമായിരിക്കും.

ചിരട്ടയും തൊണ്ടും സംഭരിച്ച് യൂണിറ്റുകൾക്ക് വിറ്റ് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. അതുപോലെ കരിക്കിന് വേണ്ടിയുള്ള ശക്തമായ ഒരു കാമ്പെയ്ൻ സംസ്ഥാനമൊട്ടാകെ നാം ഉയർത്തികൊണ്ടുവരണം. ശ്രീ. ടി. കെ. ജോസ് എടുത്തുപറഞ്ഞു.



*സദസ്സ്*

'സമഗ്ര നാളികേര വികസനം സിപിഎസുകളിലൂടെ മുന്നോട്ട്' എന്ന വിഷയത്തെക്കുറിച്ച് മുഖ്യ നാളികേര വികസന ആഫീസർ ശ്രീ സുഗതഘോഷ്, സിപിഎസുകളിലൂടെ തെങ്ങിൻ തൈ വിതരണം സംബന്ധിച്ച് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ടി.ഐ. മാത്യുക്കുട്ടി, സമഗ്രനാളികേര വികസന പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രാജീവ് പി. ജോർജ്ജ്, നാളികേര കൃഷി സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളെക്കുറിച്ച് ബോർഡിലെ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ ശ്രീ. വി.ജി. ചന്ദ്രശേഖരൻ, 'വിലയിടിവിന്റെ സാഹചര്യത്തിൽ പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളുടെ പങ്കി'നെക്കുറിച്ച് ബോർഡ് പബ്ലിസിറ്റി ഓഫീസർ ശ്രീമതി മിനി മാത്യു, ബോർഡ് നടപ്പിലാക്കുന്ന ടെക്നോളജി മിഷൻ പദ്ധതിയിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോർഡ് പ്രോജക്ട് എഞ്ചിനീയർ ശ്രീ. ശ്രീകുമാർ പൊതുവാൾ, കയർ സംസ്ക്കരണ രംഗത്തെ മൂല്യവർദ്ധനവിനെ സംബന്ധിച്ച് കയർ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കുമാരസ്വാമിപിള്ള, ജില്ലകൾ തോറും സിപിഎസുകളുടെ നേതൃത്വത്തിൽ നാളികേരദിനം ആഘോഷിക്കുന്നത് സംബന്ധിച്ച് ബോർഡ് അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ ശ്രീ. കെ. എസ്. സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

കേരോത്പാദക സംഘങ്ങളുടെ നേതൃനിരയിലുള്ളവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിന്റെ ഭാഗമായി മുൻ കർഷകശ്രീയും വെട്ടത്ത്‌രാജ നാളികേരോത്പാദകസംഘം പ്രസിഡന്റുമായ ശ്രീ. മുഹമ്മദ് കേരകൃഷിരംഗത്ത് തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. ഇതോടൊപ്പം അതാതുജില്ലകളിൽ സിപിഎസുകളിലൂടെ ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് സിപിഎസുകളുടെ പ്രസിഡന്റുമാർ സംസാരിച്ചു. യോഗത്തിൽ ബോർഡ് മാർക്കറ്റിംഗ് ആഫീസർ ശ്രീമതി ദീപ്തി നായർ സ്വാഗതം ആശംസിച്ചു.

പദ്ധതി പ്രകാരം ഏകദേശം 4 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് ലഭ്യമാകുന്നത്.

സമഗ്രകേരവികസന പദ്ധതിയുടെ ആനുകൂല്യം ഏകദേശം 10000 പേർക്ക് ലഭ്യമാക്കും. തെങ്ങൊന്നിന് 100 രൂപയുടെ ഉത്പാദനോപാധികളാണ് ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്നത്. തെങ്ങിന്റെ തടം തുറന്ന് വളപ്രയോഗവും പയർ വിത്ത് വിതയ്ക്കലും സെപ്തംബർ-ഒക്ടോബർ മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ശില്പശാലയിൽ തീരുമാനമായി. സെപ്റ്റംബർ 2ന് ലോക നാളികേര ദിനം ജില്ലാ തലത്തിൽ സിപിഎസുകളുടേയും ഫെഡറേഷനുകളുടേയും ആഭിമുഖ്യത്തിൽ നടത്തുന്നതിനും യോഗം തീരുമാനിച്ചു.

# നാളികേര ഉത്പാദക ഫെഡറേഷൻ രൂപീകരണം ജില്ലകളിൽ പുരോഗമിക്കുന്നു

നാളികേരോത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫെഡറേഷനുകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിക്കുന്നു. നാളികേരത്തിന് വിലത്തകർച്ച അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നാളികേരോത്പാദക സംഘങ്ങളുടെ ഫെഡറേഷനുകളിലൂടെ നാളികേരം സംഭരിച്ച് കൊപ്ര നിർമ്മാണം, മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനം എന്നിവ ഫെഡറേഷൻ തലത്തിൽ നടപ്പിലാക്കുക എന്ന ഉദ്ദേശ്യലക്ഷ്യം ഫെഡറേഷൻ രൂപീകരണത്തിലൂടെ സാദ്ധ്യമാകുന്നു. വിവിധ ജില്ലകളിലായി 30 ഫെഡറേഷനുകൾ ഇതിനോടകം രൂപീകൃതമായി. 10,000 നാളികേരം ഒരു ബാച്ചിൽ സംസ്ക്കരിച്ച് ഗുണനിലവാരമുള്ള കൊപ്രയുണ്ടാക്കുവാൻ കഴിയുന്ന ആധുനിക കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ഫെഡറേഷനുകളിൽ ആരംഭിച്ചുകഴിഞ്ഞു.

***രൂപീകൃതമായ ഫെഡറേഷനുകളുടെ വിവരങ്ങൾ ജില്ല അടിസ്ഥാനത്തിൽ***

***കാസർഗോഡ്***

1. മാലം സിപിഎസ് ഫെഡറേഷൻ, മാലം
2. വെള്ളരിക്കുണ്ട് സിപിഎസ് ഫെഡറേഷൻ, വെള്ളരിക്കുണ്ട്

***കണ്ണൂർ***

1. ആലക്കോട് സിപിഎസ് ഫെഡറേഷൻ, ആലക്കോട്
2. ചെറുപുഴ സിപിഎസ് ഫെഡറേഷൻ, ചെറുപുഴ

***കോഴിക്കോട്***

1. നടേരി സിപിഎസ് ഫെഡറേഷൻ, നടേരി, കൊയിലാണ്ടി
2. പുല്ലമ്പാറ സിപിഎസ് ഫെഡറേഷൻ, തിരുവമ്പാടി
3. സുരക്ഷ സിപിഎസ് ഫെഡറേഷൻ, ഓമശ്ശേരി

***മലപ്പുറം***

1. കേരസുരക്ഷ സിപിഎസ് ഫെഡറേഷൻ, മാറാഞ്ചേരി, പൊന്നാനി
2. ഉറങ്ങാട്ടിരി സിപിഎസ് ഫെഡറേഷൻ, വെറ്റിലപ്പാറ, അരീക്കോട് വഴി
3. വെട്ടം സൗത്ത് സിപിഎസ് ഫെഡറേഷൻ, വെട്ടം, തിരൂർ
4. വെട്ടം നോർത്ത് സിപിഎസ് ഫെഡറേഷൻ, വെട്ടം, തിരൂർ
5. മങ്കട പഞ്ചായത്ത് സിപിഎസ് ഫെഡറേഷൻ, മങ്കട
6. കൂട്ടിലങ്ങാടി പഞ്ചായത്ത് സിപിഎസ് ഫെഡറേഷൻ, കൂട്ടിലങ്ങാടി
7. തൃക്കളങ്ങോട് പഞ്ചായത്ത് സിപിഎസ് ഫെഡറേഷൻ, തൃക്കളങ്ങോട്

***പാലക്കാട്***

1. മുതലമട സിപിഎസ് ഫെഡറേഷൻ
2. എരിമയൂർ സിപിഎസ് ഫെഡറേഷൻ
3. വടകരപതി സിപിഎസ് ഫെഡറേഷൻ
4. പെരുമാട്ടി സിപിഎസ് ഫെഡറേഷൻ
5. കാഞ്ഞിരപ്പുഴ സിപിഎസ് ഫെഡറേഷൻ
6. അലനെല്ലൂർ സിപിഎസ് ഫെഡറേഷൻ
7. വണ്ടാഴി സിപിഎസ് ഫെഡറേഷൻ

***എറണാകുളം***

1. കൂത്താട്ടുകുളം സിപിഎസ് ഫെഡറേഷൻ, കൂത്താട്ടുകുളം
2. രാമമംഗലം സിപിഎസ് ഫെഡറേഷൻ, രാമമംഗലം

***ആലപ്പുഴ***

1. പെരുമ്പളം സിപിഎസ് ഫെഡറേഷൻ, പെരുമ്പളം
2. കഞ്ഞിക്കുഴി സിപിഎസ് ഫെഡറേഷൻ, കഞ്ഞിക്കുഴി
3. മുതുകുളം സിപിഎസ് ഫെഡറേഷൻ, മുതുകുളം, കായംകുളം

***കൊല്ലം***

1. കല്ലട സിപിഎസ് ഫെഡറേഷൻ, വെസ്റ്റ് കല്ലട


***തിരുവനന്തപുരം***

1. കാട്ടാക്കട സിപിഎസ് ഫെഡറേഷൻ, കാട്ടാക്കട
2. നേമം സിപിഎസ് ഫെഡറേഷൻ, നേമം
3. നാവായിക്കുളം സിപിഎസ് ഫെഡറേഷൻ, നാവായിക്കുളം

നാളികേരോത്പാദക സംഘങ്ങളുടെ ഫെഡറേഷനുകൾക്ക് ബോർഡിൽ നിന്ന് രജിസ്ട്രേഷൻ നൽകി വരുന്നു. ഫെഡറേഷനിലൂടെ ചെറിയ രീതിയിലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനവും ലക്ഷ്യമിടുന്നു. ജില്ലയിലെ 10 ഫെഡറേഷനുകൾ ചേർന്ന് ഉത്പാദകരുടെ കമ്പനി സ്ഥാപിക്കുകയാണ് ആത്യന്തിക ലക്ഷ്യം. കർഷകർ ഓഹരി ഉടമകളാകുന്ന ഈ കമ്പനി സ്ഥാപിക്കുന്നതിനുള്ള പ്രധാന ചുവടുവെയ്പാണ് ഫെഡറേഷന്റെ രൂപീകരണം.

ആധുനിക കൊപ്ര ഡ്രയർ സ്ഥാപിക്കുവാനുള്ള ഭൂമി കണ്ടെത്തിയിട്ടുള്ളതും എന്നാൽ വിശദമായ പദ്ധതി ബോർഡിൽ സമർപ്പിച്ചിട്ടില്ലാത്തതുമായ ഫെഡറേഷനുകൾ എത്രയും വേഗം ബോർഡിൽ പദ്ധതി സമർപ്പിച്ച് അംഗീകാരം നേടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

# ആദരാഞ്ജലികൾ



അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ കാർഡിയോളജി വിഭാഗം മേധാവി ഡോ. കെ. കെ. ഹരിദാസ് അന്തരിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 'ഹൃദ്രോഗികളുടെ ആഹാരക്രമത്തിൽ വെളിച്ചെണ്ണയുടേയും സൂര്യകാന്തി എണ്ണയുടേയും സ്വാധീനം' സംബന്ധിച്ച പഠനം നാളികേര വികസന ബോർഡിന്റെ സഹായത്തോടെ അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നുവരികയായിരുന്നു. നാളികേര വ്യവസായ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയേക്കാവുന്ന ഗവേഷണ പഠനമാണിത്. തെങ്ങിനെ സ്നേഹിക്കുന്ന എല്ലാവർക്കും ഒരു തീരാ നഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗം.

# 111-ാമത് ബോർഡ് യോഗം

നാളികേര വികസന ബോർഡിന്റെ 111-ാമത് യോഗം ഇക്കഴിഞ്ഞ സെപ്തംബർ 15-ാം തീയതി ഗുജറാത്തിലെ വഡോദരയിൽ നടന്നു. യോഗത്തിൽ ബോർഡ് ചെയർമാൻ ശ്രീ. ടി. കെ ജോസ് ഐഎഎസ് അദ്ധ്യക്ഷനായിരുന്നു. വൈസ് ചെയർമാൻ ശ്രീ. വസന്ത് വിഷ്ണു ലിമയേ, ബോർഡ് അംഗങ്ങളായ കൃഷി മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ഡോ. സതീഷ് ബി അഗ്നിഹോത്രി ഐഎഎസ്, കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയത്തിലെ ഡയറക്ടർ (സഹകരണം) ഡോ. എ. കെ. മിശ്ര, കർണ്ണാടക പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം.കെ. ശങ്കരലിംഗെ ഗൗഡ ഐഎഎസ്, അഡ്വ. വർക്കല ബി. രവികുമാർ, ശ്രീ. കെ. ധർമ്മരാജൻ, ശ്രീമതി. കെ. ആർ. നേത്രാവതി, ശ്രീ. ആർ. കലൈശെൽവൻ, ശ്രീ. മാണി സി. കാപ്പൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേന്ദ്രകൃഷി മന്ത്രാലയത്തിലെ അഡീഷണൽ കമ്മീഷണർ (ഹോർട്ടികൾച്ചർ) ശ്രീ. ഓം പ്രകാശ്, മുഖ്യ നാളികേര വികസന ആഫീസർ ശ്രീ. സുഗത ഘോഷ് എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

# തെങ്ങിന്റ ചങ്ങാതിക്കൂട്ടം - രണ്ടാംഘട്ട പരിശീലനം വിജയകരമായി മുന്നേറുന്നു

തെങ്ങുകയറ്റക്കാരുടെ ദൗർലഭ്യത്താൽ വലഞ്ഞ കേരകർഷകന് ആശ്വാസവും അവലംബവുമായി മാറിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെ വെറുമൊരു തെങ്ങുകയറ്റ തൊഴിലാളി എന്ന നിർവ്വചനത്തിൽ ഒതുക്കാനാവില്ല. വിളവെടുപ്പിനൊപ്പം മണ്ട വൃത്തിയാക്കലും രോഗ-കീട നിയന്ത്രണവും നടത്തുന്ന ചങ്ങാതികൾ കർഷകരുടെ മാത്രമല്ല കേരവൃക്ഷത്തിന്റേയും ചങ്ങാതിമാരാണ്. 2011 ആഗസ്റ്റ് 17-ാം തീയതി ആരംഭിച്ച പരിശീലനത്തിൽ 5000 എന്ന നിർദ്ദിഷ്ട ലക്ഷ്യം മറികടന്ന് 5601 പേർ കേരളത്തിലും മാണ്ഡ്യയിലും മഹാരാഷ്ട്രയിലുമായി പരിശീലനം നേടി.

പരിശീലന പരിപാടിയിൽ പങ്കെടുക്കുവാനുള്ള അന്വേഷണവുമായി ബോർഡിനെ സമീപിച്ചവരുടെ വർദ്ധിച്ച താൽപര്യം കണക്കിലെടുത്താണ് രണ്ടാംഘട്ട പരിശീലനം ആരംഭിച്ചിരിക്കുന്നത്. പരിശീലനം ആരംഭിച്ച് 15 ആഴ്ച പിന്നിടുമ്പോൾ 35 ബാച്ചുകളിലായി 804 പേർ പരിശീലനം നേടിക്കഴിഞ്ഞു. കേരളത്തിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും പരിശീലനം നൽകിവരുന്നു.

സംസ്ഥാനമൊട്ടാകെ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങൾക്ക് ങ്ങൾക്ക് കുറഞ്ഞത് പത്ത് ചങ്ങാതിമാരെ പരിശീലനത്തിലേക്ക് തെരഞ്ഞെടുത്തയക്കാം. ഉത്പാദക സംഘങ്ങളിലേക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാം.

അയൽ സംസ്ഥാനമായ മഹാരാഷ്ട്രയിൽ രണ്ടാം ഘട്ടത്തിലൂടെ ഇതുവരെ പരിശീലനം നേടിയത് അറുപതു പേരാണ്. നിലവിൽ പരിശീലനം താത്കാലികമായി നിറുത്തി വച്ചിരിക്കുന്ന മഹാരാഷ്ട്രയിൽ കാലവർഷത്തിന് ശമനമായതോടെ ഒക്ടോബർ രണ്ടാം വാരം പരിശീലനം പുനരാരംഭിക്കും. രത്നഗിരിയിലെ ദാപ്പോളി, മുരട്, ചിപ്ലുൻ, പൽഗാർ എന്നിവിടങ്ങളിലാണ് പരിശീലന കേന്ദ്രങ്ങൾ.

തമിഴ്നാട്ടിൽ മൂന്നു കൃഷി വിജ്ഞാന കേന്ദ്രങ്ങളുൾപ്പെടെ അഞ്ചു സ്ഥാപനങ്ങളാണ് ഇതുവരെ പരിശീലന കേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്. കാരമടൈ (കോയമ്പത്തൂർ), കാമാച്ചിപുരം, ഉസ്ലാംപെട്ടി, എന്നീ മൂന്നു കൃഷി വിജ്ഞാന കേന്ദ്രങ്ങളും,ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് (ദിണ്ടിഗൽ),തഞ്ചാവൂർ കോക്കനട്ട് ഗ്രോവേഴ്സ് അസോസിയേഷൻ എന്നീ രണ്ടു സ്ഥാപനങ്ങളുമാണ് തിരഞ്ഞെടുക്കപ്പെട്ട അഞ്ചു പരിശീലന കേന്ദ്രങ്ങൾ.

ആന്ധ്രയിലെ ചങ്ങാതിമാർക്കു പരിശീലനം നൽകാനുള്ള 4 ചങ്ങാതിമാർ വിദഗ്ധ പരിശീലനത്തിനായി കേരളത്തിലെത്തിയിരുന്നു. അമലാപുരം എംപിയുടെ പ്രത്യേക താല്പര്യപ്രകാരം ആന്ധ്രയിൽ ഉടൻ പരിശീലനം ആരംഭിക്കും. ഇവിടെ മൂന്നു ജില്ലകളിലായാണ് പരിശീലനം നടത്തുക. വെസ്റ്റ് ഗോദാവരി, വൈ എസ് ആർ ഹോർട്ടി കൾച്ചർ സർവകലാശാല, അമ്പാജിപേട്ട, ആചാര്യ എൻ ജി രംഗ കാർഷിക സർവകാലാശാല, ശ്രീകാകുളം, വിജയനഗരം എന്നിവിടങ്ങളാണ് പരിശീലന കേന്ദ്രമായി ഇതുവരെ തിരഞ്ഞെടുത്തിരിക്കുന്നത്.

സെപ്തബംർ 24നാണ് കർണ്ണാടകയിൽ ആദ്യബാച്ചിന് പരിശീലനം തുടങ്ങിയത്. ചാമരാജനഗർ, ദാവൺഗരൈ, ഹസ്സൻ, മാണ്ഡ്യ, മൈസൂർ, ഷിമോഗ, തുംകൂർ, ഉത്തര കന്നഡ, രാമനഗർ, ചിത്രദുർഗ തുടങ്ങിയ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലാണ് പരിശീലനം നടത്തുന്നത്. നീരയുത്പാദനം ആരംഭിച്ചാൽ കർണ്ണാടകയിൽ ചങ്ങാതികൾക്ക് ആവശ്യക്കാർ കൂടും.

ചങ്ങാതിക്കൂട്ടത്തിന്റെ ഭാഗമായി പരിശീലനത്തിനു തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരകൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും, പരിപാലന രീതിയെക്കുറിച്ചും വിദഗ്ദ്ധർ ക്ളാസുകൾ എടുക്കും.ആറു ദിവസത്തെ പരിശീലനത്തിൽ തെങ്ങു കയറ്റം, തെങ്ങു കയറ്റ യന്ത്ര പരിചയംവിത്ത് തേങ്ങ ശേഖരണം,മരുന്നു തളിക്കൽ, കൃത്രിമ പരാഗണം, സങ്കരണ വിദ്യ, കേര സംരക്ഷണം തുടങ്ങിയവും പാഠ്യവിഷയമാകും. പരിശീലന കാലയളവിൽ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കുവാൻ ജോഗിംഗും, വ്യായാമവും, ശ്വസന നിയന്ത്രണ പരിശീലനവും,യോഗാ ക്ളാസുകളും നടത്തുന്നുണ്ട്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപെന്റും, സൗജന്യമായി തെങ്ങു കയറ്റ മെഷീനും, ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ടൂവീലർ വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് വായ്പ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വാഹന വായ്പകൾക്ക് പരമാവധി 12500 രൂപ വരെ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയും ലഭിക്കും. പരിശീലനം പൂർത്തിയാക്കിയ ചങ്ങാതിമാർക്കു വാഹന വായ്പക്കു വേണ്ട അപേക്ഷാഫോറം ഓൺ ലൈനിൽ ലഭ്യമാണ്. യൂണിയൻ ബാങ്ക് വഴിയാണ് വായ്പ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. വായ്പ ആവശ്യമുള്ളവർ അപേക്ഷാഫോറം പൂരിപ്പിച്ച് കൃഷി ആഫീസറുടേയോ അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിയുടേയോ സാക്ഷ്യപത്രത്തോടു കൂടി ബോർഡിൽ സമർപ്പിക്കണം. തുടക്കത്തിൽ 500 തെങ്ങിന്റെ ചങ്ങാതികൾക്ക് ബാങ്കിന്റെ വിവിധ ശാഖകൾ വഴി വായ്പ നൽകും. ഇതുവരെ ആറ് അപേക്ഷകർക്ക് വാഹനം കൊടുക്കുവാനുള്ള തീരുമാനമായിട്ടുണ്ട്.

ആയാസരഹിതമായി തെങ്ങിൽ കയറി നല്ല വരുമാനം നേടാൻ ആഗ്രഹിക്കുന്ന കഠിനാധ്വാനികൾക്ക് ഈ പദ്ധതിയിൽ പങ്കാളികളാകാൻ അപേക്ഷിക്കാം. തെക്കൻ ജില്ലയിൽ നിന്നുള്ളവർ കോർഡിനേറ്റിംഗ് ആഫീസർ ശ്രീമതി മിനി മാത്യൂവിനെയും വടക്കൻ ജില്ലകളിൽ നിന്നുള്ളവർ കോർഡിനേറ്റിംഗ് ആഫീസർ ശ്രീ വി.കെ. ചന്ദ്രശേഖരനെയും വിളിക്കുക. ബന്ധപ്പെടേണ്ട നമ്പർ ശ്രീമതി മിനി മാത്യൂ 9447665105, ശ്രീ വി. കെ. ചന്ദ്രശേഖരൻ 9846635765.

ഓരോ ജില്ലയിലെയും ചാർജ് ഓഫീസർമാരുടെ നമ്പറുകൾ താഴെ ചേർക്കുന്നു.

തിരുവനന്തുപുരം (നിഷ ജി 9496145812), കൊല്ലം (ജയനാഥ് ആർ 9446028889), ആലപ്പുഴ, (രശ്മി ഡി എസ് 9446484014), പത്തനംതിട്ട, (ജോർജ് പിറ്റർ ജെ 9946255915), ഇടുക്കി (ദീപ്തി ആർ 9846361382), എറണാകുളം (ലീനമോൾ എം എ 9447818993), തൃശൂർ (ശശികുമാർ സി 9995521054), മലപ്പുറം (സെബാസ്റ്റിൻ കെ എസ് 9446211460), പാലക്കാട് (കോട്ടയം, ദീപ്തി നായർ എസ് 9495675679), കോഴിക്കോട് (മൃദുല കെ 9946947725), കണ്ണൂർ (കാസർഗോഡ്, വിജയൻ കെ എം 9447100149).

## അനുശോചനം



ഏറെപ്രതീക്ഷയോടെ തെങ്ങിന്റെ ചങ്ങാതിയായി മാറിയ ആലപ്പുഴ ജില്ലയിലെ കരുവാറ്റ സ്വദേശി ശ്രീ. ഭുവനചന്ദ്രൻ പ്രവൃത്തി മദ്ധ്യേ ഇക്കഴിഞ്ഞ സെപ്തംബർ 26ന് വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞു. സന്തപ്ത കുടുംബത്തിന് ബോർഡിന്റെ അനുശോചനങ്ങൾ.

# കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിൽ സിപിഎസ് രൂപീകരണം കർഷകർക്ക് ആവേശം

കടലും കായലും കൊണ്ടനുഗ്രഹീതമായ ഭൂപ്രകൃതിയുള്ള പ്രദേശമാണ് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റേത്. കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക്, തണ്ണീർമുക്കം, ചേർത്തല സൗത്ത്, കടക്കരപ്പള്ളി പഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്. കരപ്പുറമെന്നാണ് പൊതുവേ ഈ പ്രദേശം അറിയപ്പെടുന്നത്. ഇവിടുത്തെ പച്ചക്കറികൃഷി ഏറെ ശ്രദ്ധേയമാണ്. കഞ്ഞിക്കുഴി പയറും മാരാരിക്കുളം വഴുതനയും തൈക്കൽ ചീരയുമെല്ലാം വളരെ പ്രസിദ്ധമാണ്. അതുപോലെ തന്നെ ഒന്നാമത്തെകൃഷി നാളികേരമാണ്. കരപ്പുറം തേങ്ങയ്ക്ക് ഒരു കാലത്ത് നല്ല പേരുണ്ടായിരുന്നു. തീരദേശ തെങ്ങുകൾ പൊതുവേ പ്രതിരോധശേഷിയുള്ളവയുമാണ്. പക്ഷേ പലകാരണങ്ങളാൽ കർഷകർ തെങ്ങിൻ ചുവട്ടിൽ പോകാതായി. നാളികേരോത്പാദനം വളരെക്കുറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരവധി പരീക്ഷണങ്ങൾ നടത്തി. പക്ഷേ ഫലപ്രദമായ ഒരു മുന്നേറ്റം ഉണ്ടായതായി പറയാനാവില്ല. ഇത്തരുണത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് സിപിഎസ് രൂപീകരണം സംബന്ധിച്ച് അയച്ചകത്ത് അനുസരിച്ച് ബ്ലോക്ക് അംഗങ്ങളും ഗ്രാമപഞ്ചായത്ത് അംഗങ്ങളും യോഗം ചേർന്ന് എല്ലാ വാർഡുകളിലും സിപിഎസ് രൂപീകരണത്തിന് തീരുമാനിച്ചു. 60ൽ ഏറെ സിപിഎസുകൾ ഒന്നര മാസം കൊണ്ട് രൂപീകരിച്ചു.

വലിയ തോതിലുള്ള പിന്തുണയും സഹകരണവുമാണ് നാളികേര കർഷകരിൽ നിന്നും ലഭിക്കുന്നത്. എല്ലാ വാർഡിലും സിപിഎസ് എന്നത് ഒരു നൂതന സംവിധാനമായി ചൂടുപിടിച്ച ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. കഴിഞ്ഞ ചിങ്ങം ഒന്നിന് ബ്ലോക്കുതല കർഷകദിനാഘോഷപരിപാടിയുടെ ഭാഗമായി സിപിഎസ് പ്രവർത്തകർ ചേർന്ന് നാളികേര സംരക്ഷണ പ്രതിജ്ഞയെടുത്തു. കരപ്പുറത്തിന്റെ പോയകാല കേരസമൃദ്ധി തിരികെ പിടിക്കുന്നതിനും. പുത്തൻ പരിഷ്ക്കാരങ്ങളിലൂടെ കർഷകനെ സഹായിക്കുന്നതിനും സിപിഎസിന് കഴിയുമെന്ന കാര്യത്തിൽ എതിരഭിപ്രായമില്ല. സംഭരണ, സംസ്ക്കരണ, വിപണന മേഖലയിൽ ഇടപെടുന്നതിന് ഫെഡറേഷനുകളും കമ്പനിയും രൂപീകരിച്ച് പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ബോർഡ്. അതോടൊപ്പം ഈ വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സിപിഎസുകളെ ശക്തിപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

## വിരമിച്ചു



നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥൻ ശ്രീ. കെ. കെ. ഗംഗാധരൻ 30 വർഷത്തെ ഔദ്യോഗിക സേവനത്തിന് ശേഷം ഇക്കഴിഞ്ഞ ആഗസ്റ്റ് 31-ാം തീയതി ബോർഡിൽ നിന്ന് വിരമിച്ചു. അദ്ദേഹം 1982 ലാണ് ബോർഡിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

*20-ാം പേജിൽ നിന്നും തുടർച്ച*

വരുത്തിയതിനുശേഷം നേടിയ ഐഇസി കോഡിന്റെ പകർപ്പ് ബോർഡിൽ സമർപ്പിക്കേണ്ടതാണ്. കയറ്റുമതി സംരംഭകർ രജിസ്ട്രേഷൻ ചെയ്തിരിക്കുന്ന ഗണത്തിലോ (മർച്ചന്റ്, മാനുഫാക്ചറർ, മർച്ചന്റ് കം മാനുഫാക്ചറർ) രജിസ്ട്രേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉൽപന്നങ്ങളിലോ മാറ്റം വരുത്തേണ്ടവർ അതിന് ഉപോത്ബലകമായ രേഖകൾ സമർപ്പിക്കേണ്ടതാണ്. ഇത്തരം മാറ്റങ്ങൾ വരുത്തുന്നതിനായി അപേക്ഷിക്കുമ്പോൾ മുൻപ് ലഭിച്ച രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അസ്സൽ ബോർഡിൽ മടക്കി നൽകേണ്ടതാണ്. മേൽപ്പറഞ്ഞ സേവനങ്ങൾ എല്ലാം നാളികേര വികസന ബോർഡ് ഇപ്പോൾ തികച്ചും സൗജന്യമായാണ് കയറ്റുമതി സംരംഭകർക്ക് നൽകുന്നത്.

നാളികേരവികസനബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉൽപന്ന കയറ്റുമതിക്കാർക്ക് വിവിധ തരം കയറ്റുമതി പ്രോത്സാഹന പദ്ധതിയിൽപ്പെടുത്തി ഇപ്പോൾ ആനുകൂല്യം ലഭിക്കുന്നുണ്ട്. വിവിധ കയറ്റുമതി പ്രോത്സാഹന പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള നാളികേര ഉൽപന്നങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ പട്ടികയിൽകൊടുത്തിരിക്കുന്നു (പട്ടിക-3).

| ഐടിസി (എച്ച്.എസ്) കോഡ് ITC (HS) Code | ഉൽപന്നങ്ങൾ | പ്രോത്സാഹന പദ്ധതികൾ | പ്രോത്സാഹനത്തിന്റെ തോത് കയറ്റുമതി മൂല്യത്തിന്റെ (എഫ് ഒ ബി) ശതമാനത്തിൽ |
|---|---|---|---|
| 08011910 | തേങ്ങ (ഫ്രെഷ്) | 1. വി. കെ.ജി. യു. വൈ<br>2. ഡി.ഇ.പി.ബി. | 5%<br>1% |
| 08011920 | തേങ്ങ (ഉണങ്ങിയത്) | 1. വി. കെ.ജി. യു. വൈ<br>2. ഡി.ഇ.പി.ബി. | 5%<br>1% |
| 08011100 | തൂൾതേങ്ങ | 1. വി. കെ.ജി. യു. വൈ<br>2. ഡി.ഇ.പി.ബി. | 5%<br>1% |
| 12030000 | കൊപ്ര | 1. വി. കെ.ജി. യു. വൈ<br>2. ഡി.ഇ.പി.ബി. | 5%<br>1% |
| 14049060 | ചിരട്ട | 1. വി. കെ.ജി. യു. വൈ<br>2. ഡി.ഇ.പി.ബി. | 5%<br>1% |
| 14049060 | ചിരട്ട (വർക്ക് ചെയ്തത്) | 1. വി. കെ.ജി. യു. വൈ<br>2. ഡി.ഇ.പി.ബി. | 2%<br>1% |
| 38021000 | ഉത്തേജിത കാർബൺ | എഫ്.എം.എസ്. | 3% മുതൽ 4% വരെ |
| 22029090 | പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം | എഫ്. പി. എസ്. | 2 % |

രാജ്യത്തെ സമ്പദ് വ്യവസ്ഥയെ നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംരംഭമാണ് കയറ്റുമതി. വികസ്വര രാജ്യങ്ങൾ വികസിത രാജ്യങ്ങളാകുന്നതും അവികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങളാകുന്നതും പ്രധാനമായും കയറ്റുമതിയിലൂടെയാണ്. രാജ്യത്തിന്റെ വികസന കുതിപ്പിലെ ചാലകശക്തിയായി മാറുവാനുള്ള അവസരമാണ് കയറ്റുമതിക്കാരനാകുന്നതിലൂടെ നാം നേടുന്നത്.

*അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11*

# കമ്പോളാവലോകനം

## 2012 ആഗസ്റ്റ്

- ആട്ടുകൊപ്ര, ഉണ്ടക്കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില എല്ലാ പ്രമുഖ വിപണികളിലും കുറഞ്ഞു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വില കുറഞ്ഞു. ആഭ്യന്തര വില കൊച്ചി വിപണിയിൽ അന്താരാഷ്ട്ര വിലയേക്കാൾ 11 ശതമാനം അധികമായിരുന്നു.

പ്രമുഖ കേരോത്പാദക സംസ്ഥാനങ്ങളിലെല്ലാം തന്നെ കൊപ്രയുടേയും നാളികേരത്തിന്റേയും വില താങ്ങുവിലയേക്കാൾ കുറവായിരുന്നു. സർക്കാർ നിയോഗിച്ചിട്ടുള്ള സംഭരണ ഏജൻസികൾ താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണം തുടരുന്നു.

### വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും കുറഞ്ഞു.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 6092 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതുപോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വന്റലിന് 6165 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 6232 രൂപയുമായിരുന്നു. കൊച്ചി വിപണിയിലേയും ആലപ്പുഴ വിപണിയിലേയും കോഴിക്കോട് വിപണിയിലേയും വില കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 4191 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 4145 രൂപയായിരുന്നു. കോഴിക്കോട് വിപണയിൽ വില ക്വിന്റലിന് 4014 രൂപയായിരുന്നു. കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണം തമിഴ്നാട്ടിലും കേരളത്തിലും യഥാക്രമം ടാൻഫെഡും നാഫെഡും നടത്തുന്നുണ്ട്. ആട്ടുകൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5100 രൂപയാണ്. നാഫെഡ്, തമിഴ്നാട്ടിൽ ടാൻഫെഡ് മുഖേന 18343 മെട്രിക് ടൺ കൊപ്രയും കേരളത്തിൽ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന 9071 മെട്രിക് ടൺ കൊപ്രയും സംഭരിച്ചു.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 3876 രൂപയായിരുന്നു. ഇത് കഴിഞ്ഞമാസം 4180 രൂപയായിരുന്നു. ആന്ധ്രാപ്രദേശിൽ 5508 മെട്രിക് ടൺ കൊപ്രയും ലക്ഷദ്വീപിൽ 3350 മെട്രിക് ടണ്ണുമാണ് സംഭരിച്ചത്.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 5323 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് നാമമാത്രം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വന്റലിന് 4745 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 5120 രൂപയായിരുന്നു; ബാംഗ്ലൂരിൽ അത് 5900 രൂപയും അരസിക്കരയിൽ 5078 രൂപയുമായിരുന്നു.

ഭക്ഷ്യയോഗ്യമായ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5350 രൂപയാണ്.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 4677 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 5367 രൂപയായിരുന്നു; അത് കഴിഞ്ഞമാസത്തേക്കാൾ നാമമാത്രം അധികമായിരുന്നു.


അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 5798 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനം അധികമായിരുന്നു.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 6900 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 19 ശതമാനം അധികമായിരുന്നു.


ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 9600 രൂപയായി വർദ്ധിച്ചു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം അധികമായിരുന്നു.

നാളികേരത്തിന്റെ ശരാശരി വില അസമിൽ നാളികേരമൊന്നിന് 21 രൂപയും, നാഗാലാന്റിലെ ദിമാപൂരിൽ 23 രൂപയുമായിരുന്നു.

കേന്ദ്ര സർക്കാർ പൊതിച്ച നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില കിലോഗ്രാമിന് 14 രൂപയാണ്.




*ജൂലൈ മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*




*ജൂലൈ മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

### ഇളനീർ

ഇളനീരിന്റെ വില കൊച്ചി വിപണിയിൽ ഒന്നിന് 15 രൂപയ്ക്കും 25 രൂപയ്ക്കും ഇടയ്ക്കായിരുന്നു. അസമിൽ ഇളനീരിന്റെ ശരാശരി വില 15 രൂപയും ത്രിപുരയിൽ 18 രൂപയുമായിരുന്നു.

### അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 994 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 32 ശതമാനവും കുറവായിരുന്നു. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 645 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 5 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 56 ശതമാനവും കുറവായിരുന്നു. വെളിച്ചെണ്ണയുടെ ആഭ്യന്തരവില കൊച്ചി വിപണിയിൽ മെട്രിക് ടണ്ണിന് 1102 അമേരിക്കൻ ഡോളറായിരുന്നു; ഇത് അന്താരാഷ്ട്ര വിലയേക്കാൾ 11 ശതമാനം അധികമായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 946 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 945 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്രവിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 997 അമേരിക്കൻ ഡോളറും 988 അമേരിക്കൻ ഡോളറും 1180 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2012 ആഗസ്റ്റ് 1 മുതൽ 31വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| | വെളിച്ചെണ്ണ (രൂ./ക്വി.) | | | ആട്ടു കൊപ്ര (രൂ./ക്വി.) | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./ക്വി.) | ഉണ്ടക്കൊപ്ര (രൂ./ക്വി.) | | | | കൊട്ട ത്തേങ്ങ (രൂ./1000) | നാളി കേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തീയതി | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കൊച്ചി (എഫ്എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | അംബാജിപ്പേട്ട | കോഴിക്കോട് (രാജ്പൂർ) | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മംഗലാപുരം (ഗ്രേഡ് 1) |
| 4812 | 6150 | 6250 | 6350 | 4200 | 4100 | 4100 | 4000 | 5350 | 4733 | 5189 | 5900 | 5200 | 4833 | 5500 | 5515 | 5500 | 9600 |
| 11812 | 6200 | 6192 | 6350 | 4250 | 4179 | 4096 | 4000 | 5329 | 4733 | 5097 | 5900 | 5033 | 4733 | 5083 | 5815 | 7250 | 9600 |
| 18812 | 6110 | 6175 | 6258 | 4205 | 4188 | 4008 | 3800 | 5404 | 4808 | 5186 | 5900 | 5117 | 4667 | 5250 | 5867 | 7500 | 9600 |
| 25812 | 6000 | 6133 | 6100 | 4150 | 4133 | 3917 | 3800 | 5333 | 4798 | 5078 | 5900 | 5026 | 4550 | 5500 | 5720 | 7250 | 9600 |
| 31812 | 6000 | 6075 | 6100 | 4150 | 4125 | 3950 | 3780 | 5200 | 4650 | 5052 | 5900 | 5013 | 4600 | 5500 | 6075 | 7000 | 9600 |
| **ശരാശരി** | **6092** | **6165** | **6232** | **4191** | **4145** | **4014** | **3876** | **5323** | **4745** | **5120** | **5900** | **5078** | **4677** | **5367** | **5798** | **6900** | **9600** |

*അവലംബം:*

*കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2*

*കോഴിക്കോട് : മാതൃഭൂമി*

*ആലപ്പുഴ : മലയാള മനോരമ*

*അരസിക്കര : എ പി എം സി, അരസിക്കര*

** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.